©
കേരള നിയമസഭാ സെക്രട്ടേറിയറ്റ്
2022

കേരള നിയമസഭാ പ്രിന്റിംഗ് പ്രസ്സ്.

**പതിനഞ്ചാം കേരള നിയമസഭ**

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി

# (2021-2023)

**പന്ത്രണ്ടാമത് റിപ്പോർട്ട്**

(2021 നവംബർ മാസം 9-ാം തീയതി സഭയിൽ സമർപ്പിച്ചത്)

**[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2004-05, 2006-07 മുതൽ 2011-12 എന്നീ വർഷങ്ങളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]**


കേരള നിയമസഭാ സെക്രട്ടേറിയറ്റ്

തിരുവനന്തപുരം

2021

പതിനഞ്ചാം  കേരള നിയമസഭ

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

## പന്ത്രണ്ടാമത് റിപ്പോർട്ട്

(2021 നവംബർ മാസം 9-ാം  തീയതി സഭയിൽ സമർപ്പിച്ചത് )

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2004-05, 2006-07  മുതൽ 2011-12 എന്നീ വർഷങ്ങളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുമായി  ബന്ധപ്പെട്ട ഓഡിറ്റ് ഖണ്ഡികകളെ അടിസ്ഥാനമാക്കിയുള്ളത്]

2067/2021.

# ഉള്ളടക്കം


| | | പേജ് |
|---|---|---|
| സമിതിയുടെ ഘടന | .. | v |
| മുഖവുര | .. | vii |
| റിപ്പോർട്ട് | .. | 1 |
| അനുബന്ധം I : | | |
| പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർ ശിപാർശകളും | .. | 72 |
| അനുബന്ധം II : | | |
| സർക്കാരിൽ നിന്നും ലഭിച്ച മറുപടി | .. | 89 |

# ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി
# (2021-2023)

**ഘടന**

<u>അദ്ധ്യക്ഷൻ</u> :

ശ്രീ. ടി. പി. രാമകൃഷ്ണൻ.

<u>അംഗങ്ങൾ</u> :

പ്രൊഫ. ആബിദ് ഹുസൈൻ തങ്ങൾ

ഡോ. എൻ. ജയരാജ്

ശ്രീ. കെ. പി. കുഞ്ഞമ്മദ് കുട്ടി മാസ്റ്റർ

ശ്രീ. ടി. ഐ. മധുസൂദനൻ

ശ്രീ. എ. സി. മൊയ്തീൻ

ശ്രീ. മോൻസ് ജോസഫ്

ശ്രീ. ഐ. ബി. സതീഷ്

ശ്രീ. ഷാഫി പറമ്പിൽ

ശ്രീ. ഇ. കെ. വിജയൻ

ശ്രീ. പി. സി. വിഷ്ണുനാഥ്.

<u>നിയമസഭാ സെക്രട്ടേറിയറ്റ്</u> :

ശ്രീ. എസ്. വി. ഉണ്ണികൃഷ്ണൻ നായർ, സെക്രട്ടറി

ശ്രീ. ഷാനവാസ് പി. പി., ജോയിന്റ് സെക്രട്ടറി

ശ്രീമതി ഷീന ശിവദാസ്, ഡെപ്യൂട്ടി സെക്രട്ടറി

ശ്രീമതി ദീപ എൻ. ജി., അണ്ടർ സെക്രട്ടറി.

# മുഖവുര

ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റിയുടെ അദ്ധ്യക്ഷനായ ഞാൻ, സമിതിയുടെ നിയോഗാനുസരണം സമിതി(2021-2023)യുടെ പന്ത്രണ്ടാമത് റിപ്പോർട്ട് സമർപ്പിക്കുന്നു.

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2004-05, 2006-07 മുതൽ 2011-12 എന്നീ വർഷങ്ങളിലെ കോഴിക്കോട് ജില്ലയിലെ ഗ്രാമപഞ്ചായത്ത്, ബ്ലോക്ക് പഞ്ചായത്ത്, ജില്ലാ പഞ്ചായത്ത് എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ അടിസ്ഥാനമാക്കി തയ്യാറാക്കിയിട്ടുള്ളതാണ് ഈ റിപ്പോർട്ട്.

2021 നവംബർ 2-ാം തീയതി ചേർന്ന യോഗത്തിൽ സമിതി ഈ റിപ്പോർട്ട് അംഗീകരിച്ചു.

ഓഡിറ്റ് ഖണ്ഡികകളുടെ പരിശോധനയിൽ സമിതിയ്ക്ക് ആവശ്യമായ സഹായ സഹകരണങ്ങൾ നൽകിയ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറോട് സമിതിക്കുള്ള നന്ദി രേഖപ്പെടുത്തുന്നു.

ടി. പി. രാമകൃഷ്ണൻ,

*അദ്ധ്യക്ഷൻ,*

*ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

തിരുവനന്തപുരം,
2021 നവംബർ 9.

# റിപ്പോർട്ട്

## കോഴിക്കോട് ജില്ലാപഞ്ചായത്ത്, കോഴിക്കോട് ജില്ലയിലെ ബ്ലോക്ക് പഞ്ചായത്തുകൾ, ഗ്രാമപഞ്ചായത്തുകൾ എന്നിവ സംബന്ധിച്ച്

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04, 2004-05, 2006-07 മുതൽ 2011-12 എന്നീ വർഷങ്ങളിലെ സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ടിട്ടുള്ള ഓഡിറ്റ് ഖണ്ഡികകൾ അടിസ്ഥാനമാക്കിയുള്ളത്]

ഓഡിറ്റ് ഖണ്ഡിക

**മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ**

| ഗ്രാമപഞ്ചായത്ത് | ഓഡിറ്റ് വർഷം | പരാമർശം | തുക |
|---|---|---|---|
| ചേളന്നൂർ | 2001-02 | 1.കുളങ്ങരക്കണ്ടിതാഴം ജലസേചന പദ്ധതി | 1,29,476 |
| തൂണേരി | 2001-02 | 1. മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും പ്രവൃത്തി ആരംഭിക്കാത്തത് | 1,34,855 |
| കൊടുവള്ളി | 2000-01 | 1. ഇടിവെട്ട്മല മണ്ണ് സംരക്ഷണ പദ്ധതി<br>2. മുക്രംതോട് ആർ.സി.ബി. നിർമ്മാണം | 2,56,946<br>5,52,255 |
| ബാലുശ്ശേരി | 2000-01 | 1. കാവിൽ തുരുത്തിമുക്ക് ഊരള്ളൂർ റോഡ് | 30,971 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.13]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

1. ചേളന്നൂർ ബ്ലോക്ക് പഞ്ചായത്തിലെ കുളങ്ങരക്കണ്ടിതാഴം ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് 2001-02 വർഷത്തിൽ നടപ്പിലാക്കിയ കുളങ്ങരക്കണ്ടിതാഴം ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ടതാണ് ഓഡിറ്റ് പരാമർശമെന്നും ടി പദ്ധതിയുടെ ഭാഗമായി രൂപീകരിച്ച ഗുണഭോക്തൃ സമിതിയുടെ മിനിട്സ് ബുക്ക്, ക്യാഷ് ബുക്ക്, വരവ് ചെലവ് കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയില്ല എന്നതാണ് ഓഡിറ്റ് പരാമർശമെന്നും 10-11-2018-ൽ പ്രാദേശിക ഓഡിറ്റ് പരിശോധനയിൽ പ്രസ്തുത ഫയലുകൾ പരിശോധിച്ചിരുന്നുവെന്നും 10-12-2008-ൽ കോഴിക്കോട് ഓഡിറ്റ് വകുപ്പിന്റെ ഉത്തരവ് പ്രകാരം പ്രസ്തുത പരാമർശം

ഒഴിവാക്കിയിരുന്നുവെന്നും 2013-ൽ ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കിയതായി പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ടി വിവരം ഗ്രാമവികസന കമ്മീഷണറെ രേഖാമൂലം അറിയിച്ചിട്ടുണ്ടെന്നും ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് ഹെഡ്ക്ലാർക്ക് സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

2. തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും ആരംഭിക്കാതിരുന്ന പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്ന് ഓഡിറ്റ് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

3. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഇടിവെട്ട്മല സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

4. മുക്രംതോട് ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് ആരാഞ്ഞതിന് മുക്രംതോടിന്റെ ആർ.സി.ബി. നിർമ്മാണ പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടെന്നും ടി വിവരം തദ്ദേശസ്വയംഭരണ വകുപ്പിനെ അറിയിച്ചിട്ടുണ്ടെന്നും കൺവീനറുടെ അറിവില്ലായ്മ മൂലമാണ് രേഖകൾ ശരിയായ രീതിയിൽ സൂക്ഷിക്കുവാനും, മസ്റ്റർ റോളിൽ തൊഴിലാളികൾക്ക് ഒപ്പ് രേഖപ്പെടുത്തുവാനും, 5 എച്ച്.പി. മോട്ടോർ ഉപയോഗിച്ച് വെള്ളം പമ്പ് ചെയ്തതിന് ദിവസക്കൂലി രേഖപ്പെടുത്തുവാനും കഴിയാതിരുന്നതെന്നും കാണിച്ച് 14-9-2012-ൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർക്ക് റിപ്പോർട്ട് നൽകുകയും ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുകയാണ് ഉണ്ടായതെന്നും കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് സെക്രട്ടറി (ഇൻ-ചാർജ് ) മറുപടി നൽകി.

5. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

6. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ കാവിൽതുരുത്തി മുക്ക് ഊരള്ളൂർ റോഡ് പ്രവർത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ആരോപണ വിധേയനായ കൺവീനറിൽ നിന്നും 30,971 രൂപ തിരിച്ചു പിടിക്കുവാൻ നോട്ടീസ് നൽകിയിട്ടുണ്ടെന്നും ടിയാൻ ഒരു മാസത്തിനകം തിരിച്ചടക്കാമെന്ന് ഉറപ്പ് നൽകിയിട്ടുണ്ടെന്നും ആയത് തിരിച്ചടയ്ക്കാത്തപക്ഷം ടിയാനെതിരെ ആർ.ആർ. നടപടി സ്വീകരിക്കുന്നതാണെന്നും ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. സമിതിയെ അറിയിച്ചു.

7. പ്രസ്തുത തുക തിരിച്ച് പിടിക്കുവാൻ പഞ്ചായത്ത് അധികൃതർ ത്വരിത നടപടി സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**8. കുളങ്ങരക്കണ്ടിതാഴം ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**9. തുണേരി ബ്ലോക്ക് പഞ്ചായത്തിൽ മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും ആരംഭിക്കാതിരുന്ന പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണെന്ന് സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**10. കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഇടിവെട്ട്മല സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**11. മുക്രംതോട് ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**12. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ കാവിൽതുറുത്തി മുക്ക് ഊരള്ളൂർ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോപണവിധേയനായ കൺവീനറിൽ നിന്നും നഷ്ടത്തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

കോഴിക്കോട് ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**മറ്റ് പരാമർശങ്ങൾ ഒറ്റനോട്ടത്തിൽ**

| ജില്ലാ പഞ്ചായത്ത് | ഓഡിറ്റ് വർഷം | വിവരം | തുക |
|---|---|---|---|
| (1) | (2) | (3) | (4) |
| കോഴിക്കോട് | 2000-01 | 1.ഇടപ്പറം ഹരിജൻ കോളനി റോഡ്-അധികച്ചെലവ്<br>2. ന്യൂ ഇൻഡ്യ സിറാമിക്സ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി-ചൂള നിർമ്മാണത്തിലും അനുബന്ധ സാധനങ്ങൾ വാങ്ങിയതിലുമുള്ള അപാകതകൾ | 32,571<br>3,11,304 |

| (1) | (2) | (3) | (4) |
|---|---|---|---|
| കോഴിക്കോട് | 2001-02 | 1. കോട്ടപ്പാടം കനാൽ നിർമ്മാണം | 18,26,550 |
| | | 2. ഇരിങ്ങല്ലൂർ കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ചകിരി അഴുകാൻ ടാങ്കുകൾ നിർമ്മിച്ചത് | 18,854 |
| | | 3. കിഴവനകുറ്റിയിൽ തോട് പരിഷ്ക്കരണം | 1,95,020 |
| | | 4. നെച്ചിക്കാട് കുളം സംരക്ഷണം | 2,45,000 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2003-04 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.5]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

13. ഇടപ്പുറം ഹരിജൻ കോളനി റോഡുമായും ന്യൂ ഇൻഡ്യാ സിറാമിക്സ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

14. കോട്ടപ്പാടം കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും സംസ്ഥാന ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയിട്ടുള്ള മറുപടി അംഗീകരിച്ചു.

15. ഇരിങ്ങല്ലൂർ കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിയ്ക്ക് ചകിരി അഴുകാൻ ടാങ്കുകൾ നിർമ്മിച്ചതുമായും കിഴവനക്കുറ്റിയിൽ തോട് പരിഷ്ക്കരണവുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി തീരുമാനിച്ചു.

16. നെച്ചിക്കാട് കുളം സംരക്ഷണവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് നെച്ചിക്കാട് കുളം സംബന്ധിച്ച മുനിസിപ്പാലിറ്റിയുടെ പക്കലുള്ള രേഖകൾ ലഭ്യമാണെന്നും 10 സെന്റ് സ്ഥലത്തിന്റെ ആസ്തി രജിസ്റ്ററിന്റെ പകർപ്പ് അയച്ചുതന്നിട്ടുണ്ടെന്നും കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. മറുപടി നൽകി. പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**17. സർക്കാർ ലഭ്യമാക്കിയ മറുപടികളുടെ അടിസ്ഥാനത്തിൽ ഇടപ്പുറം ഹരിജൻ കോളനി റോഡ്, ന്യൂ ഇൻഡ്യാ സിറാമിക്സ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**18. കോട്ടപ്പാടം കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

**19. ഇരിങ്ങല്ലൂർ കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ചകിരി അഴുകാൻ ടാങ്കറുകൾ നിർമ്മിച്ചതുമായും കിഴവനകുറ്റിയിൽ തോട് പരിഷ്കരണവുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**20.നെച്ചിക്കാട് കുളം സംരക്ഷണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**തൊഴിൽ പരിശീലന പദ്ധതികൾ പരാജയപ്പെട്ടു**

ഗ്രാമങ്ങളിലെ തൊഴിലില്ലായ്മ പരിഹരിക്കുന്നതിന് വിവിധ തൊഴിൽ മേഖലയിൽ പരിശീലനം നൽകുന്നതിന് പഞ്ചായത്തുകൾ പദ്ധതികൾ നടപ്പാക്കിവരുന്നുണ്ട്. ഇത്തരം പദ്ധതികളിൽ മിക്കതും ലക്ഷ്യം കാണാതെ പദ്ധതി തുക പാഴാകുന്നതായി കാണുന്നു. അംഗീകാരമില്ലാത്ത കോഴ്സുകളിൽ പരിശീലനം നൽകുകയും ചട്ടം ലംഘിച്ച് സ്വകാര്യ സ്ഥാപനങ്ങളെ പരിശീലന ചുമതല ഏൽപ്പിക്കുകയും ചെയ്യുന്നതുൾപ്പെടെ പദ്ധതികളുടെ പരാജയത്തിൽ നിരവധി കാരണങ്ങളുണ്ട്. വേണ്ടത്ര ആസൂത്രണവും ദീർഘവീക്ഷണ വുമില്ലാതെയും പരിശീലന പരിപാടികൾ സംഘടിപ്പിക്കുന്നതായും കാണുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

| പഞ്ചായത്തിന്റെ പേര് | ആകെ ചെലവ് | പ്രോജക്ട് | അപാകതയിൽ ഉൾപ്പെട്ട തുക | വീഴ്ചയുടെ സ്വഭാവം | ഓഡിറ്റ് റിപ്പോർട്ട് ഖണ്ഡിക |
|---|---|---|---|---|---|
| കൊടുവള്ളി | - | വനിതകൾക്ക് മൂന്ന് മാസ കമ്പ്യൂട്ടർ പരിശീലനം | 35,000 | അംഗീകാരമില്ലാത്ത സ്വകാര്യ സ്ഥാപനങ്ങളെ പരിശീലന ചുമതല ഏൽപ്പിച്ചു. | 2001-02 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2004-05 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.11.1(4)]

21. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി തീരുമാനിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**22. പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

### കോഴിക്കോട് ജില്ലാ പഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**രജിസ്റ്ററുകളുടെ സൂക്ഷിപ്പ്-അപാകതകൾ**

12-6-2003-ലെ ജി.ഒ. (പി) 319/2003/ഫിൻ. ഉത്തരവ് പ്രകാരം നിലവിൽ വന്ന പുതിയ അക്കൗണ്ടിംഗ് സമ്പ്രദായവുമായി ബന്ധപ്പെട്ട പ്രധാനപ്പെട്ട രജിസ്റ്ററുകൾ, തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ കാലികമായി എഴുതി സൂക്ഷിക്കുന്നില്ല.

കാഷ്ബുക്ക് എഴുതി ട്രഷറി അക്കൗണ്ടുമായി പൊരുത്തപ്പെടുത്തി സൂക്ഷിക്കുന്നില്ല. വിവിധ ക്ഷേമപദ്ധതികളുമായി ബന്ധപ്പെട്ട തുകകൾ ഗ്രാമപഞ്ചായത്ത് നേരിട്ട് പിൻവലിച്ച് ചെലവഴിക്കുന്നുണ്ടെങ്കിലും ആയത് സബ്സിഡിയറിയായി കാഷ് ബുക്കിലേയ്ക്ക് മാറ്റി ദൈനംദിന ട്രഷറി, ബാങ്ക് അക്കൗണ്ടുകളുമായി പൊരുത്തപ്പെടുത്തുന്നില്ല. പൊതുമരാമത്ത് പ്രവൃത്തികളുടെ നിർവ്വഹണവുമായി ബന്ധപ്പെട്ട ലക്ഷക്കണക്കിനു രൂപ മൊബിലൈസേഷൻ അഡ്വാൻസ്, സെക്യേർഡ് അഡ്വാൻസ് തുടങ്ങിയ വകയിൽ ഗുണഭോക്തൃ സമിതി കൺവീനർമാർക്ക് നൽകുന്നുണ്ടെങ്കിലും ആയതിന്റെ വിശദവിവരങ്ങൾ കാണിക്കുന്ന രജിസ്റ്ററുകൾ സൂക്ഷിക്കുന്നില്ല. അതുപോലെതന്നെ പഞ്ചായത്ത് ഭരണസമിതി അംഗങ്ങൾക്കും ജീവനക്കാർക്കും ശമ്പളം, അഡ്വാൻസ്, യാത്രാബത്ത ഇനങ്ങളിൽ മുൻകൂർ നൽകുന്നുണ്ടെങ്കിലും അതും അഡ്വാൻസ് രജിസ്റ്ററിൽ കാണിച്ച് അതിന്റെ തിരിച്ചുപിടിക്കൽ ഉറപ്പ് വരുത്തുന്നില്ല. പൊതുമരാമത്ത് പ്രവർത്തികൾക്കായി പഞ്ചായത്ത് ലക്ഷക്കണക്കിനു രൂപ ചെലവഴിച്ച് ടാർ വാങ്ങി കരാറുകാർക്ക്/കൺവീനർമാർക്ക് നൽകിയിട്ടുണ്ടെങ്കിലും ആയതിന്റെ വിശദാംശങ്ങൾ കാണിക്കുന്ന രജിസ്റ്റർ സൂക്ഷിക്കുന്നില്ല.

ഡെപ്പോസിറ്റ് രജിസ്റ്റർ, കെട്ടിട നികുതി, നിർണ്ണയ രജിസ്റ്റർ, കെട്ടിടനിർമ്മാണ പെർമിറ്റ് രജിസ്റ്റർ എന്നിവയും ശരിയാംവിധം എഴുതി സൂക്ഷിക്കുന്നില്ല. ഡെപ്പോസിറ്റ് രജിസ്റ്റർ ശരിയാംവിധം എഴുതി സൂക്ഷിക്കാത്തതിനാൽ ഡെപ്പോസിറ്റ് റീഫണ്ട് ചെയ്യേണ്ടതിന്റെ കൃത്യത ഉറപ്പുവരുത്താൻ കഴിയില്ല. അതുപോലെ കെട്ടിട നിർമ്മാണ പെർമിറ്റ് രജിസ്റ്റർ ആവശ്യമായ വിവരങ്ങൾ ബന്ധപ്പെട്ട കോളത്തിൽ കാണിച്ച് ശരിയാംവിധം

എഴുതി സൂക്ഷിക്കാത്തതിനാൽ നിർമ്മാണം പൂർത്തിയാക്കിയ കെട്ടിടങ്ങൾക്ക് യഥാസമയം കെട്ടിട നികുതി ചുമത്തുന്നതിനും പഞ്ചായത്തിന് കഴിയാതെവരുന്നു. വിശദവിവരം താഴെ കൊടുക്കുന്നു:

| സ്ഥാപനം<br>വർഷം/ഖണ്ഡിക | അപാകത |
|---|---|
| ജില്ലാ പഞ്ചായത്ത്, കോഴിക്കോട്<br>2002-03 2(4)<br>(ചെലവ്) | വാഹനങ്ങളുടെ അറ്റകുറ്റപ്പണി, സ്റ്റോക്ക് സംബന്ധിച്ച രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ല. ലോഗ് ബുക്കിൽ മുഴുവൻ വിവരവും രേഖപ്പെടുത്തുന്നില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.3]

ഓഡിറ്റ് ഖണ്ഡികയ്ക്ക് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

23.കോഴിക്കോട് ജില്ലാ പഞ്ചായത്ത് ഓഫീസിൽ നിലവിൽ സാംഖ്യ സോഫ്റ്റ്‌വെയർ ഉപയോഗിക്കുന്നതിനാൽ കണക്കുകളും രജിസ്റ്ററുകളും ഏറെക്കുറെ കുറ്റമറ്റതാണെന്നും 2017-18 വരെയുള്ള വർഷങ്ങളിലെ ധനകാര്യ പത്രികകൾ ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ട് എന്നുമുള്ള ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ട് അംഗീകരിച്ച സമിതി പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**24. ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സ്റ്റോർ പർച്ചേസ് വ്യവസ്ഥകൾ പാലിക്കാതെ സാധനങ്ങൾ വാങ്ങുന്നത് ക്രമവിരുദ്ധം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്കാവശ്യമായ സാധനസാമഗ്രികൾ കേരള സ്റ്റോർ പർച്ചേസ് മാന്വലിലെ വ്യവസ്ഥകൾ പൂർണ്ണമായും പാലിക്കാതെയാണ് വാങ്ങിക്കുന്നത്. 20,000 രൂപയിൽ കൂടിയ പർച്ചേസുകൾക്ക് ടെണ്ടർ ക്ഷണിക്കണമെന്നും ആയതിന് പത്രപരസ്യം നൽകണമെന്നും നിഷ്കർഷിക്കുന്നുണ്ടെങ്കിലും പല പഞ്ചായത്തുകളും ഇപ്രകാരം പ്രവർത്തിക്കുന്നില്ല. ടെണ്ടറുകൾക്ക് പകരം ക്വട്ടേഷൻ ക്ഷണിക്കുന്നതായും, ടെണ്ടർ/

ക്വട്ടേഷൻ ക്ഷണിക്കുമ്പോൾ വാങ്ങിക്കുന്ന സാധനത്തിന്റെ പ്രത്യേക ബ്രാൻഡ് ആവശ്യപ്പെടുന്നതായും റേറ്റ് കോൺട്രാക്ട് നിലവിലുള്ള സാധനങ്ങൾ, മറ്റ് സ്ഥാപനങ്ങളിൽ നിന്നും വാങ്ങിക്കുന്നതായും വാങ്ങിയ സാധനങ്ങൾ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തി വിതരണം ചെയ്തതായും പല പഞ്ചായത്തുകളിലേയും ഓഡിറ്റ് പരിശോധനയിൽ കാണുന്നു. അപാകത സംബന്ധിച്ച വിശദവിവരം താഴെ കൊടുക്കുന്നു:

| സ്ഥാപനം/വർഷം/ ഖണ്ഡിക | ഇനം | ചെലവഴിച്ച തുക | അപാകതകൾ |
|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2002-03 (ചെലവ്)2/8 | സ്കൂളുകൾക്ക് ഫർണിച്ചർ | 1,75,000 | റേറ്റ് കോൺട്രാക്ട് ഉള്ള സ്ഥാപനത്തെ ഒഴിവാക്കി മറ്റ് സ്ഥാപനത്തിൽ നിന്നും ക്വട്ടേഷൻ പ്രകാരം ബെഞ്ചും ഡസ്കും വാങ്ങി |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.13]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

25. റേറ്റ് കോൺട്രാക്റ്റ് ഉണ്ടായിരുന്നിട്ടും ഓപ്പൺ മാർക്കറ്റിൽ നിന്നും ക്വട്ടേഷൻ മുഖേന സാധനങ്ങൾ വാങ്ങി എന്നാണ് സൂചിപ്പിച്ചിരിക്കുന്നതെന്ന് അഭിപ്രായപ്പെട്ട സമിതി റേറ്റ് കോൺട്രാക്റ്റിൽ നിന്നും കുറഞ്ഞ വിലയ്ക്കാണോ സാധനങ്ങൾ ലഭിച്ചതെന്നും സാധനങ്ങൾക്ക് ഗുണമേന്മ ഉണ്ടായിരുന്നോ എന്നും ആരാഞ്ഞതിന് റേറ്റ് കോൺട്രക്റ്റിൽ നിന്നും കുറഞ്ഞ വിലയ്ക്കാണ് സാധനങ്ങൾ ലഭിച്ചതെന്നും, സാധനങ്ങൾ വാങ്ങിയിട്ട് 10 വർഷത്തിൽ കൂടുതലായെന്നും നിലവിൽ അവ നല്ല രീതിയിൽ ഉപയോഗിച്ചു വരികയാണെന്നും കോഴിക്കോട് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. സെക്രട്ടറിയുടെ മറുപടി സമിതി അംഗീകരിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**26. ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്ക്-പ്രവൃത്തി പൂർത്തിയാക്കിയിട്ടില്ല**

വിവിധ കുടിവെള്ള/സാമൂഹ്യ ജലസേചന പദ്ധതികളുടെ വൈദ്യുതീകരണം, പൈപ്പ് ലൈൻ നീട്ടൽ പ്രവൃത്തി എന്നിവയ്ക്കായി ഗ്രാമപഞ്ചായത്ത് താഴെ വിശദീകരിച്ച പ്രകാരം ലക്ഷക്കണക്കിന് രൂപ കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി എന്നിവയിൽ നിക്ഷേപിച്ചതായി കാണുന്നു. എന്നാൽ പ്രവൃത്തി ഓഡിറ്റ് തീയതി വരെ പൂർത്തിയാക്കിയിട്ടില്ല. ഇക്കാര്യത്തിൽ പഞ്ചായത്തുകൾ യാതൊരു തുടർ നടപടികളും സ്വീകരിച്ചിട്ടില്ല. ആയതിനാൽ ചെലവഴിച്ച തുക പാഴ്ചെലവായി മാറുകയും പഞ്ചായത്ത് അടച്ച തുക അതത് സ്ഥാപനങ്ങളുടെ ഫണ്ടിൽ കിടക്കുകയുമാണ്. മാത്രമല്ല കുടിവെള്ള പ്രശ്നം പരിഹരിക്കുക, ജലസേചന സൗകര്യമേർപ്പെടുത്തുക എന്നീ പഞ്ചായത്തുകളുടെ ലക്ഷ്യം കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്തിരിക്കുന്നു. വിശദവിവരങ്ങൾ താഴെ കൊടുക്കുന്നു:

| സ്ഥാപനം/ വർഷം/ ഖണ്ഡിക | പ്രവൃത്തി | ഡെപ്പോസിറ്റ് തുക (രൂപ) | ഡെപ്പോസിറ്റ് ചെയ്ത സ്ഥാപനം | റിമാർക്സ് |
|---|---|---|---|---|
| ജില്ലാ പഞ്ചായത്ത് 2002-03 2/10 (ചെലവ്) | ഗ്രാമീണ വൈദ്യുതീകരണം (വിവിധ പഞ്ചായത്തുകൾ) | 72,65,320 | കെ.എസ്.ഇ.ബി. | എസ്റ്റിമേറ്റ്, കരാർ, സ്റ്റാമ്പ് പതിച്ച രസീത് എന്നിവയില്ല |
| ജില്ലാ പഞ്ചായത്ത് 2002-03 2/11 | കോളനി വൈദ്യുതീകരണം (4 എണ്ണം) | 23,08,490 | കെ.എസ്.ഇ.ബി. | എസ്റ്റിമേറ്റ്, കരാർ, സ്റ്റാമ്പ് പതിച്ച രസീത് എന്നിവയില്ല |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.79.15]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

27. കെ.എസ്.ഇ.ബി.യുടെ പദ്ധതി പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോ എന്ന സമിതി ചോദ്യത്തിന് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും, നാളിതുവരെയും രസീത് സമർപ്പിച്ചിട്ടില്ലായെന്നാണ് ഓഡിറ്റ് പരാമർശമെന്നും, രസീത് സമർപ്പിക്കാൻ കഴിഞ്ഞില്ലെങ്കിലും പഞ്ചായത്ത് കംപ്ലീഷൻ സർട്ടിഫിക്കറ്റ് വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി ജില്ലാ പഞ്ചായത്ത് സമിതിയെ അറിയിച്ചു. തുടർന്ന് പദ്ധതി പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

**28. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**സർക്കാർ നിർദ്ദേശങ്ങൾ, ചട്ടങ്ങൾ/സബ്സിഡി മാനദണ്ഡങ്ങൾ പാലിച്ചില്ല**

ജനകീയാസൂത്രണം, കേരള വികസന പദ്ധതി എന്നിവയുമായി ബന്ധപ്പെട്ട് അതത് സമയങ്ങളിൽ നിലവിലുള്ള സർക്കാർ നിർദ്ദേശങ്ങൾ, പൊതുമരാമത്ത് ചട്ടങ്ങൾ, സബ്സിഡി മാനദണ്ഡങ്ങൾ എന്നിവ പാലിക്കാതെ പദ്ധതി പണം ചെലവഴിച്ച നിരവധി കേസുകൾ കാണുന്നുണ്ട്. സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ ഇൻഷ്വറൻസ് പ്രീമിയം അടക്കുക, ജില്ലാതല ടെക്നിക്കൽ കമ്മിറ്റി യൂണിറ്റ് കോസ്റ്റ് നിശ്ചയിക്കാതെ ജലസേചന കിണറുകൾക്ക് സബ്സിഡി നൽകുക, ചട്ടവിരുദ്ധമായി ബ്ലോക്ക് പഞ്ചായത്തുകൾ എസ്.ജി.ആർ.വൈ. സ്കീമിൽ റോഡ് ടാറിംഗ് പ്രവൃത്തി ഏറ്റെടുക്കുക, ഡി.പി.സി.യുടെ അംഗീകാരത്തിനു വിരുദ്ധമായി പ്രോജക്ടുകൾ നടപ്പിലാക്കുക എന്നിവ ഉദാഹരണങ്ങളാണ്. ഇത്തരത്തിലുള്ള ഏതാനും ഉദാഹരണങ്ങൾ താഴെകൊടുക്കുന്നു:

| സ്ഥാപനം/വർഷം/ ഖണ്ഡിക | ഇനം | ഉൾപ്പെട്ട തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2002-03 (ചെലവ്) 2/46 | അഴിയൂർ ഗവണ്മെന്റ് ഹയർ സെക്കന്ററി സ്കൂൾ ലാബോറട്ടറി കെട്ടിട നിർമ്മാണം | 18,717 | ഊരാളുങ്കൽ ലേബർ കോൺട്രാക്ട് സൊസൈറ്റിയെ ഗുണഭോക്തൃ സമിതിയായി കണക്കാക്കി ചട്ടങ്ങൾക്ക് വിരുദ്ധമായി മൊബിലൈസേഷൻ (50000) അനുവദിച്ചു. നികുതി തുകകൾ ഈടാക്കിയില്ല. |
| ജില്ലാ പഞ്ചായത്ത് (ചെലവ്) 2002-03 2/20 2002-03 2/12 | സ്കൗട്ട് ഗൈഡ്/ ജെ.ആർ.സി. പരിശീലനം ഗ്രാമീണ വൈദ്യുതീകരണ പദ്ധതി | 39,150<br><br>22,15,305 | ഡി.പി.സി. നിർദ്ദേശം അവഗണിച്ച് ജെ.ആർ.സി. പരിശീലനത്തിന് തുക ചെലവാക്കി. ഗ്രാമീണ വൈദ്യുതീകരണ പ്രോജക്ടിൽ അംഗീകാരം ലഭിച്ച 96,00,000 രൂപയ്ക്ക് പകരം 1,18,15,305 രൂപ ചെലവഴിച്ചു. അംഗീകാരമില്ലാതെ ചട്ടവിരുദ്ധമായി പ്ലാൻ ഫണ്ടിൽ നിന്നും ചെലവഴിച്ച 22,15,305 രൂപയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങേണ്ടതാണ്. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.79.16]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

29. അഴിയൂർ ഗവൺമെന്റ് ഹയർ സെക്കന്ററി സ്കൂൾ ലബോറട്ടറിയുടെ പ്രവൃത്തി പൂർത്തിയായിട്ടുണ്ടോ എന്ന സമിതി ചോദ്യത്തിന് ഊരാളുങ്കൽ ലേബർ കോൺട്രാക്ട് കോ-ഓപ്പറേറ്റീവ് സൊസൈറ്റിയാണ് പ്രസ്തുത പ്രവൃത്തി ചെയ്തതെന്നും പ്രവൃത്തി പൂർത്തിയായിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

30. സ്കൗട്ട് ആന്റ് ഗൈഡ്സ് (ജെ.ആർ.സി.) പരിശീലനം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ ഡി.പി.സി നിർദ്ദേശപ്രകാരം ജെ.ആർ.സി. കൗൺസിലർക്ക് പരിശീലനം എന്ന ഘടകം ഒഴിവാക്കുകയും ജെ.ആർ.സി. കേഡറ്റുകൾക്ക് പരിശീലനം എന്ന പദ്ധതി നടപ്പിലാക്കുകയുമാണ് ചെയ്തിട്ടുള്ളതെന്നും ഇതിൻ പ്രകാരം 571 പേർക്ക് പരിശീലനം നൽകിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**31. ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുൻകൂർ കൈപ്പറ്റി നിശ്ചിത സമയത്തിനകം പ്രവൃത്തി പൂർത്തീയാക്കിയില്ല**

ഗുണഭോക്തൃ സമിതി മുഖേന പദ്ധതികൾ നടത്തുന്നതിലേയ്ക്ക് മുൻകൂർ കൈപ്പറ്റിയ ശേഷം എഗ്രിമെന്റിൽ നിഷ്കർഷിക്കുന്ന തീയതിക്കുള്ളിൽ പണികൾ പൂർത്തിയാകാതെ മുടങ്ങിക്കിടക്കുന്ന ധാരാളം കേസുകൾ കാണുന്നുണ്ട്. ഒ.പി. നമ്പർ 1072/01 തീയതി 10-8-2001 ഓംബുഡ്സ്മാന്റെ വിധിയിൽ നിശ്ചിത തീയതിക്കുള്ളിൽ പ്രവൃത്തി ആരംഭിച്ചില്ലെങ്കിൽ കൺവീനർമാരിൽ നിന്നും തുക തിരിച്ചുപിടിക്കേണ്ടതാണെന്നും നിശ്ചിത തീയതിക്കുമേൽ തുകയുടെ 18% പലിശ ചുമത്തേണ്ടതാണെന്നും ഉത്തരവായിട്ടുണ്ട്. ഗവ. സർക്കുലർ നമ്പർ 10703/ഡി.പി. 03/03/ത.സ്വ.ഭ.വ. തീയതി 27-3-2003 പ്രകാരം അഡ്വാൻസ് തുക കൈപ്പറ്റി പണിപൂർത്തിയാക്കാത്ത ഗുണഭോക്തൃസമിതി കൺവീനർമാരിൽ നിന്നും അഡ്വാൻസ് തുക 12% പലിശ സഹിതം തിരിച്ചു പിടിക്കേണ്ടതാണെന്നും പ്രസ്തുത തുക റവന്യൂ റിക്കവറി മുഖേന തിരിച്ചുപിടിക്കുമ്പോൾ 18% പലിശ ഈടാക്കേണ്ടതാണെന്നും നിഷ്കർഷിക്കുന്നുണ്ട്. എന്നാൽ മുൻകൂർ കൈപ്പറ്റി വർഷങ്ങളായിട്ടും യാതൊരു പ്രവൃത്തിയും നടക്കാത്ത കേസുകളുണ്ടായിട്ടും തുക

തിരിച്ചുപിടിക്കാൻ യാതൊരു നടപടിയും സ്വീകരിച്ചു കാണുന്നില്ല. വിശദവിവരങ്ങൾ താഴെ പറയുന്നു:

| സ്ഥാപനം വർഷം/ഖണ്ഡിക | പ്രവൃത്തി | മുൻകൂർ നൽകിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|
| ബാലുശ്ശേരി 2002-03 3(4) | ജെ.ജി.എസ്.വൈ. പദ്ധതികൾ | 34,800 | 5 പ്രവൃത്തികൾ മുൻകൂർ കൈപ്പറ്റിയിട്ടും പൂർത്തിയാക്കിയിട്ടില്ല. |
| ചെറുവണ്ണൂർ (2002-03 2(24) | പുറക്കാമല ടാങ്ക് | 27,000 | മൊബിലൈസേഷൻ അഡ്വാൻസ് കൈപ്പറ്റിയെങ്കിലും പ്രവൃത്തി തുടങ്ങിയിട്ടില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്, ഓഡിറ്റ് ഖണ്ഡിക 3.79.17]

32. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട് ഓഡിറ്റ് ഖണ്ഡികയിൽ സൂചിപ്പിച്ചിട്ടുള്ള പരാമർശം ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട വിഷയമല്ലെന്നും പരാമർശ വിധേയമായ പുറക്കാമല ടാങ്കിന്റെ പ്രവൃത്തി പൂർത്തീകരിച്ചതിന്റെ വിവരമോ പ്രവൃത്തിക്കായി മുൻകൂർ നല്കിയ 27,000 രൂപ പലിശ സഹിതം ഈടാക്കുവാൻ സ്വീകരിച്ച നടപടി സംബന്ധിച്ച വിവരമോ നാളിതുവരെ ഭരണ വകുപ്പിന് ഹാജരാക്കിയിട്ടില്ലെന്നും നിരീക്ഷിച്ച സമിതി പ്രസ്തുത വിവരങ്ങൾ പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ ഭരണ വകുപ്പ് മുഖേന ഓഡിറ്റ് വകുപ്പിന് റിപ്പോർട്ട് കൈമാറണമെന്ന് കോഴിക്കോട് കോർപ്പറേഷൻ ചെറുവണ്ണൂർ സോണൽ റവന്യൂ ഓഫീസറോട് ആവശ്യപ്പെട്ടു.

33. ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ പരാമർശവിധേയമായ പഞ്ചായത്ത് കെട്ടിട സ്റ്റേജ് നിർമ്മാണം, ചന്ദനംകണ്ടിതാഴെ കോളനി റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും ആയത് സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പ് ലഭ്യമാക്കി യിട്ടുണ്ടെന്നും നിരീക്ഷിച്ച സമിതി പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുന്നതിന് തീരുമാനിച്ചു.

34. കോണങ്കോട്ടുമല ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ പദ്ധതിയുമായി ബന്ധപ്പെട്ട രേഖകൾ കണ്ടെത്തുവാൻ കഴിയാത്തതിനാൽ ഓഡിറ്റ് വകുപ്പിന് ഹാജരാക്കുവാൻ സാധിച്ചിട്ടില്ലെന്നും എഞ്ചിനീയർ ഫീൽഡ് പരിശോധന നടത്തിയിട്ടുണ്ടെന്നും

വാല്യുവേഷൻ റിപ്പോർട്ട് ഒരാഴ്ചയ്ക്കുള്ളിൽ ഹാജരാക്കുന്നതാണെന്നും ഗ്രാമപഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകിയതിന്റെ അടിസ്ഥാനത്തിൽ എഞ്ചിനീയറുടെ വാല്യുവേഷൻ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് ഓഡിറ്റ് തടസ്സം ഒഴിവാക്കാവുന്നതാണെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**35.ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള പുറക്കാമല ടാങ്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പ്രവൃത്തിക്കായി ചെലവാക്കിയ തുക, മുൻകൂർ നൽകിയ തുക ഇവ പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് വഴി റിപ്പോർട്ട് ലഭ്യമാക്കുവാൻ കോഴിക്കോട് കോർപ്പറേഷൻ-ചെറുവണ്ണൂർ സോണൽ ഓഫീസറോട് സമിതി നിർദ്ദേശിക്കുന്നു. ബാലുശ്ശേരി പഞ്ചായത്തിലെ പഞ്ചായത്ത് കെട്ടിടം സ്റ്റേജ് നിർമ്മാണം, ചന്ദനംകണ്ടിതാഴെ കോളനി റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

**36. കോണങ്കോട്ടുമല ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്നമുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ആരംഭിച്ച പദ്ധതി പൂർത്തിയാക്കിയില്ല/ഉപേക്ഷിച്ചു**

ജനകീയാസൂത്രണം/കേരള വികസന പദ്ധതിയിൻ കീഴിൽ നിർവഹണം തുടങ്ങിയ മരാമത്ത് പ്രവൃത്തികൾ പല ഘട്ടങ്ങളിലായി പ്രവൃത്തി മുടങ്ങിക്കിടക്കുന്നതായും പാതിവഴിയിൽ ഉപേക്ഷിച്ചതായും കാണുന്നു. ഇതുവഴി പദ്ധതിപണം പാഴായിപ്പോകുകയാണ്. മുൻകൂർ, പാർട്ട്ബിൽ എന്നിവ കൈപ്പറ്റിയ ശേഷം പിന്നീട് യാതൊരു പ്രവൃത്തിയും നടത്തുന്നില്ല. വിവിധ കുടിവെള്ള പദ്ധതികൾക്കായി മോട്ടോറും പൈപ്പും വാങ്ങിയശേഷം തുടർപ്രവർത്തനങ്ങൾ നടത്താതെ യന്ത്രസാമഗ്രികൾ തുരുമ്പെടുത്തതായും വിശദമായ പഠനങ്ങൾ നടത്തി ജലലഭ്യത ഉറപ്പുവരുത്താതെ കിണറുകൾ കുഴിച്ച് ജലലഭ്യതക്കുറവുമൂലം പദ്ധതി ഉപേക്ഷിക്കുന്നതായും കാണുന്നു. വ്യവസായ എസ്റ്റേറ്റുകൾ, അംഗനവാടി കെട്ടിടങ്ങൾ എന്നിവയുടെ പ്രവൃത്തികൾ ഇപ്രകാരം പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിച്ചതായി കാണുന്നുണ്ട്. വിശദവിവരങ്ങൾ താഴെ പറയുന്നു:

| സ്ഥാപനം<br>വർഷം/ഖണ്ഡിക | പ്രോജക്ട്/<br>അടങ്കൽ | ചെലവഴിച്ച<br>തുക (രൂപ) | റിമാർക്സ് |
|---|---|---|---|

| (1) | (2) | (3) | (4) |
|---|---|---|---|
| 1. ബേപ്പൂർ 2002-03 (19) | മാത്തോട്ടം ശുദ്ധജലവിതരണ പദ്ധതി (1,80,500 രൂ.) | 66,784 | കിണർ കുഴിച്ചെങ്കിലും മോട്ടോർ, പൈപ്പ് എന്നിവ വാങ്ങിയത് ഉപയോഗിച്ചില്ല. പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 2. കൊടിയത്തൂർ 2002-03 3(9) | സാംസ്കാരിക നിലയം (50,000) | 32,450 | കൺവീനർക്ക് പാർട്ട് ബിൽ തുക നൽകി. പൂർത്തീകരണവിവരമില്ല |
| 3. കൊടിയത്തൂർ 2002-03 3(10) | മാവായി തോണിച്ചാൽ റോഡ് പ്രവർത്തി | 48,750 | കൺവീനർക്ക് പാർട്ട് ബിൽ തുക നൽകി. പൂർത്തീകരണവിവരമില്ല |
| 4. കുന്ദമംഗലം 2003-04 2(20) | ജലസേചന കിണർ (3,73,860) | 44,860 | ഒരു കിണർ ഇടിഞ്ഞുപോയി (അളവെടുത്തിട്ടില്ല). ഒരു കിണർ പാറയായതിനാൽ ഉപേക്ഷിച്ചു. |
| 5. അത്തോളി 2004-05 3(2) | കുടിവെള്ള/ജലസേചന പദ്ധതികൾ | 14,94,780 | 1998-99 മുതൽ 2000-01 വരെ 5 പദ്ധതികൾക്കായി ചെലവഴിച്ചു. പൂർത്തീകരിച്ചില്ല. |
| 6. കുന്ദമംഗലം 2001-02 3(7) | അമ്പ്രമ്മൽ കോളനി റോഡ് പരിഷ്കരണം (50,000) | 29,580 | കോളനി റോഡ് പരിഷ്കരണം ഫൈനൽ ബിൽ തയ്യാറാക്കിയിട്ടില്ല. പൂർത്തീകരണ വിവരമില്ല. പ്രവർത്തിയെക്കുറിച്ചുള്ള പരാതിയിന്മേൽ തുടർനടപടിയില്ല. |
| 7. പേരാമ്പ്ര 2001-02 3(2) | ഹൈസ്കൂൾ പാറപ്പുറം കോളനി റോഡ് പരിഷ്കരണം (50,000) | 43,000 | കൺവീനർക്ക് മൊബിലൈസേഷൻ അഡ്വാൻസ് നൽകി. പ്രവൃത്തി പൂർത്തികരിച്ചതിന് രേഖയില്ല. തുക തിരികെ ഈടാക്കിയില്ല |
| (1) | (2) | (3) | (4) |

| | | | |
|---|---|---|---|
| 8. കാവിലുമ്പാറ 2003-04 3(4) | ചീളിയാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി (2,10,000) | 48,085 | പ്രവൃത്തി പൂർത്തീകരിക്കാതെ ഉപേക്ഷിച്ചു. |
| 9. കാവിലുമ്പാറ 2003-04 3(4)(2) | കമ്പോസ്റ്റ് നിർമ്മാണം | 3,53,717 | പിറ്റ് നിർമ്മിച്ചു. കമ്പോസ്റ്റ് നിർമ്മാണം നടന്നില്ല. ട്രാക്ടറിനോടൊപ്പം വാങ്ങിയ അനുബന്ധ ഉപകരണങ്ങൾ പഞ്ചായത്താഫീസിൽ തുരുമ്പെടുത്ത് നശിച്ചു. |
| 10. നന്മണ്ട 2002-03 3(10) | കുടിവെള്ള പദ്ധതികൾ (4 എണ്ണം) | 4,43,875 | 2000-2001-ൽ ആരംഭിച്ച പദ്ധതികൾ പൂർത്തിയായില്ല. തുക പാഴായി. |
| 11. താമരശ്ശേരി 2002-03 3(22) | ചുണ്ടക്കുന്ന് ജലസേചന കിണർ | 1,02,561 | 1998-99 ൽ ആരംഭിച്ച പദ്ധതികൾ പൂർത്തിയായില്ല. തുക പാഴായി. |
| 12. ചക്കിട്ടപ്പാറ 2002-03 (31) | പറമ്പൻ സാമൂഹ്യ ജലസേചന പദ്ധതി | 2,18,455 | പൂർത്തിയായില്ല. |
| 13. ചാത്തമംഗലം 2003-04 3 (9) | വിവിധ പ്രവൃത്തികൾ 22 | 28,44,958 | 22 പ്രവൃത്തികൾ പൂർത്തികരിക്കാതെ തുക പാഴാവുന്നു. മോട്ടോർ, അനുബന്ധ സാമഗ്രികൾ എന്നിവ ഗ്യാരന്റി കാലാവധി കഴിഞ്ഞ് ഉപയോഗ യോഗ്യമല്ലാതാകുന്നു. ഗുണഭോക്തൃ സമിതി കൺവീനർ/അംഗങ്ങൾക്കെതിരെ നടപടിയില്ല. |
| 14. ഉണ്ണിക്കുളം 2002-03(13) | കമ്യൂണിറ്റിഹാൾ നിർമ്മാണം (13,80,000) | | അടങ്കൽ 13,80,000 രൂപയിൽ നിന്നും 15,77,000 രൂപയായി ഉയർത്തി. 8,76,215 രൂപ ചെലവഴിച്ചതായി ഫയലിൽ |
| (1) | (2) | (3) | (4) |

| | | | |
|---|---|---|---|
| | | | കുറിപ്പ് കാണുന്നുണ്ടെങ്കിലും വിശദാംശങ്ങൾ ലഭ്യമല്ല. പ്രവൃത്തിയെപ്പറ്റി വാർഡ് മെമ്പർ പരാതി ഉന്നയിച്ചതിനെ തുടർന്ന് വിദഗ്ധ എഞ്ചിനീയറെക്കൊണ്ട് അന്വേഷണങ്ങൾ നടത്താൻ പഞ്ചായത്ത് തീരുമാനമെടുത്തി ട്ടുണ്ടെങ്കിലും റിപ്പോർട്ട് ഫയലില്ല. പദ്ധതികൾ പൂർത്തീകരിച്ചില്ല. |
| 15. കാവിലുമ്പാറ 2002-03 3(4) | ചാത്തൻകോട് നട പട്ടികവർഗ്ഗ കോളനി പൊതുകിണർ | 8,000 | മുൻകൂർ നൽകിയതല്ലാതെ യാതൊരു പ്രവൃത്തിയും നടത്തിയിട്ടില്ല. |
| 16. കാവിലുമ്പാറ 2002-03 3(7) | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ | 88,678 | ജലലഭ്യത ഉറപ്പുവരുത്താതെ ഇറിഗേഷൻ പദ്ധതിയ്ക്ക് കുളം നിർമ്മിച്ചു. പദ്ധതി ലക്ഷ്യം കൈവരിച്ചില്ല |
| 17. ചെറുവണ്ണൂർ നല്ലളം 2002-03 2(11) | മുയിപ്പോത്ത് അഴുക്കുചാൽ സ്ലാബിട്ടു മൂടൽ | 71,500 | പാർട്ട്ബിൽ നൽകി 3 വർഷം കഴിഞ്ഞിട്ടും പ്രവൃത്തി പൂർത്തീകരിച്ചില്ല. |
| 18. ജില്ലാപഞ്ചായത്ത് 2002-03 2(9) (ചെലവ്) | വഴോറമല എസ്.സി.കോളനി ശുദ്ധജല പദ്ധതി | 9,05,594 | 1997-98 ൽ ആരംഭിച്ച പദ്ധതിയുടെ ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. പൂർത്തീകരണ വിവരമില്ല. |
| 19. ജില്ലാപഞ്ചായത്ത് 2002-03 2(23) (ചെലവ്) | ബാക്ടീരിയോളജി ക്കൽ ലാബ് സ്ഥാപിക്കൽ | 2,96,537 | 1999-2000-ൽ ആരംഭിച്ച പദ്ധതിയിൽ 2002-03 വരെയായി ഫർണിച്ചർ, ഉപകരണങ്ങൾ എന്നിവ വാങ്ങിയെങ്കിലും ലാബ് പ്രവർത്തനക്ഷമമായില്ല. |
| (1) | (2) | (3) | (4) |

| | | | |
|---|---|---|---|
| 20. ജില്ലാപഞ്ചായത്ത് 2002-03 2(26) (ചെലവ്) | അംഗനവാടി കെട്ടിടനിർമ്മാണം 4 | 5,00,000 | 4 ഗ്രാമപഞ്ചായത്തുകൾക്കായി നൽകി. വിനിയോഗ പൂർത്തീകരണ വിവരമില്ല. |
| 21. ജില്ലാപഞ്ചായത്ത് 2002-03 2(30) (ചെലവ്) | ഭവന നിർമ്മാണം | 15,41,750 | 5 ബ്ലോക്ക് പഞ്ചായത്തുകൾക്കായി നൽകി. വിനിയോഗ വിവരമില്ല. അംഗീകരിച്ച പ്രോജക്ട്, ഗുണഭോക്തൃലിസ്റ്റ് എന്നിവ ലഭ്യമല്ല. |
| 22. ജില്ലാപഞ്ചായത്ത് 2002-03 2(31) (ചെലവ്) | വ്യവസായ എസ്റ്റേറ്റ് വൈദ്യുതീകരണം ട്രാൻസ്ഫോർമർ സ്ഥാപിക്കൽ | 7,50,000 | തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിൽ പുതിയ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന്റെ രേഖയില്ല. |
| 23. ജില്ലാപഞ്ചായത്ത് 2002-03 2(40) (ചെലവ്) | എസ്.ജി.ആർ. വൈ. പദ്ധതികൾ 11 | 1,00,324 | മുൻകൂർ, പാർട്ട്ബിൽ കൈപ്പറ്റി പൂർത്തീകരിച്ചില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.18]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

37. ബേപ്പൂരിലെ മാത്തോട്ടം ശുദ്ധജല വിതരണം പദ്ധതി സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് 2002-03-ലെ പഞ്ചായത്ത് ഭരണ സമിതിയുടെ കാലഘട്ടത്തിൽ മാത്തോട്ടം മാർക്കറ്റിന്റെ പിൻഭാഗത്ത് കിണർ നിർമ്മിച്ചതുമായി ബന്ധപ്പെട്ടതാണ് പ്രസ്തുത ഓഡിറ്റ് പരാമർശമെന്നും, പ്രസ്തുത പ്രവൃത്തിയുടെ ഫയൽ ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്ക് ലഭ്യമാക്കുവാൻ സാധിച്ചിട്ടില്ലെന്നും, സ്ഥല പരിശോധന നടത്തി മാർക്കറ്റിന്റെ തെക്ക് ഭാഗത്ത് കിണർ നിർമ്മിച്ചുവെങ്കിലും മോട്ടോർ സ്ഥാപിച്ചത് മാർക്കറ്റിലെ കച്ചവടക്കാർ ചേർന്നാണെന്ന് അസിസ്റ്റന്റ് എഞ്ചിനീയർ റിപ്പോർട്ട് ചെയ്തിട്ടുണ്ടെന്നും, കെട്ടിടത്തിന്റെ മുകളിൽ ടാങ്കും അതിലേക്കുള്ള പൈപ്പും അടുത്തകാലത്ത് സ്ഥാപിച്ചിട്ടുണ്ടെന്നും, ഓഡിറ്റ് പരാമർശം സംബന്ധിച്ച് കൃത്യമായ മറുപടി ലഭ്യമാക്കാൻ കഴിയാത്ത അവസ്ഥയാണ് നിലവിലുള്ളതെന്നും ഓഡിറ്റ് പരിശോധനയിൽ മോട്ടോറും പൈപ്പും വാങ്ങിയതായി കണ്ടെത്തിയിട്ടുണ്ടെന്നും മാർക്കറ്റിലെ കച്ചവടക്കാർ വാങ്ങിയ മോട്ടോറാണ്

ഉപയോഗിക്കുന്നതെന്നും പ്രസ്തുത കിണർ ഉപയോഗിക്കുന്നുണ്ടെന്നും, കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണെന്നും കോഴിക്കോട് കോർപ്പറേഷൻ ബേപ്പൂർ സോണൽ റവന്യൂ ഓഫീസർ മറുപടി നൽകി. തുടർന്ന് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചതിനാലും ആയത് നിലവിൽ പ്രവർത്തനക്ഷമമാണെന്നതിനാലും പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

38. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് സാംസ്കാരിക നിലയത്തിന്റെ പ്രവൃത്തി പൂർത്തിയാക്കി പ്രസ്തുത റിപ്പോർട്ട് ഡി.ഡി.പി.യ്ക്ക് സമർപ്പിച്ചിട്ടുണ്ടെന്ന് കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടുള്ളതായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ സമിതിയെ അറിയിക്കുകയും ചെയ്തു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

39. മാവായിത്തോടിന്റെ പ്രവൃത്തി പൂർത്തിയാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് പഞ്ചായത്ത് സെക്രട്ടറിയും, പ്രസ്തുത റിപ്പോർട്ട് ഗവൺമെന്റിൽ ലഭ്യമായിട്ടുണ്ടെന്ന് പഞ്ചായത്ത് അഡീഷണൽ ഡയറക്ടറും സമിതിയെ ബോധിപ്പിച്ചതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

40. കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ മുത്തേടത്ത് കുളം കിണർ പുനർനിർമ്മിച്ച് 300-ഓളം ഗുണഭോക്താക്കൾക്ക് പ്രസ്തുത കിണറിന്റെ പ്രയോജനം ലഭ്യമാക്കുന്നുണ്ടെന്നും, ചൂലാംപൊയിൽ കിണർ പാറ ആയതിനാൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചുവെന്നും മുൻകൂറായി അനുവദിച്ച തുകയിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട് ശേഷിക്കുന്ന തുക തിരിച്ചുപിടിക്കാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും ഇത് സംബന്ധിച്ച റിപ്പോർട്ട് ഗവൺമെന്റിന് ലഭ്യമാക്കിയിട്ടുണ്ടെന്നും കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

41. അമ്പ്രമ്മൽ കോളനി റോഡിന്റെ ടാറിംഗ് പൂർത്തീകരിച്ചിട്ടുള്ളതായ റിപ്പോർട്ട് ഗവൺമെന്റിന് സമർപ്പിച്ചിട്ടുണ്ടെന്ന് കുന്ദമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് പ്രസ്തുത മറുപടി ഓഡിറ്റ് വകുപ്പിന് ലഭ്യമായിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചു. തുടർന്ന് പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട രേഖകൾ തദ്ദേശസ്വയംഭരണ വകുപ്പിന് ഒരാഴ്ചയ്ക്കകം ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുവാൻ സമിതി നിർദ്ദേശിച്ചു.

42. അത്തോളി ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതികൾ പ്രവർത്തനക്ഷമമാണോ എന്ന സമിതി ചോദ്യത്തിന് പഞ്ചായത്തിന്റെ കീഴിലുണ്ടായിരുന്ന 5 കുടിവെള്ള പദ്ധതികളുടെയും പ്രവൃത്തി പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് അത്തോളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. കുടിവെള്ള പദ്ധതി പൂർത്തീകരിച്ച് പ്രവർത്തനക്ഷമമായതിനാൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

43. പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ പദ്ധതി പ്രവൃത്തികളുടെ പൂർത്തീകരണവുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് റോഡിന്റെ പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതാണെന്നും, പ്രവൃത്തിയുമായി ബന്ധപ്പെട്ട് 43,000 രൂപ അഡ്വാൻസായി നൽകിയിരുന്നുവെന്നും, ആയത് 7,218 രൂപ പലിശ സഹിതം കൺവീനറിൽ നിന്നും 19-3-2008-ൽ ഈടാക്കിയിട്ടുള്ളതായും, 2007-08 വർഷത്തെ വരവ് രജിസ്റ്ററിൽ രേഖപ്പെടുത്തിയിട്ടുള്ളതായും എന്നാൽ ഇതു സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിൽ സമർപ്പിച്ചിട്ടില്ലാത്തതാണെന്നും പേരാമ്പ്ര ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പദ്ധതി പൂർത്തീകരിച്ചത് സംബന്ധിച്ച് ഒരാഴ്ചയ്ക്കകം തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിക്കണമെന്ന സമിതി നിർദ്ദേശത്തെ തുടർന്ന് പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കാമെന്ന് സെക്രട്ടറി മറുപടി നൽകി. നിലവിൽ പദ്ധതി പ്രവർത്തനക്ഷമമമാണെന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

44. കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ ചീളിയാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി പ്രവൃത്തി പൂർത്തീകരണവുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് പദ്ധതി പ്രവർത്തനം പൂർത്തീകരിച്ചിട്ടുണ്ടെന്ന് കാവിലുമ്പാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകുകയും, പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും ആയത് തൃപ്തികരമാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിക്കുകയും ചെയ്തു.

45. കമ്പോസ്റ്റ് പിറ്റ് നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തികൾ ഉപേക്ഷിച്ചത് സംബന്ധിച്ച് സമിതി ആരാഞ്ഞതിന് കാവിലുമ്പാറ പഞ്ചായത്തിലെ ഭ്രതംകുളം എന്ന സ്ഥലത്ത് പിറ്റ് നിർമ്മിച്ച് കമ്പോസ്റ്റ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനായാണ് പഞ്ചായത്ത് തീരുമാനിച്ചതെന്നും എന്നാൽ പ്രാദേശിക എതിർപ്പിനെ തുടർന്ന് പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായതെന്നും സെക്രട്ടറി മറുപടി നൽകി.

46. ട്രാക്ടറിനോടൊപ്പം വാങ്ങിയ അനുബന്ധ ഉപകരണങ്ങളുടെ അവസ്ഥ സംബന്ധിച്ച് സമിതി ആരാഞ്ഞതിന്, അനുബന്ധ ഉപകരണങ്ങൾ പഞ്ചായത്ത് ലേലം ചെയ്തുവെന്നും, ട്രാക്ടർ നിലവിൽ ഉപയോഗിച്ചുവരുന്നതായും സെക്രട്ടറി അറിയിച്ചു. പ്രസ്തുത

റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടോയെന്ന സമിതിയുടെ ചോദ്യത്തിന് പ്രസ്തുത വിഷയം സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ആയത് തൃപ്തികരമാണെന്നും സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. ടി മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

47. നന്മണ്ട ഗ്രാമപഞ്ചായത്തിലെ 4 കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് സമിതി ചോദ്യമുന്നയിച്ചതിന് മണ്ണാറക്കുട് കുടിവെള്ള പദ്ധതി, മാവിലക്കുന്ന് കുടിവെള്ള പദ്ധതി, കരിയക്കണ്ടിമല കുടിവെള്ള പദ്ധതി എന്നിവ പൂർത്തീകരിച്ചിട്ടുണ്ടെന്നും എന്നാൽ പെരിയങ്ങോട് മല കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തിയായിട്ടില്ലെന്നും നന്മണ്ട ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത പദ്ധതി സംബന്ധിച്ച് സമിതി വീണ്ടും ആരാഞ്ഞപ്പോൾ പദ്ധതി പൂർത്തീകരിക്കാൻ സാധിക്കാത്തതിനാൽ കരാറുകാരനിൽ നിന്നും തുക ഈടാക്കുന്നതിനായി ആർ. ആർ. നടപടികൾ സ്വീകരിച്ച് വരുന്നതായും പ്രസ്തുത റിപ്പോർട്ടുകളെല്ലാം തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുള്ളതായും സെക്രട്ടറി മറുപടി നൽകി. എന്നാൽ ആർ.ആർ. നടപടികൾ സ്വീകരിച്ചതായി രേഖകൾ ഓഡിറ്റ് വകുപ്പിൽ ലഭ്യമായിട്ടില്ലെന്ന് സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടർ അറിയിച്ചതിനെ തുടർന്ന് ആയത് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കാമെന്ന് സെക്രട്ടറി അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

48. താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ചുണ്ടക്കുന്ന് കുടിവെള്ള പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് നിലവിൽ കുടിവെള്ള പദ്ധതി പ്രവർത്തനക്ഷമമാണെന്ന് പഞ്ചായത്ത് സെക്രട്ടറിയും, പദ്ധതി പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമായിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സമിതിയെ അറിയിച്ചു. ആയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

49. ചക്കിട്ടപ്പാറ, ഉണ്ണിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് പഞ്ചായത്തുകൾ റിപ്പോർട്ട് ലഭ്യമാക്കിയതിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

50. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് ആരംഭിച്ച 22 കുടിവെള്ള പ്രവൃത്തികളിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നാണ് അറിയിച്ചിട്ടുള്ളതെന്നും, ബാക്കി പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടുണ്ടോയെന്നും സമിതി ചോദിച്ചതിന് 14 കുടിവെള്ള പദ്ധതി പ്രവൃത്തി

പൂർത്തീകരിച്ചിട്ടുണ്ടെന്ന് ബന്ധപ്പെട്ട അസിസ്റ്റന്റ് എഞ്ചിനീയർ ഉൾപ്പെടെയുള്ള ഉദ്യോഗസ്ഥർ പരിശോധിച്ച് സാക്ഷ്യപ്പെടുത്തിയ റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്ന് ചാത്തമംഗലം ഗ്രാമപഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

51. കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ ചാത്തൻകോട് നട പട്ടികവർഗ്ഗ കോളനി പൊതു കിണർ പദ്ധതി സംബന്ധിച്ച പ്രവൃത്തികളെക്കുറിച്ച് സമിതി ആരാഞ്ഞതിന് പട്ടികവർഗ്ഗ കോളനിയിൽ ഒരു പൊതു കിണർ നിർമ്മിക്കുന്ന പ്രവൃത്തിയാണ് പഞ്ചായത്ത് വിഭാവനം ചെയ്തതെന്നും എന്നാൽ കിണർ കുഴിച്ച് കുറച്ച് ആഴമെത്തിയപ്പോൾ പാറ കണ്ടതിനാൽ പ്രസ്തുത പദ്ധതി ഉപേക്ഷിക്കുകയാണുണ്ടായതെന്നും മലയോര പ്രദേശമായതിനാൽ പ്രസ്തുത കോളനിയിൽ കിണർ കുഴിച്ച് കുടിവെള്ള പദ്ധതി നടപ്പിലാക്കാൻ സാധിക്കാത്ത സാഹചര്യമാണ് നിലവിലുള്ളതെന്നും കാവിലുംപാറ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

52. വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുടെ നിലവിലെ സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ വട്ടിപ്പന പ്രദേശത്ത് ഇറിഗേഷൻ പദ്ധതിയ്ക്കായി പഞ്ചായത്ത് ഒരു കുളം നിർമ്മിച്ചിരുന്നെന്നും, എന്നാൽ പ്രസ്തുത പദ്ധതി പ്രദേശത്ത് നിന്ന് 200 മീറ്റർ താഴെയായി ഒരു സ്വകാര്യ വ്യക്തി കിണർ നിർമ്മിച്ചതിന്റെ ഭാഗമായി കുളത്തിലുണ്ടായിരുന്ന വെള്ളം മുഴുവൻ കിണറിലേക്ക് പോവുകയും, കുളത്തിലെ വെള്ളം വറ്റിപ്പോവുകയും ചെയ്തുവെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. കുടിവെള്ള പദ്ധതിയെ ബാധിക്കുന്ന വിധത്തിൽ ഒരു സ്വകാര്യ വ്യക്തി പ്രവർത്തിച്ചിട്ടും എന്തുകൊണ്ടാണ് പഞ്ചായത്ത് ടിയാനെതിരെ നടപടി സ്വീകരിക്കാത്തതെന്നും, ജനങ്ങൾ ഇതു സംബന്ധിച്ച് പഞ്ചായത്തിന് പരാതി സമർപ്പിച്ചിരുന്നോ എന്നും സമിതി ആരാഞ്ഞതിന് പഞ്ചായത്ത് ടിയാനെതിരെ നടപടി സ്വീകരിച്ചതായി കാണുന്നില്ലെന്നും, നിലവിൽ ആ പ്രദേശത്തെ ജനങ്ങൾ അവിടെ നിന്നും പൂർണ്ണമായും ഒഴിഞ്ഞ് പോയിരിക്കുകയാണെന്നും, ജനങ്ങൾ പ്രസ്തുത വിഷയം സംബന്ധിച്ച പരാതി പഞ്ചായത്തിന് സമർപ്പിച്ചിട്ടുണ്ടോയെന്ന് അറിയില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

53. ജനങ്ങൾ പഞ്ചായത്തിന് പരാതി സമർപ്പിച്ചിരുന്നോയെന്നും പരാതി സമർപ്പിച്ചിട്ടുണ്ടെങ്കിൽ അതിന്മേൽ പഞ്ചായത്ത് സ്വീകരിച്ച നടപടി സംബന്ധിച്ചും അന്വേഷിച്ച് ഒരാഴ്ചയ്ക്കകം വിശദമായ റിപ്പോർട്ട് സമർപ്പിക്കുവാൻ സമിതി പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിച്ചു.

54. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുയിപ്പോത്ത് അഴുക്കുചാൽ സ്ലാബിട്ട് മൂടൽ പദ്ധതി സംബന്ധിച്ച പ്രവൃത്തികൾ പൂർത്തിയായിട്ടുണ്ടോയെന്ന് സമിതി ആരാഞ്ഞതിന് പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്ന് ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയും, പദ്ധതി പൂർത്തീകരണം സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമായിട്ടുണ്ടെന്ന്

സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസറും സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പിന് പഞ്ചായത്ത് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

55. വാഴോറമല എസ്.സി. കോളനി ശുദ്ധജല പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന സമിതി ചോദ്യത്തിന് പ്രസ്തുത പദ്ധതി പൂർത്തീകരിച്ച് നിലവിൽ നല്ല രീതിയിൽ പ്രവർത്തിക്കുന്നതായി സമിതിയെ അറിയിച്ചു.

56. ബാക്ടീരിയോളജിക്കൽ ലാബ് എവിടെയാണ് സ്ഥാപിച്ചതെന്ന സമിതി ചോദ്യത്തിന് 1999-2000-ൽ പ്രസ്തുത ലാബ് പ്രവർത്തനസജ്ജമാക്കാൻ ലക്ഷ്യമിട്ടിരുന്നെങ്കിലും പി.ഡബ്ല്യു.ഡി. വൈദ്യുതീകരണ പ്രവൃത്തികൾ യഥാസമയം പൂർത്തീകരിക്കാതിരുന്ന തിനാൽ കാലതാമസം നേരിട്ടുവെന്നും, 2003-04 സാമ്പത്തിക വർഷത്തിൽ പ്രവൃത്തികളെല്ലാം പൂർത്തീകരിച്ചിട്ടുണ്ടെന്നും ലാബ് നിലവിൽ ഒരു സർക്കാർ സ്കൂളിൽ പ്രവർത്തന സജ്ജമാണെന്നും സെക്രട്ടറി ജില്ലാ പഞ്ചായത്ത് മറുപടി നൽകി. പ്രസ്തുത മറുപടി സമിതി അംഗീകരിച്ചു.

57. അംഗണവാടി കെട്ടിട നിർമ്മാണം പ്രവൃത്തി പൂർത്തീകരിച്ചിട്ടുണ്ടോ എന്ന സമിതി ചോദ്യത്തിന് കിഴക്കോത്ത്, പനങ്ങാട്, നൊച്ചാട്, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിലാണ് അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചിട്ടുള്ളതെന്നും വിനിയോഗ സാക്ഷ്യപത്രം ഇതുവരെ ലഭ്യമായിട്ടില്ലെന്നും ഉദ്യോഗസ്ഥൻ അറിയിച്ചു. സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിച്ചതിനെ തുടർന്ന് ആയത് സമർപ്പിക്കുന്നതാണെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി.

58. ഭവന നിർമ്മാണം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത പ്രവൃത്തിയുടെ യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ഭാഗികമായി ലഭിച്ചിട്ടുണ്ടെന്നും പൂർണ്ണമായി നൽകിയ തുകയ്ക്കുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും, ഭവന നിർമ്മാണത്തിനായി ബ്ലോക്ക്, ജില്ലാ പഞ്ചായത്തുകൾ നൽകുന്ന മാച്ചിംഗ് കോൺട്രിബ്യൂഷനുണ്ടായിരുന്നുവെന്നും ഇത് വർഷങ്ങൾക്കുമുമ്പ് കൊടുത്തതാണെന്നും പ്രവൃത്തികളെല്ലാം പൂർത്തിയായിട്ടുണ്ടെന്നും ബ്ലോക്കുകളിൽ നിന്നുള്ള യൂട്ടിലിറ്റി സർട്ടിഫിക്കറ്റ് ലഭ്യമായിട്ടില്ലെന്നും, ആയത് ലഭ്യമാക്കുന്നതിനായി എ.ഡി.പി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

59. തലക്കുളത്തൂർ ഗ്രാമപഞ്ചായത്ത് വ്യവസായ എസ്റ്റേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടോ എന്ന സമിതി ചോദ്യത്തിന് ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെന്നും അത് സംബന്ധിച്ച രേഖകൾ ലഭ്യമായിട്ടുണ്ടെന്നും, ഡി.ഐ.സി. മുഖേനയാണ് സ്ഥാപിച്ചതെന്നും,

വ്യവസായ എസ്റ്റേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചതിന് വിനിയോഗ സാക്ഷ്യപത്രം പഞ്ചായത്ത് സെക്രട്ടറിയിൽ നിന്ന് ലഭിച്ചിട്ടുണ്ടെന്നും, അത് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിക്കുന്നതിനുള്ള നടപടി സ്വീകരിക്കുന്നതാണെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. തുടർന്ന് പ്രസ്തുത നടപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

60. എസ്.ജി.ആർ.വൈ. പദ്ധതികൾ സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് അനുമതി നൽകിയ 11 പ്രവൃത്തികളിൽ മിക്കവയും പൂർത്തീകരിച്ചതാണെന്നും പ്രസ്തുത പദ്ധതികൾ പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കുന്നതിനുവേണ്ടി ജില്ലാ പഞ്ചായത്തിന്റെ സ്റ്റാൻഡിംഗ് കമ്മിറ്റി ചെയർമാൻ അദ്ധ്യക്ഷനായി ഒരു കമ്മിറ്റി രൂപീകരിച്ചിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സമിതി പ്രസ്തുത മറുപടി അംഗീകരിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**61. ബേപ്പൂരിലെ മാത്തോട്ടം ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിച്ചതിനാലും ആയത് നിലവിൽ പ്രവർത്തനക്ഷമമാണെന്നതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**62. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിന്റെയും മാവായിത്തോടിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചതായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**63. കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ മുത്തേടത്ത് കുളം കിണർ പുനർനിർമ്മാണം പൂർത്തീകരിക്കുകയും ആയത് നിലവിൽ ഉപയോഗപ്രദമാക്കി യിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ ചൂലാം പൊയിൽ കിണർ പാറയായതിനാൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചുവെന്നും പ്രവൃത്തിയ്ക്കായി മുൻകൂർ നൽകിയ തുകയിൽ ശേഷിക്കുന്ന തുക തിരിച്ചുപിടിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ള തെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ നിലവിൽ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിന്മേൽ ഉചിതമായ തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അമ്പ്രമ്മൽ കോളനി റോഡ് പരിഷ്കരണം പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഒരാഴ്ചക്കകം തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

64. അത്തോളി ഗ്രാമപഞ്ചായത്തിലെ 5 കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ച് പ്രവർത്തനക്ഷമമാക്കിയതിനാൽ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

65. പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ പ്രവൃത്തി പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ നാളിതുവരെയായി തദ്ദേശസ്വയംഭരണ വകുപ്പിൽ ഹാജരാക്കിയിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ ഒരാഴ്ചയ്ക്കകം ഭരണ വകുപ്പിൽ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

66. കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ ചീളിയാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കമ്പോസ്റ്റ് നിർമ്മാണം എന്നിവ സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

67. നന്മണ്ട ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ 4 കുടിവെള്ള പദ്ധതികളിൽ 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പെരിയങ്ങോട്മല കുടിവെള്ള പദ്ധതി നിലവിലും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ആർ.ആർ. നടപടികൾ സ്വീകരിച്ച് വരുന്നതായും സമിതി നിരീക്ഷിക്കുന്നു.

68. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നന്മണ്ട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

69. താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ചുണ്ടക്കുന്ന് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ലഭിച്ചിട്ടുണ്ടെന്ന് ഭരണ വകുപ്പ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

70. ചക്കിട്ടപ്പാറ, ഉണ്ണിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

71. ചാത്തമംഗലം ഗ്രാമപഞ്ചായത്ത് മുഖേന ആരംഭിച്ച 22 കുടിവെള്ള പ്രവൃത്തികളിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചതായി സമിതി നിരീക്ഷിക്കുന്നു. ശേഷിച്ച 14 പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത്

സെക്രട്ടറി അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

72. കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ ചാത്തൻകോട് നട പട്ടികവർഗ്ഗ കോളനിയിൽ പൊതുകിണർ നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്തിരുന്ന പദ്ധതി, കിണർ കുഴിച്ച് കുറച്ച് ആഴമെത്തിയപ്പോൾ പാറ കണ്ടതിനാൽ ഉപേക്ഷിക്കുക യാണുണ്ടായതെന്നും മലയോര മേഖലയായതിനാൽ പ്രസ്തുത കോളനിയിൽ കിണർ കുഴിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.

73. വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കുളം കുഴിച്ചിരുന്നുവെങ്കിലും അവിടെനിന്നും 200 മീറ്റർ താഴെയായി ഒരു സ്വകാര്യ വ്യക്തി കിണർ നിർമ്മിച്ചതിനാൽ കുളത്തിലുണ്ടായിരുന്ന വെള്ളം മുഴുവൻ കിണറിലേക്ക് പോവുകയും, കുളം വറ്റിപ്പോവുകയും ചെയ്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചില്ലെന്നും നിലവിൽ ആ പ്രദേശത്തെ ജനങ്ങൾ അവിടെനിന്നും പൂർണ്ണമായും ഒഴിഞ്ഞുപോയിരിക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് പ്രശ്നബാധിതരായവർ പഞ്ചായത്തിന് പരാതി സമർപ്പിച്ചിരുന്നോയെന്നും, എങ്കിൽ പഞ്ചായത്ത് അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും അന്വേഷിച്ച് ഒരാഴ്ചയ്ക്കകം വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു.

74. ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുയിപ്പോത്ത് അഴുക്കുചാൽ സ്ലാബിട്ട് മൂടൽ പദ്ധതി സംബന്ധിച്ച പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

75. വാഴോറമല എസ്.സി. കോളനി ശുദ്ധജല പദ്ധതി, ബാക്ടീരിയോളജിക്കൽ ലാബ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

76. കിഴക്കോത്ത് പനങ്ങാട്, നൊച്ചാട്, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചുവെങ്കിലും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയി ട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

**77. ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്തുകളിൽ നിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും അതിനായി എ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖകൾ അടിയന്തരമായി ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട ത്വരിത നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**78. തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ വകുപ്പിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**79. പരാമർശവിധേയമായ 11 എസ്.ജി.ആർ.വൈ. പ്രവൃത്തികളിൽ മിക്കവയും പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും പൂർത്തീകരണ രേഖകളൊന്നും ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മരാമത്ത് പ്രവൃത്തികൾ-നിരക്ക് അധികം നൽകുന്നത്/അളവ് തെറ്റായി രേഖപ്പെടുത്തി - പഞ്ചായത്തുകൾക്ക് നഷ്ടം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ നിർമ്മാണ പ്രവൃത്തികൾ ചെയ്യുമ്പോൾ, കരാറുകാർക്കും, കൺവീനർമാർക്കും അധിക നിരക്ക് അനുവദിച്ചതിനാലും കൺസോളിഡേഷൻ നടത്താത്ത പ്രവൃത്തികളിലും സ്വെല്ലിംഗ് കുറവ് ചെയ്യാതിരുന്നതിനാലും പഞ്ചായത്തുകൾക്ക് നഷ്ടം സംഭവിക്കുന്നതായി കാണുന്നു.

ചീഫ് ടെക്നിക്കൽ എക്സാമിനറുടെ 4-4-1986-ലെ 13584/എഫ്.ഐ.ഡബ്ല്യു.സി1/86/ഫിൻ. നമ്പർ സ്പഷ്ടീകരണവും 29-5-2004-ലെ 44424/എഫ്.ഐ. ഡബ്ല്യു.സി3/04/ഫിൻ. നമ്പർ കത്തും പ്രകാരം മണ്ണ് ഫില്ലിംഗിന് അനുവദിക്കുന്ന നിരക്കിൽ നിന്ന് സ്റ്റാൻഡേർഡ് ഡാറ്റ ബുക്ക് ഇനം 58, 59 എന്നിവ പ്രകാരമുള്ള ഓരോ ലീഡും ലിഫ്റ്റും കുറവ് ചെയ്യണമെന്ന് വ്യക്തമാക്കുന്നു. എന്നാൽ ഇപ്രകാരം കുറവ് ചെയ്യാതെ നിരക്ക് നിശ്ചയിച്ച് പണം നൽകിയതിനാൽ പഞ്ചായത്തുകൾക്ക് നഷ്ടം സംഭവിച്ചിട്ടുണ്ട്. കൺസോളിഡേഷൻ ഇല്ലാത്ത മണ്ണ് ഫില്ലിംഗ് കുറവ് ചെയ്യണമെന്ന് കേരള സ്റ്റാൻഡേർഡ് സ്പെസിഫിക്കേഷൻ

വാല്യം 1 സെക്ഷൻ 4-5 ബി (5) (1) വ്യക്തമാക്കുന്നു. എന്നാൽ ഇത് പരിഗണിക്കാത്തതിനാലും പഞ്ചായത്തുകൾക്ക് നഷ്ടം സംഭവിക്കുന്നുണ്ട്. വിശദാംശങ്ങൾ താഴെ കൊടുക്കുന്നു:

| | സ്ഥാപനം വർഷം/ഖണ്ഡിക | പ്രവൃത്തിയുടെ പേര് | ഇനം | അധികം നൽകിയ തുക (രൂപ) | റിമാർക്സ് |
|---|---|---|---|---|---|
| | (1) | (2) | (3) | (4) | (5) |
| 1 | മുക്കം 2004-05, 3(15) | 5 പ്രവൃത്തികൾ | ടാറിന് അധിക നിരക്ക് നൽകി | 63,747.00 | 99-ലെ ഷെഡ്യൂൾ നിരക്ക് പ്രകാരം കോഴിക്കോട് താലൂക്കിൽ ടാറിംഗ് പ്രവർത്തിക്ക് അനുവദി ക്കാവുന്ന നിരക്ക് 10 ച.മീറ്ററിന് 394 രൂപയാണ്. ഇതിനുപകരം 577 രൂപ അനുവദിച്ചതിനാൽ നഷ്ടം സംഭവിച്ചു. |
| 2 | മുക്കം 2004-05, 3(16) | 7 പ്രവൃത്തികൾ | മണ്ണ് പ്രവൃത്തി | 33,857.00 | കിളച്ചെടുത്ത മണ്ണ് ഉപയോഗിച്ചില്ല. ഷ്രിങ്കേജ് കുറച്ചില്ല. |
| 3 | മൂടാടി 2003-04, 3(4) | 8 പ്രവൃത്തികൾ | ,, | 33,704.00 | കെ.എസ്.എസ്. വാല്യം 1 സെക്ഷൻ 4.5(ബി) (5) (1) പ്രകാരം മണ്ണ് അമരു മ്പോഴുണ്ടാകുന്ന കുറവിലേക്ക് 20% കുറവ് ചെയ്തില്ല. |
| 4 | ബേപ്പൂർ 2003-04, 3(12)സി | ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് ടാറിംഗ് | ടാറിംഗ് | 8,252.00 | ടാറിന്റെ വിലയിനത്തിൽ അധികം നൽകി. |
| 5 | ബേപ്പൂർ 2003-04, 3(15) | തനത് ഫണ്ട് പ്രവൃത്തികൾ | മണ്ണ് പ്രവൃത്തി | 6,979.00 | ഷ്രിങ്കേജ് കുറച്ചില്ല. |
| 6 | ഉള്ള്യേരി 2003-04, 3(4) | വിവിധ പ്രവൃത്തികൾ | ,, | 19,805.34 | അധികം നിരക്ക് നൽകി. |
| 7 | ഏലത്തൂർ 2003-04, 3(1) | എസ്.കെ. ബസാർ - സുബ്രഹ്മണ്യം റോഡ് ടാറിംഗ് | ടാറിംഗ് | 13,857.00 | അധികം നിരക്ക് നൽകി. |

| 1 | | 2 | 3 | 4 | 5 |
|---|---|---|---|---|---|
| 8 | ബേപ്പൂർ<br>2002-03, 3(14) | ഓടകളിലെ മണ്ണ് നീക്കൽ | മണ്ണ് പ്രവൃത്തി | 2,261.00 | അധികം നിരക്ക് അനുവദിച്ചു. |
| | 2002-03, 3(16) | തട്ടാടത്ത് കാവ് കണ്ടത്ത് പറമ്പ് റോഡ് ടാറിംഗ് | ടാറിംഗ് | 3,738.00 | ടാറിംഗിന് അധിക നിരക്ക് നൽകി |
| | 2002-03, 3(17) | മാത്തോട്ടം പുലാമറ്റം വയൽ റോഡ് പരിഷ്കരണം | റോഡ് പ്രവൃത്തി | 1,146.00 | കൺവീനർ പ്രവൃത്തിക്ക് യഥാർത്ഥ ചെലവിൽ അധികം തുക നൽകി. |
| | 2002-03, 3(18) | ചെമ്പകചോല ഫുട്പാത്ത് നിർമ്മാണം | അളവ് | 978.00 | അളവ് തെറ്റിച്ചെഴുതി |
| 9 | കായക്കൊടി<br>2003-04, 3(3) | എം.എൽ.എ. റോഡ് മുതൽ ചേറ്റുവയൽ റോഡ് വരെ മെറ്റലിംഗ്, ടാറിംഗ് | റീമെറ്റലിംഗ് | 7,770.00 | അധികം നിരക്ക് നൽകി. |
| | 2003-04, 3(5) | നാവോട്ടുകുന്ന് ഹരിജൻ കോളനി റോഡ് ടാറിംഗ് | സെക്ഷനിങ് പ്രവർത്തി | 998.00 | മണ്ണ് നിറച്ച സ്ഥലത്ത് സെക്ഷനിങ് നടത്തിയതിന് തുക നൽകി. |
| 10 | കൊടിയത്തൂർ<br>2002-03, 3(3)എ | തോട്ടുമുക്കം പനമ്പിലാവ് റോഡ് ടാറിംഗ് | മണ്ണ് നിറയ്ക്കൽ | 2,9152.00 | കൺസോളിഡേഷൻ ഇല്ലാത്തതിനാൽ 20% കുറവ് ചെയ്തില്ല. |
| | 2002-03, 3(3)ബി | ,, | ,, | 19,734.00 | ലീഡും ലിഫ്റ്റും കുറച്ചില്ല |
| | 2002-03, 3(4) | കുളങ്ങര മുപ്പരിച്ചാൽ റോഡ് | മണ്ണ് പ്രവൃത്തി | 6,296.00 | കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല |
| | 2002-03, 3 (2) | കരിക്കാട് മേടരഞ്ഞി റോഡ് | മെറ്റലിംഗ് | 11,800.00 | ആവശ്യത്തിലധികം മെറ്റൽ സ്റ്റോക്ക് ചെയ്ത് വില നൽകി. |

| (1) | | (2) | (3) | (4) | (5) |
|---|---|---|---|---|---|
| | 2002-03, 3(11) | മുക്കപ്പറമ്പ് അടാടിക്കുന്ന് എസ്.സി. കോളനി റോഡ് | ,, | 2,999.00 | ആവശ്യത്തിലധികം മെറ്റൽ സ്റ്റോക്ക് ചെയ്ത് വില നൽകി. |
| 11 | കുന്ദമംഗലം 2003-04, 2(27) | ബസ് സ്റ്റാൻഡ് പഞ്ചായത്താഫീസ് റോഡ് | മെറ്റലിംഗ് ടാറിംഗ് | 31,349.00 | കൺവീനർക്ക് പ്രവൃത്തി മൂല്യത്തേക്കാൾ അധികം തുക നൽകി. |
| | കുന്ദമംഗലം 2000-01, 3(3) | ഫുഡ് പാത്ത് പ്രവൃത്തി | ഉറച്ച മണ്ണ് നീക്കം ചെയ്യൽ | 10,659.00 | പാറപൊട്ടിക്കുന്നതിനുള്ള നിരക്ക് നൽകി. |
| 12 | അത്തോളി 2004-05, 3(12) | ടാർ മറ്റ് പഞ്ചായത്തിന് നൽകിയത് | ടാറിംഗ് | 23,890.00 | 10 ബാരൽ ടാർ കുരാച്ചുണ്ട് ഗ്രാമപഞ്ചായത്തിന് നൽകി. തിരികെ ലഭിച്ചില്ല. |
| 13 | താമരശ്ശേരി 2003-04, 3(21) | പള്ളിപ്പുറം വെട്ടുകല്ല് പുറം കോളനി റോഡ് ടാറിംഗ് | ടാറിംഗ് | 7,351.00 | ഫൈനൽ ബില്ലിൽ പ്രവൃത്തി മൂല്യം തെറ്റായി കണക്കാക്കി അധികം തുക നൽകി. |
| 14 | പെരുമണ്ണ 2003-04, 3(6) | വിവിധ പ്രവൃത്തികൾ | പിഴ ഈടാക്കാത്തത് | 13,928.00 | നിശ്ചിത സമയപരിധിക്കകം പ്രവൃത്തി പൂർത്തിയാക്കാത്തതിനുള്ള പിഴ ഈടാക്കിയില്ല-4 പ്രവൃത്തികൾ |
| 15 | ചെറുവണ്ണൂർ നല്ലളം 2003-04, 3(15) | ,, | മെറ്റലിംഗ്, ടാറിംഗ് | 16,882.00 | 4 പ്രവർത്തികളിലായി അർഹമായതിലും അധികം നിരക്ക് നൽകി. |
| 16 | അഴിയൂർ 2001-02, 3(9) | ,, | മണ്ണ് നിറയ്ക്കൽ | 21,840.00 | ലീഡും ലിഫ്റ്റും കുറയ്ക്കാതെ അധികം നിരക്ക് നൽകി. |
| 17 | പയ്യോളി 2003-04, 3(10) | കീഴൂർ അയനിക്കാട് റോഡ് പ്രവർത്തി | ,, | 17,319.00 | കിളച്ചെടുത്ത മണ്ണ് ഫില്ലിംഗിന് ഉപയോഗിച്ചില്ല. നഷ്ടം 17,319 രൂപ. |
| 18 | തിക്കോടി 2004-05, 3(5) | 3 പ്രവൃത്തികൾ | റോഡ്/ കൾവർട്ട് നിർമ്മാണം | 5,935.00 | നിശ്ചിത പരിധിക്കകം പ്രവർത്തി പൂർത്തിയാക്കാത്തതിനുള്ള പിഴ ഈടാക്കിയില്ല. |

| (1) | | (2) | (3) | (4) | (5) |
|---|---|---|---|---|---|
| | 2004-05, 3(6) | പെരുമാൾപുരം കിങ്ങിണിമുക്കിൽ കൾവർട്ട് നിർമ്മാണം | കൾവർട്ട് നിർമ്മാണം | 13,466.00 | 1:6 ആർ. ആർ. മേസണറിക്കുപകരം 1:3:6 അനുപാതത്തിൽ സിമന്റ് കോൺക്രീറ്റ് ചെയ്തതിനാൽ അധിക ചെലവ്. |
| 19 | കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2002-03, 2(15) (ചെലവ്) | കോരപ്പുഴയുടെ തീരസംരക്ഷണം | മണ്ണ് നിറയ്ക്കൽ | 18,109.00 | മണ്ണിന് 10 എം3-ന് 803 രൂപയ്ക്ക് പകരം 974 രൂപ അനുവദിച്ചു. |
| | 2002-03, 2(24)1 | ഇങ്ങോറപാലിൽ ജലസേചന പദ്ധതി | ജലസേചന പദ്ധതി | 30,578.00 | ഗുണഭോക്തൃ വിഹിതം 15% കുറച്ചില്ല. |
| | 2002-03, 2(24)2 | വടക്കുംതല ജലസേചന പദ്ധതി | ,, | 11,676.00 | ജി.ഒ.218/98/ എൽ.എ.ഡി/ 23-10-1998 പ്രകാരം ഗുണഭോക്തൃസമിതി പ്രവർത്തിക്ക് 30% അധിക നിരക്കിന് പകരം 40% അനുവദിച്ചു. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.79.19 ]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

80. മുക്കം, മൂടാടി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

81. ബേപ്പൂരിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് ടാറിംഗിന്റെ വില ഈടാക്കിയതിൽ കുറവ് വന്നു എന്ന ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചപ്പോൾ ഓഡിറ്റ് പരാമർശത്തിലുള്ള തുക അടവാക്കുന്നതിലേയ്ക്കായി പ്രസ്തുത പ്രവൃത്തി നടന്ന കാലയളവിലുണ്ടായിരുന്ന അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. ജേക്കബ് സെബാസ്റ്റ്യന് കത്ത് നൽകിയിട്ടുണ്ടെന്നും ടിയാനിൽ നിന്ന് മറുപടി കിട്ടുന്ന മുറയ്ക്ക് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കുന്നതാണെന്നും കോഴിക്കോട് കോർപ്പറേഷൻ (ബേപ്പൂർ സോണൽ) റവന്യൂ ഓഫീസർ അറിയിച്ചു.

82. മണ്ണ് ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ നടത്താതിരുന്നതുവഴി അധിക ചെലവ് വന്നത് സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത പദ്ധതി നടത്തിപ്പിന്റെ ചുമതല അസിസ്റ്റന്റ് എഞ്ചിനീയർ ആയ ശ്രീ. ജേക്കബ് സെബാസ്റ്റ്യന് ആയിരുന്നുവെന്നും, അധികമായി ചെലവഴിച്ച തുക തിരികെ അടയ്ക്കുന്നതിന് ടിയാനോട് 15-7-2015-ൽ കത്ത് മുഖേന ആവശ്യപ്പെട്ടിരുന്നുവെന്നും റവന്യൂ ഓഫീസർ മറുപടി നൽകി. 3 വർഷം കഴിഞ്ഞിട്ടും യാതൊരു നടപടിയും സ്വീകരിക്കാത്തതിൽ അതൃപ്തി പ്രകടിപ്പിച്ച സമിതി പ്രസ്തുത തുക തിരിച്ചീടാക്കുന്നതിലേയ്ക്കായി സ്വീകരിച്ച നടപടികൾ ഒരാഴ്ചയ്ക്കുള്ളിൽ സമിതിയെ അറിയിക്കണമെന്നും, പ്രസ്തുത വിഷയം സംബന്ധിച്ച് ഗവൺമെന്റ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് നൽകണമെന്നും നിർദ്ദേശിച്ചു.

83. ബേപ്പൂരുമായി ബന്ധപ്പെട്ട മറ്റ് നാല് ഓഡിറ്റ് പരാമർശങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

84. ഉള്ള്യേരി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

85. ഏലത്തൂരുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് ഏലത്തൂർ ഗ്രാമപഞ്ചായത്ത് കോഴിക്കോട് കോർപ്പറേഷന്റെ ഭാഗമായപ്പോൾ പഞ്ചായത്ത് ജീവനക്കാർ എം.ബുക്ക്, ഫയലുകൾ തുടങ്ങിയവ സംബന്ധിച്ച് ചാർജ്ജ് കൈമാറാതിരുന്നതിനാൽ ഇതിനെതിരെ സെക്രട്ടറിയ്ക്ക് നടപടിയെടുക്കാൻ സാധിച്ചില്ലെന്നും, എസ്. കെ. ബസാർ - സുബ്രഹ്മണ്യം റോഡ് ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും ഈടാക്കുവാൻ ഡി.ഡി.പി. കത്ത് നൽകിയിട്ടുണ്ടെന്നും നിലവിൽ റോഡ് ടാറിംഗ് പ്രവൃത്തി പൂർത്തീകരിച്ചിട്ടുള്ളതായും, അസിസ്റ്റന്റ് എഞ്ചിനീയർ പരിശോധന നടത്തിയിട്ടുള്ളതായും കോഴിക്കോട് കോർപ്പറേഷൻ സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. തുടർന്ന് പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

86. കായക്കൊടി ഗ്രാമപഞ്ചായത്തിലെ എം.എൽ.എ. റോഡ് മുതൽ ചേറ്റുവയൽ റോഡ് വരെയുള്ള റോഡ് ടാറിംഗിന് 7,770 രൂപ അധികമായി നൽകിയത് സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പ്രസ്തുത തുക ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിൽ നിന്നും തിരികെ പിടിക്കാനാണ് തീരുമാനിച്ചിരിക്കുന്നതെന്ന് കായക്കൊടി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

87. ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിൽ നിന്ന് എങ്ങനെ തുക തിരിച്ചുപിടിക്കാൻ സാധിക്കുമെന്നും, ബി.എൽ.ടി.സി.യുടെ നിരക്ക് ഗവൺമെന്റ് അംഗീകരിച്ചതാണോ എന്നും, കൂടിയ നിരക്ക് അംഗീകരിക്കുവാൻ ബി.എൽ.ടി.സി.ക്ക് അധികാരമുണ്ടോയെന്നും സമിതി

ആരാഞ്ഞതിന് ബി.എൽ.ടി.സി.യുടെ നിരക്ക് പഞ്ചായത്ത് സമിതി അംഗീകരിച്ചിട്ടുള്ള തായിട്ടാണ് രേഖകളിൽ നിന്നും മനസ്സിലാക്കാൻ സാധിച്ചതെന്നും, പ്രസ്തുത പ്രവൃത്തിയുടെ എസ്റ്റിമേറ്റ് തയ്യാറാക്കിയ അസിസ്റ്റന്റ് എഞ്ചിനീയർ രാഘവൻ നായരിൽ നിന്ന് തുക ഈടാക്കേണ്ടതാണെന്നാണ് ഓഡിറ്റ് പരാമർശമെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് എഞ്ചിനീയർ നൽകിയ മറുപടിയാണ് സെക്രട്ടറി അറിയിച്ചിരിക്കുന്നതെന്നും, റീ മെറ്റലിംഗ് പ്രവൃത്തിക്ക് അധികം നൽകിയ തുക എഞ്ചിനീയറിൽ നിന്നും ഈടാക്കാനാണ് ഓഡിറ്റ് പരാമർശമെന്നും ഓഡിറ്റ് വകുപ്പ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയതിന് പ്രസ്തുത പ്രവൃത്തി നടക്കുന്ന അവസരത്തിൽ എഞ്ചിനീയറിംഗ് സംവിധാനം ഇല്ലായിരുന്നുവെന്നും, ടെക്നിക്കൽ അഡ്വൈസറി കമ്മിറ്റിയുടെ റേറ്റാണ് കൊടുത്തിട്ടുള്ളതെന്ന മറുപടിയാണ് സമിതി മുൻപാകെ നൽകിയതെന്നും, സർവ്വീസിൽ നിന്നും വിരമിച്ച ഉദ്യോഗസ്ഥന്മാരുടെ സേവനം പ്രയോജനപ്പെടുത്തിയാണ് പ്രവൃത്തികൾ നടത്തിവന്നിരുന്നതെന്നും സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

88. ഹരിജൻ കോളനി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

89. കൊടിയത്തൂർ, കുന്ദമംഗലം, അത്തോളി, താമരശ്ശേരി, പെരുമണ്ണ, ചെറുവണ്ണൂർ-നല്ലളം, അഴിയൂർ, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

90. കോരപ്പുഴയുടെ തീരസംരക്ഷണം, ഈങ്ങോറച്ചാലിൽ ജലസേചന പദ്ധതി എന്നീ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

91. വടക്കുതല ജലസേചന പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന സമിതി ചോദ്യത്തിന് പ്രസ്തുത ജലസേചന പദ്ധതി പ്രവർത്തനക്ഷമമാണെന്നും, ഇതു സംബന്ധിച്ച മറുപടി തദ്ദേശസ്വയംഭരണ വകുപ്പിന് നൽകിയിട്ടുണ്ടെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

92. ഗുണഭോക്തൃ പ്രവൃത്തിക്ക് 30% അധിക നിരക്കിന് പകരം 10% അധികരിച്ച് 40% തുക നൽകി എന്ന പരാമർശത്തെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ ഓപ്പൺ വെൽ നിർമ്മാണത്തിന് 40% വരെ തുക കൊടുക്കാമെന്ന് ഗവൺമെന്റ് ഉത്തരവ് ഉണ്ടെന്ന് സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് ഓപ്പൺ വെൽ നിർമ്മാണത്തിന് 40% തുക നൽകിയതു സംബന്ധിച്ച് ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങി റിപ്പോർട്ട് നൽകണമെന്ന് സമിതി നിർദ്ദേശിച്ചു. പ്രസ്തുത റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി ഉറപ്പ് നൽകി.

## നിഗമനങ്ങളും ശിപാർശകളും

93. മുക്കം, മുടാടി, ഉള്ള്യേരി, കൊടിയത്തൂർ, കുന്ദമംഗലം, അത്തോളി, താമരശ്ശേരി, പെരുമണ്ണ, ചെറുവണ്ണൂർ, നല്ലളം, അഴിയൂർ, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ അവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.

94. ബേപ്പൂരിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് ടാറിംഗിനായി അധികം നൽകിയ തുക (പ്രവൃത്തി നടന്ന കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ജേക്കബ് സെബാസ്റ്റ്യനിൽ നിന്നും) അടിയന്തരമായി ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

95. മണ്ണ് ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ നടത്താതിരുന്നതുമൂലം അധികം ചെലവായ തുക ഈടാക്കുന്നതിനായി ടിയാനെതിരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി കോഴിക്കോട് കോർപ്പറേഷൻ (ബേപ്പൂർ സോണൽ) അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം നഷ്ടത്തുക തിരിച്ച് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഒരാഴ്ചയ്ക്കുള്ളിൽ സമിതിയെ അറിയിക്കണമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു.

96. ബേപ്പൂർ സോണുമായി ബന്ധപ്പെട്ട ശേഷിക്കുന്ന പ്രവൃത്തികളായ ഓടകളിലെ മണ്ണ് നീക്കൽ, തട്ടാടത്ത് കാവ് കണ്ടത്ത് പറമ്പ് റോഡ് ടാറിംഗ്, മാത്തോട്ടം പൂലാമറ്റം വയൽ റോഡ് പരിഷ്ക്കരണം, ചെമ്പകചോല ഫുട്പാത്ത് നിർമ്മാണം എന്നിവയെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.

97. ഏലത്തൂരിലെ എസ്.കെ. ബസാർ - സുബ്രഹ്മണ്യം റോഡ് ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അടിയന്തരമായി ഈടാക്കി ആയത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.

98. കായക്കൊടി ഗ്രാമപഞ്ചായത്തിലെ എം.എൽ.എ. റോഡ് മുതൽ ചേറ്റുവയൽ റോഡ് വരെയുള്ള റോഡ് ടാറിംഗ് പ്രവൃത്തിയ്ക്കായി അധികം നൽകിയ 7,770 രൂപ

**പ്രസ്തുത പ്രവൃത്തിയുടെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഹരിജൻ കോളനി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**99. കോഴിക്കോട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച കോരപ്പുഴയുടെ തീരസംരക്ഷണം, ഈങ്ങോറച്ചാലിൽ ജലസേചന പദ്ധതി എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതോടൊപ്പം അവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. വടക്കുതല ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി പ്രവൃത്തിയ്ക്ക് അധികം നൽകിയ 10% തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

<u>ഓഡിറ്റ് ഖണ്ഡിക</u>

**ബഡ്ജറ്റ് തയ്യാറാക്കി അംഗീകരിക്കാതെ തുക ചെലവഴിച്ചു**

<u>ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്) ഖണ്ഡിക 2.1</u>

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് പ്രകാരം ഓരോ വർഷവും ജനുവരി 15-ന് മുമ്പ് ബന്ധപ്പെട്ട സ്റ്റാന്റിംഗ് കമ്മിറ്റികൾ ബഡ്ജറ്റ് നിർദ്ദേശങ്ങൾ ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റിക്ക് സമർപ്പിക്കേണ്ടതും, ധനകാര്യ സ്റ്റാന്റിംഗ് കമ്മിറ്റി ബഡ്ജറ്റ് തയ്യാറാക്കി മാർച്ച് മാസം ആദ്യ ആഴ്ച പഞ്ചായത്തിന് സമർപ്പിക്കേണ്ടതും വർഷം തുടങ്ങുന്നതിനു മുമ്പായി പഞ്ചായത്ത് ബഡ്ജറ്റ് പാസ്സാക്കേണ്ടതുമാണ്. എന്നാൽ ഇതിനുവിരുദ്ധമായി കോഴിക്കോട് ജില്ലാ പഞ്ചായത്ത് 2002-03 വർഷത്തിൽ ബഡ്ജറ്റ് പാസ്സാക്കാതെ ചെലവ് ചെയ്തു. ബഡ്ജറ്റ് പസാക്കാതെ ചെലവ് ചെയ്തതിന് സർക്കാരിന്റെ സാധൂകരണം വാങ്ങേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

100. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**101. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഫൈനൽ ബില്ലിൽ നിന്നും ആദായ നികുതി കുറവ് ചെയ്തില്ല**

ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്) ഖണ്ഡിക 2.14

താഴെ വിവരിക്കുന്ന 8 മരാമത്ത് പ്രവർത്തികളിലായി കരാറുകാരിൽ നിന്നും നിയമാനുസൃതമായ ആദായ നികുതി അവസാന ബില്ലിൽ നിന്നും കുറവ് ചെയ്യാതിരുന്നതിനാൽ മൊത്തം 74,923 രൂപ കേന്ദ്ര സർക്കാരിന് നഷ്ടം സംഭവിച്ചു. ആയത് ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

| വിവരണം | | കുറവുചെയ്യാത്ത തുക |
|---|---|---|
| 1 | ചാത്തൻകോട് നടുമുറ്റത്തെ പ്ലാവ് പശുക്കാവ് പ്രവൃത്തി | 13,098 |
| 2 | മൂന്നാം കൈ - കരിങ്ങാട് കൈവേലി റോഡ് പ്രവൃത്തി | 8,103 |
| 3 | കുറ്റ്യാടി ഗവൺമെന്റ് ഹയർ സെക്കണ്ടറി സ്കൂളിൽ ഗ്രൗണ്ട് പരിഷ്കരണ പ്രവൃത്തി | 4,287 |
| 4 | കൈപ്രംവലക്കെട്ട് കുറ്റ്യാടി റോഡ് പ്രവൃത്തി | 18,583 |
| 5 | മുക്കം കാരശ്ശേരി കൊടിയത്തൂർ കാവിലട റോഡ് റിപ്പയർ | 3,333 |
| 6 | കുളങ്ങരത്ത് നവ്യത്താംകുണ്ട് വാളുക്ക് വിലങ്ങാട് റോഡ് പരിഷ്കരണ പ്രവൃത്തി | 8,945 |
| 7 | ചെറുകുന്ന് ജി.യു.പി. സ്കൂൾ കെട്ടിടം നിർമ്മിക്കൽ | 17,428 |
| 8 | ജില്ലാ പഞ്ചായത്ത് അഡീഷണൽ ബ്ലോക്ക് വൈദ്യുതീകരണം | 1,154 |
| | ആകെ | 74,931 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

102. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് യു.എൽ.സി.സി.എസ്. ആദായനികുതി അടച്ചിട്ടുണ്ടെന്നാണ് പഞ്ചായത്തിന് നൽകിയ റിപ്പോർട്ടിൽ സൂചിപ്പിച്ചിട്ടുള്ളതെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. യു.എൽ.സി.സി.എസ്. അടച്ച രസീത് ഗവൺമെന്റിന് സമർപ്പിക്കണമെന്ന് ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി അഭിപ്രായപ്പെട്ടു. തുടർന്ന് 85/04 നമ്പർ ചെലാൻ പ്രകാരം ട്രഷറിയിൽ അടവാക്കിയിട്ടുണ്ടെന്ന് പഞ്ചായത്ത് സമർപ്പിച്ച മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**103. ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടാറിന് അധിക വില നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്) ഖണ്ഡിക 2.16

റോഡ് പരിഷ്കരണത്തിനായി ഗുണഭോക്തൃ കമ്മിറ്റികൾക്ക് നൽകുന്നതിനുവേണ്ടി 168.20 ടൺ ടാർ വാങ്ങുന്നതിന് ടണ്ണിന് 12,418.54 രൂപ നിരക്കിൽ 20,88,708 രൂപ 03/02-ൽ കൊച്ചിൻ റിഫൈനറിയിൽ അടച്ചു. എന്നാൽ മുഴുവൻ ടാറും യഥാസമയം എടുക്കാത്തതിനാൽ 12/02 മുതൽ വർദ്ധിപ്പിച്ച നിരക്കിൽ ടണ്ണിന് 16,241.68 രൂപ എണ്ണക്കമ്പനിക്ക് നൽകേണ്ടിവന്നു. 3,39,565 രൂപ ഈയിനത്തിൽ അധികം ചെലവായി. യഥാസമയം ടാർ റിഫൈനറിയിൽ നിന്ന് എടുത്തിരുന്നുവെങ്കിൽ ടണ്ണിന് 12,418.54 രൂപ വച്ച് ടാർ ലഭിക്കുമായിരുന്നു. പഞ്ചായത്തിന് നഷ്ടമായ തുക ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

104. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**105. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മണ്ണ്/ജല സംരക്ഷണ പ്രവൃത്തികൾ -അധിക സബ്സിഡി നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്) ഖണ്ഡിക 2.29

മണ്ണ് സംരക്ഷണത്തിനുള്ള എല്ലാ പ്രോജക്ടുകളും പശ്ചിമഘട്ട വികസന പദ്ധതിയുടെ സബ്സിഡി നിരക്ക് പാലിച്ച് നടപ്പിലാക്കണമെന്ന് സംസ്ഥാന ആസൂത്രണ ബോർഡിന്റെ 15-12-2002-ലെ 6310(1)/02/ഡി.പി/എസ്.പി.ബി.എം. നമ്പർ കത്തിലും ജില്ലാ ആസൂത്രണ സമിതിയുടെ 10-1-2003-ലെ 801/02/ഡി.പി.എൻ/ഡി.ഡി. നമ്പർ കത്തിലും വ്യക്തമാക്കിയിട്ടുണ്ട്. പശ്ചിമഘട്ട വികസന പദ്ധതിയിൽ 1 ഹെക്ടറിന് 7,500 രൂപ സബ്സിഡിയാണ് അനുവദനീയമായിട്ടുള്ളത്. എന്നാൽ ഇതിനുവിരുദ്ധമായി മണ്ണ് സംരക്ഷണ പ്രവർത്തിക്ക് 100% സബ്സിഡി നിരക്ക് നൽകിയിട്ടുണ്ട്. ഇപ്രകാരം 7,54,522 രൂപ അധിക സബ്സിഡി നൽകി. 2000-01-ൽ ആരംഭിച്ച പദ്ധതി 2002-03 വർഷത്തിലും തുടരുന്നു. പദ്ധതി ആരംഭിച്ച് 2 വർഷമായിട്ടും മുഴുവൻ ഗുണഭോക്താക്കളെയും ചട്ട പ്രകാരം തെരഞ്ഞെടുക്കാനും ജില്ലാ പഞ്ചായത്തിന് കഴിഞ്ഞിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.4]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

106. ഗവൺമെന്റിന്റെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച ഫയൽ നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**107. സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**എസ്.ജി.ആർ.വൈ.പ്രവർത്തികൾ-പണമടച്ച മുഴുവൻ തുകയ്ക്കും ടാർ വാങ്ങിയിട്ടില്ല:**

ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്) ഖണ്ഡിക 2.42

കേന്ദ്രാവിഷ്കൃത പദ്ധതി പ്രകാരം ടാറിങ്ങ് പ്രവൃത്തി ഏറ്റെടുത്ത് നടത്തുന്നതിന് വ്യവസ്ഥയുണ്ടായിരുന്നില്ല. ഇത് ലംഘിച്ച് ധാരാളം പ്രവൃത്തി ഏറ്റെടുത്ത് 472 ബാരൽ ടാർ വാങ്ങുന്നതിന് 12,44,159 രൂപ ഭാരത് പെട്രോളിയം കോർപ്പറേഷന് 21-3-2003-ൽ നൽകി. 9,27,897 രൂപ വില വരുന്ന 382 ബാരൽ ടാർ മാത്രമാണ് ലഭിച്ചത്. ബാക്കി 3,16,262 രൂപ ഭാരത് പെട്രോളിയം കോർപ്പറേഷനിൽ കിടക്കുകയാണ്. ഇതിനോടകം ടാറിന്റെ വിലയായി എസ്.ജി.ആർ.വൈ.ഫണ്ടിൽ നിന്ന് അധികം അടച്ച തുക കേരള വികസനപദ്ധതി ഫണ്ടിൽ നിന്നും വക മാറ്റി പിൻവലിച്ച് എസ്.ജി.ആർ.വൈ. ഫണ്ടിൽ അടച്ചു. എന്നാൽ കേരള വികസന പദ്ധതി ഫണ്ട് വകമാറ്റി ചെലവഴിച്ചതിന് ഡി.പി.സി., എസ്.എൽ.ഇ.സി. എന്നിവയുടെ അംഗീകാരം വാങ്ങിയില്ല.

ചട്ടങ്ങൾക്ക് വിരുദ്ധമായി എസ്.ജി.ആർ.വൈ. ഫണ്ടുപയോഗിച്ച് ടാറിങ്ങ് നടത്തിയതിനും പ്രവർത്തിക്ക് ആവശ്യമായതിലും കൂടുതൽ ടാറിന് പണം ഭാരത് പെട്രോളിയത്തിൽ അടച്ചതിനും ഡി.പി.സി.യുടെയും എസ്.എൽ.ഇ.സി. യുടെയും അംഗീകാരം വാങ്ങാതെ കേരള വികസന പദ്ധതി ഫണ്ട് വകമാറ്റി ചെലവഴിച്ചതിനും ഉത്തരവാദിയായവരുടെ വിശദീകരണം നൽകേണ്ടതാണ്. കൂടാതെ ഭാരത് പെട്രോളിയം കോർപ്പറേഷന് പ്ലാൻ ഫണ്ടിൽ നിന്നും വകമാറ്റി അടച്ച 3,16,262 രൂപ ഈടാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് തുക സംസ്ഥാന ഫണ്ടിൽ തിരിച്ചടയ്ക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.5]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

108. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് ബി.പി.സി.എൽ.-ൽ നിന്ന് തുക ലഭ്യമാക്കാനുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. ബി.പി.സി.എൽ.-ൽ നിന്ന് തുക ലഭിക്കാൻ വളരെ ബുദ്ധിമുട്ടാണെന്നും രേഖകളൊന്നും ബി.പി.സി.എൽ-ന്റെ കൈവശം ഇല്ലെന്നും, 2002-03 കാലയളവിൽ ഉണ്ടായിരുന്ന സെക്രട്ടറി മരിച്ചുപോയതിനാൽ ബാദ്ധ്യത നിശ്ചയിക്കാൻ സാധിക്കുകയില്ലെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ അറിയിച്ചു. തുടർന്ന് ഗവൺമെന്റിന്റെ പ്രസ്തുത മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം ഒഴിവാക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

109. **പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കനോലി കനാൽ-പായലും ഇതര മാലിന്യങ്ങളും നീക്കം ചെയ്യൽ- അപാകതകൾ**

ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്) ഖണ്ഡിക 2.44

പഞ്ചായത്ത് രാജ് നിയമം 173-ാം വകുപ്പനുസരിച്ച് ജില്ലാ പഞ്ചായത്ത് പ്രദേശങ്ങളിൽ നടത്തേണ്ട പ്രവൃത്തികളിൽ മേഖലാ നിയന്ത്രണം ലംഘിച്ച് നഗരസഭാ പ്രദേശത്തും ഏറ്റെടുത്ത് നടത്തി. എസ്.ജി.ആർ.വൈ. സ്കീം പ്രകാരമുള്ള പ്രവൃത്തികൾ ഗുണഭോക്തൃ കമ്മിറ്റി മുഖേന നടപ്പിലാക്കണമെന്ന നിർദ്ദേശം പാലിച്ചില്ല. നിലവിലുള്ള കനോലി കനാൽ ഡെവലപ്മെന്റ് കമ്മിറ്റി വഴി തദ്ദേശ സ്ഥാപനങ്ങളിൽ നിന്നും ലഭിച്ച തുക വിവിധ വർഷങ്ങളിലായി ചെലവഴിച്ചു. പ്രവൃത്തിയുടെ ഭക്ഷ്യ ധാന്യ വിഹിതമായി ലഭിച്ച 120967 കിലോഗ്രാം അരി തൊഴിലാളികൾക്ക് വിതരണം ചെയ്യാതെ മസ്റ്റർ റോൾ പ്രകാരം കൂലി പൂർണ്ണമായും പണമായി നൽകി. കൺവീനർക്ക് സബ്സിഡി നിരക്കിൽ ലഭിച്ച 121 ടൺ അരി തൊഴിലാളികൾക്ക് വിതരണം ചെയ്യാതെ കൂലി പണമായി നൽകുമായിരുന്നു. കിലോഗ്രാമിന് 6.20 രൂപ സബ്സിഡി നിരക്കിൽ ലഭിച്ച അരി കൺവീനർ പൊതു വിപണിയിൽ വിറ്റഴിച്ചു എന്ന് ഇതിൽ നിന്നും വ്യക്തമാകുന്നു. സബ്സിഡി നിരക്കിൽ ലഭിച്ച അരി 10 രൂപ നിരക്കിലെങ്കിലും വിറ്റഴിച്ചാൽ 1,20,967 കിലോഗ്രാം അരിക്ക് സബ്സിഡി തുക കഴിച്ച് 4,59,675 രൂപ (120967 X 3.80) കൺവീനർക്ക് അധികം ലഭിച്ചിട്ടുണ്ട്. മേൽ വിശദീകരിച്ച പ്രകാരം 120967 കിലോ അരി ദുരുപയോഗം നടത്തിയതിന് ഉത്തരവാദിയായവരിൽ നിന്നും നഷ്ടം നികത്താനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.6]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

110. കനോലി കനാലിന്റെ ശുചീകരണ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടോയെന്നും, സബ്സിഡി തുക കഴിച്ച് കൺവീനർക്ക് 4,59,625 രൂപ കൂടുതൽ ലഭ്യമായത് എങ്ങനെയാണെന്നും സമിതി ആരാഞ്ഞതിന് കനാൽ ശുദ്ധീകരിച്ചിട്ടുണ്ടെന്നും, എസ്.ജി.ആർ.വൈ. പ്രകാരം " അരി ഇല്ലെങ്കിൽ പണം കൊടുക്കാം "- എന്നുള്ള ഉത്തരവ് ഗൈഡ്ലൈനിലുണ്ടെന്നും, ആയതിന്റെ അടിസ്ഥാനത്തിലാണ് തുക കൊടുത്തതെന്നും പ്രവൃത്തികളെല്ലാം പൂർത്തിയാക്കിയതിന്റെ ബില്ലുകൾ കൊടുത്തു തീർത്തതാണെന്നും കൺവീനർക്ക് അധിക തുക നൽകിയത് സംബന്ധിച്ചല്ല ഓഡിറ്റ് പരാമർശമെന്നും അരിയുടെ വില നൽകുന്നതിന് പകരം കൂടുതൽ തുക കൊടുത്തു എന്നുള്ളതാണ് അപാകതയെന്നും, അരി പൊതു മാർക്കറ്റിലെ റേറ്റുമായി താരതമ്യം ചെയ്യുമ്പോൾ അത്രയും വരുന്നു എന്നതാണ് ഓഡിറ്റിന്റെ കണ്ടെത്തൽ എന്നും, കിലോഗ്രാമിന് 6.20 രൂപയ്ക്ക് ലഭിക്കുമായിരുന്ന അരി പൊതു മാർക്കറ്റിൽ വിറ്റിരുന്നുവെങ്കിൽ 12 രൂപ നിരക്കിൽ

കിട്ടുമായിരുന്നുവെന്നും ആയതിലുള്ള വ്യത്യാസമാണ് ഓഡിറ്റ് ചൂണ്ടിക്കാണിക്കുന്നതെന്നും ജില്ലാ പഞ്ചായത്ത് സെക്രട്ടറി മറുപടി നൽകി. പ്രസ്തുത വിഷയം സംബന്ധിച്ച് പഞ്ചായത്ത് വിശദീകരണം തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടുണ്ടെന്നും, ആയത് തൃപ്തികരമാണെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ ബോധിപ്പിച്ചു. പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

111. **ഓഡിറ്റ് പരാമർശം സംബന്ധിച്ച് ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കോരങ്ങാട് കോളിക്കൽ റോഡ്-ഒരേ റീച്ചിൽ ഒരേ സമയം രണ്ടു പേർ പ്രവൃത്തി നടത്തി**

ഓഡിറ്റ് റിപ്പോർട്ട് 2002-03(ചെലവ്) ഖണ്ഡിക 2.47

ജില്ലാ പഞ്ചായത്തിന് പി.ഡബ്ല്യൂ.ഡി.യിൽ നിന്നും വിട്ടു കിട്ടിയ കോരങ്ങാട് കോളിക്കൽ റോഡിൽ കി.മീ1/500 മുതൽ 3/200 വരെ ഭാഗത്ത് ഗുണഭോക്തൃ സമിതി 6,46,164 രൂപ മൂല്യത്തിൽ സബ്ബേസ് മെറ്റലിങ്, മെറ്റലിങ്, ടാറിങ് എന്നീ പ്രവൃത്തികൾ നടത്തി. ഇതേ റോഡിന്റെ 0/00 മുതൽ 2/200 വരെ ഭാഗത്ത് ഇതേ കാലയളവിൽ പാച്ച് വർക്ക് നടത്തിയതിന് കരാറുകാരന് 25,000 രൂപ അനുവദിച്ച് എഗ്രിമെന്റ് വെച്ച് ഗുണഭോക്തൃ സമിതിയ്ക്ക് കൈമാറിയ വർക്ക് സൈറ്റിൽ പ്രസ്തുത പ്രവൃത്തി നടന്നുകൊണ്ടിരിക്കുമ്പോൾ എങ്ങനെയാണ് അതേ റീച്ചിൽ ഉൾപ്പെട്ട ഭാഗത്ത് കരാറുകാരൻ റിപ്പയർ പ്രവൃത്തി നടത്തിയതെന്ന് വ്യക്തമാവുന്നില്ല. അപാകതയ്ക്ക് വിശദീകരണം നൽകേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.7]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

112. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**113. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മേഖലാടിസ്ഥാനത്തിലുള്ള ചുമതലകൾ മറികടന്ന് പണം ചെലവഴിച്ചു**

ഓഡിറ്റ് റിപ്പോർട്ട് 2002-03 (ചെലവ്)ഖണ്ഡിക:2.50(1)

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം 173(1) വകുപ്പ് പ്രകാരം സർക്കാർ ഹൈസ്കൂളുകളുടെയും അതിനോട് ചേർന്ന് നിൽക്കുന്ന യു.പി./എൽ.പി. സ്കൂളുകളുടെയും നടത്തിപ്പ് ചുമതലയാണ് ജില്ലാ പഞ്ചായത്തിൽ നിക്ഷിപ്തമായിട്ടുള്ളത്. എന്നാൽ ഇതിന് വിരുദ്ധമായി ജില്ലാ പഞ്ചായത്തിന്റെ അനിവാര്യ ചുമതലകളിൽപ്പെടാത്തതും സർക്കാർ ഹൈസ്കൂളുകളോട് ചേർന്ന് നിൽക്കാത്തതുമായ, കരിങ്കല്ലായി ഗവൺമെന്റ് മാപ്പിള എൽ.പി.സ്കൂളിന്റെ കെട്ടിട നിർമ്മാണത്തിന് എസ്.ജി.ആർ.വൈ. പദ്ധതിയിൽ ഉൾപ്പെടുത്തി 523309 രൂപ ചെലവഴിച്ചതിന് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.80.8]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

114. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**115. പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**പയ്യോളി ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**വനിതാ കമ്പ്യൂട്ടർ പരിശീലനം - തുക നിരാകരിക്കുന്നത്**

ഓഡിറ്റ് റിപ്പോർട്ട്: 2002-03 ഖണ്ഡിക 3.7

കേരള വികസന പദ്ധതിയിൻകീഴിൽ 76 വനിതകൾക്ക് 3 മാസത്തെ കമ്പ്യൂട്ടർ പരിശീലനത്തിന് ഒരു ഗുണഭോക്താവിന് 825 രൂപ നിരക്കിൽ 62,700 രൂപ മൈക്രോടെക് മേലടി എന്ന സ്ഥാപനത്തിന് പദ്ധതി വിഹിതത്തിന്റെ 75% തുക 7/02-ൽ

മുൻകൂറായി നൽകി. പരിശീലനം നടക്കാത്തതിനാൽ പഞ്ചായത്ത് സെക്രട്ടറി 6-2-2004-ന് സ്ഥാപനത്തിനയച്ച കത്തിൽ 62,700 രൂപയും 18% പലിശയുമടക്കം 80,570 രൂപ തിരിച്ചടയ്ക്കാൻ ആവശ്യപ്പെട്ടിരുന്നു. തുക ബന്ധപ്പെട്ട സ്ഥാപനം തിരിച്ചടച്ചിട്ടില്ല. എന്നാൽ സെക്രട്ടറി തുക ഈടാക്കാനാവശ്യമായ യാതൊരു നടപടികളും സ്വീകരിച്ചിട്ടില്ല. തുക ഉത്തരവാദിയായവരിൽ നിന്നും തിരിച്ചുപിടിക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.84.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

116. വനിതകൾക്ക് കമ്പ്യൂട്ടർ പരിശീലനം നൽകുന്നതിനായി മൈക്രോടെക് മേലടി എന്ന സ്ഥാപനത്തിന് മുൻകൂറായി നൽകിയ തുക തിരിച്ചുപിടിക്കാനുള്ള നടപടി സ്വീകരിക്കാത്തത് എന്തുകൊണ്ടാണെന്ന സമിതി ആരാഞ്ഞതിന് കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തീകരിക്കുകയും, സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും ചെയ്തിട്ടുള്ളതായും, പ്രസ്തുത റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളതായും പയ്യോളി മുനിസിപ്പാലിറ്റി സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് തദ്ദേശസ്വയംഭരണ വകുപ്പിന് പ്രസ്തുത റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**117. കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തീകരിച്ചതായും ആയതു സംബന്ധിച്ച സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും തുടർന്ന് ഭരണ വകുപ്പിന് ഇതിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും, പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതായി തദ്ദേശസ്വയംഭരണ വകുപ്പ് സമിതിയെ അറിയിച്ചതിന്റെയും അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പയ്യോളി ബസ്സ്റ്റാന്റ് -കം-ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണം - കൺവീനർക്ക് അധിക നിരക്ക് നൽകി**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3.2

പയ്യോളി ബസ്സ്റ്റാന്റ്-കം-ഷോപ്പിംഗ് കോപ്ലക്സ് നിർമ്മാണവുമായി ബന്ധപ്പെട്ട് കൺവീനറുടെ സ്വന്തം മണ്ണ് കൊണ്ടുവന്ന് സ്ഥലം നികത്തുന്നതിനുള്ള പ്രവർത്തിയ്ക്ക് 10 എം3-ന് 886 രൂപ നിരക്കിൽ 8965.66 എം3 മണ്ണ് നിറച്ചതിന് 7,94,357 രൂപ നൽകി.

എസ്.ഐ.56 പ്രകാരമുള്ള പണിക്കൂലിയും ലോറി ചാർജ്ജും ചേർന്നാണ് ഈ നിരക്ക്. ഈ രണ്ട് ഇനങ്ങളിലും ആദ്യ ലീഡിനും ലിഫ്റ്റിനുമുള്ള ചാർജ്ജ് അടങ്ങിയതിനാൽ അതിന്റെ ആവർത്തനം ഒഴിവാക്കാൻ വേണ്ടി ഒരു ലീഡിന്റെയും ലിഫ്റ്റിന്റെയും ചാർജ്ജായ 155.40 രൂപ (2.1 സ്ക്രീ) മേൽ കൊടുത്ത നിരക്കിൽ നിന്നും കുറയ്ക്കേണ്ടതാണ്. അതായത് 10 എം3-ന് 730 രൂപ നിരക്ക് മാത്രമേ അനുവദിക്കാവൂ. കൺവീനർക്ക് അധികം നൽകിയ 1,39,864 രൂപ (794357-654493) ഓഡിറ്റിൽ അംഗീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.84.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

118. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**119. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

### ചെറുവണ്ണൂർ - നല്ലളം ഗ്രാമപഞ്ചായത്ത്

<u>ഓഡിറ്റ് ഖണ്ഡിക</u>

**കരാറുകാർക്ക് നൽകിയ ടാറിങ് അധിക മൂല്യം കണക്കാക്കി.**

<u>ഓഡിറ്റ് റിപ്പോർട്ട് - 2003-04 ഖണ്ഡിക 3.1.3</u>

2003-04 വർഷത്തിൽ സെക്രട്ടറി നിർവ്വഹണോദ്യോഗസ്ഥനായി പദ്ധതി വിഹിതം ഉപയോഗിച്ച് നടപ്പിലാക്കിയ 12 പദ്ധതികളിൽ ഗ്രാമപഞ്ചായത്ത് വാങ്ങി കരാറുകാർക്ക് നൽകിയ ടാറിന് 10% കോൺട്രാക്ടറുടെ ലാഭം ഉൾപ്പെടുത്തി പ്രവൃത്തി മൂല്യം കണക്കാക്കി കരാറുകാർക്ക് പണം നൽകി. തൽഫലമായി കരാറുകാർക്ക് 28,753 രൂപ അധികം നൽകി. അധിക നിരക്ക് നൽകിയ വകയിൽ വന്ന നഷ്ടമായ 28,753 രൂപ ഓഡിറ്റിൽ അംഗീകരിക്കുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.85.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

120. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**121. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ടാർ നഷ്ടപ്പെട്ടതുമൂലം സാമ്പത്തിക നഷ്ടം**

ഓഡിറ്റ് റിപ്പോർട്ട് - 2003-04 ഖണ്ഡിക 3.14

2003-04 വർഷത്തെ ടാറിന്റെ സ്റ്റോക്ക് രജിസ്റ്റർ പ്രകാരം മുൻബാക്കിയായി 24 ബാരൽ ടാർ ഉണ്ടായിരുന്നു. എന്നാൽ മേൽപ്പറഞ്ഞ അളവ് ടാർ പ്രവർത്തിയ്ക്ക് ഉപയോഗിച്ചതായി കാണുന്നില്ല. എന്നാൽ അന്വേഷണത്തിൽ 24 ബാരൽ ടാർ നഷ്ടപ്പെട്ടതായി അറിഞ്ഞു. നഷ്ടപ്പെട്ട ടാറിന്റെ വിലയായ 53,240 രൂപയും കൺവേയൻസും കണക്കാക്കി ഉത്തരവാദിയായവരിൽ നിന്നും ഈടാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.85.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

122. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് ടാർ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 53,240 രൂപ അടവാക്കണമെന്നാവശ്യപ്പെട്ട് അസിസ്റ്റന്റ് എഞ്ചിനീയറായ ശ്രീ. ജേക്കബ് സെബാസ്റ്റ്യന് 29-8-2017-ൽ കത്ത് നൽകുകയുണ്ടായെന്നും ആയതിന് ടിയാൻ 23-9-2017-ൽ മറുപടി നൽകിയിട്ടുണ്ടെന്നും, പ്രസ്തുത മറുപടി 22-12-2017-ന് എൽ.എസ്.ജി.ഡി. ഡയറക്ടർക്ക് അയച്ചുകൊടുക്കുകയുണ്ടായെന്നും നല്ലളം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു. പ്രസ്തുത വിഷയം തദ്ദേശസ്വയംഭരണ വകുപ്പ് പരിശോധിച്ച് മറുപടി ലഭ്യമാക്കുവാൻ സമിതി ആവശ്യപ്പെട്ടപ്പോൾ ടി വിഷയം പരിശോധിച്ച് റിപ്പോർട്ട് സമർപ്പിക്കാമെന്ന് ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് സമിതിയെ അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**123. ബാരൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 53,240 രൂപ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ എൽ.എസ്.ജി.ഡി. ഡയറക്ടർക്ക് പഞ്ചായത്ത് അധികൃതർ**

**ലഭ്യമാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**പാലാറ്റിപ്പാടം - മങ്കുഴി ജലവിതരണ പദ്ധതി - പ്രവൃത്തി പൂർത്തിയാക്കാതെ റീ-ടെൻഷൻ തുക നൽകി.**

ഓഡിറ്റ് റിപ്പോർട്ട് 2003-04, ഖണ്ഡിക 3.16

1997-98 വർഷത്തിൽ ആരംഭിച്ച പാലാറ്റിപ്പാടം-മങ്കുഴി ജലവിതരണ പദ്ധതിയിൽ 30-4-2002 വരെ 31,94,385 രൂപ ചെലവഴിച്ചു. 31-3-2000 നകം പൂർത്തീകരിയ്ക്കേണ്ട പ്രവൃത്തി 10/05 വരെയും പൂർത്തീകരിച്ച് ഫൈനൽ ബിൽ സമർപ്പിച്ചിട്ടില്ല. ഫൈനൽ ബിൽ സമർപ്പിക്കാത്ത കരാറുകാരന് 2003-04-ൽ 34,000 രൂപ റീ ടെൻഷൻ തുകയും പരിപാലനചെലവിനത്തിൽ 10,960 രൂപയും അടക്കം 44,960 രൂപ നൽകി. 2,000 കുടുംബാംഗങ്ങൾക്ക് ശുദ്ധജലം എത്തിക്കുവാൻ ലക്ഷ്യമിട്ട് ആരംഭിച്ചതും ലക്ഷക്കണക്കിന് രൂപ ചെലവഴിച്ചതുമായ പദ്ധതികൊണ്ട് ഒരു കുടുംബത്തിന് പോലും ശുദ്ധജലമെത്തിക്കാൻ കഴിഞ്ഞിട്ടില്ലെന്നത് നേരിട്ടുള്ള പരിശോധനയിൽ വ്യക്തമായി. ജലവിതരണത്തിനായി നിർമ്മിച്ച കിണറിലും ഫിൽട്രേഷൻ ഗാലറിയിലും മലിനജലം നിറഞ്ഞുനിൽക്കുകയും പൊതുജനങ്ങൾ മാലിന്യങ്ങൾ നിക്ഷേപിക്കുകയുമാണ് ചെയ്യുന്നത്. പദ്ധതി നടത്തിപ്പ് സംബന്ധിച്ച് സമഗ്രമായ അന്വേഷണം ആവശ്യമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.85.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം-II ആയി ചേർത്തിരിക്കുന്നു.

124. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പാലാറ്റിപ്പാടം- മങ്കുഴി ജലവിതരണ പദ്ധതി പൂർത്തിയാക്കാത്തതിനെ തുടർന്ന് ആ കാലയളവിലെ പഞ്ചായത്ത് ഭരണ സമിതിയുടെ നിർദ്ദേശ പ്രകാരം എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് തീരുമാനമെടുത്തതായിട്ടാണ് മനസ്സിലാക്കാൻ കഴിയുന്നതെന്നും, പ്രസ്തുത തീരുമാനം സർക്കാർ സാധൂകരണത്തിന് സമർപ്പിച്ചിട്ടുള്ളതായ രേഖകൾ ഉണ്ടെന്നും ചെറുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സർക്കാർ സാധൂകരണത്തിനായി അപേക്ഷ സമർപ്പിച്ചതായി പഞ്ചായത്ത് ലഭ്യമാക്കിയ രേഖകളിൽ സൂചിപ്പിച്ചിട്ടില്ലെന്നും പ്രസ്തുത പ്രദേശം പദ്ധതിയ്ക്ക് അനുയോജ്യമല്ലെന്നാണ് അറിയിച്ചിരിക്കുന്നതെന്നും അഭിപ്രായപ്പെട്ട സമിതി പ്രസ്തുത കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തനക്ഷമമാണോ എന്ന് അന്വേഷിച്ചതിന് ടി പദ്ധതി പ്രവർത്തനക്ഷമമല്ല എന്ന് സെക്രട്ടറി മറുപടി നൽകി.

125. പദ്ധതി പ്രാവർത്തികമാകണമെങ്കിൽ അതിന് ഭീമമായ തുക ചെലവഴിക്കേണ്ടി വരുമെന്നും, പഞ്ചായത്ത് നാളിതുവരെയും ഫൈനൽ ബില്ല് സമർപ്പിച്ചിട്ടില്ലെന്നും, പ്രസ്തുത വിഷയം നഗരകാര്യ വകുപ്പിന് കീഴിൽ വരുന്നതാണെങ്കിലും തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുന്നതാണെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിനെ തുടർന്ന് പഞ്ചായത്തിന്റെ റിപ്പോർട്ട് പ്രകാരം 575 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയിട്ടുള്ളതായാണ് അറിയിച്ചിരിക്കുന്നതെന്നും നിലവിൽ പ്രവർത്തനക്ഷമമല്ലാത്ത പദ്ധതി പ്രകാരം എങ്ങനെയാണ് കുടിവെള്ളം ലഭ്യമാക്കുന്നതെന്നും സമിതി മുമ്പാകെ ഉദ്യോഗസ്ഥർ തെളിവെടുപ്പിനായി ഹാജരാകുമ്പോൾ ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് കാര്യങ്ങൾ പഠിച്ച് വേണം ഹാജരാകേണ്ടതെന്നും നിർദ്ദേശിച്ച സമിതി പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കുവാൻ നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**126. പരാമർശവിധേയമായ പാലാറ്റിപ്പാടം - മങ്കുഴി ജലവിതരണ പദ്ധതി പൂർത്തീകരിക്കാത്തതിന്റെ പേരിൽ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനത്തിന്റെ സാധൂകരണത്തിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും സമിതിയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ ആയത് സംബന്ധിച്ച് യാതൊന്നും സൂചിപ്പിച്ചിട്ടില്ലെന്നും, പദ്ധതി നിലവിലും പ്രവർത്തനക്ഷമമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. മാത്രവുമല്ല പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള പദ്ധതി പ്രകാരം 575 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയതായി കാണിച്ചുകൊണ്ട് പഞ്ചായത്ത് അധികൃതർ അവ്യക്തമായ റിപ്പോർട്ട് സമർപ്പിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു.**

**127. തെളിവെടുപ്പിനായി ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ഹാജരാകുമ്പോൾ ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ച് വേണം ഹാജരാക്കേണ്ടതെന്ന കർശന നിർദ്ദേശം നൽകുന്നതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

## ഏലത്തൂർ ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ - പദ്ധതി നടത്തിപ്പിലെ അപാകതകൾ**

ഓഡിറ്റ് റിപ്പോർട്ട് 2003-04 ഖണ്ഡിക 3.11

പഞ്ചായത്തിലെ നീർത്തട വികസനം സാദ്ധ്യമാക്കുക എന്ന ലക്ഷ്യത്തോടെ നീർത്തടാധിഷ്ഠിത മാസ്റ്റർ പ്ലാൻ തയ്യാറാക്കുന്നതിന് 75,000 രൂപയുടെ പ്രോജക്ട് തയ്യാറാക്കുകയും 67,650 രൂപ വിനിയോഗിക്കുകയും ചെയ്തു. ജി.ഒ. (എംഎസ്.) 20/പ്ലാനിങ്ങ്/741(ഡി)(എൻ)തീയതി, 6-6-2002 പ്രകാരം പദ്ധതി നിർവ്വഹണത്തിൽ ഭക്ഷണ ചെലവ്, ജീപ്പ് വാടക, ശിൽപ്പശാല, സ്റ്റേഷനറി മുതലായവ അനുവദനീയമല്ല. മൊത്തം ചെലവിൽ മേൽ ഇനങ്ങളിൽ ചെലവഴിച്ച 55,650 രൂപയ്ക്ക് സർക്കാരിന്റെ സാധൂകരണം വാങ്ങേണ്ടതാണ്. നീർത്തട സർവ്വേയ്ക്ക് പോയ ഒൻപതോളം സന്നദ്ധ പ്രവർത്തകർ 10-7-2004-ൽ നൽകിയ പരാതിയിൽ സംഖ്യ എഴുതാത്ത വൗച്ചർ ഒപ്പിട്ടു കൊടുത്തതായും എന്നാൽ തങ്ങൾക്ക് യാതൊരു തുകയും ലഭിച്ചിട്ടില്ലെന്നും സന്നദ്ധപ്രവർത്തകരായ തങ്ങളുടെ പേരിൽ തുക മാറിയെടുത്തതായും പറയുന്നു. ഉപ വൗച്ചർ പ്രകാരം 4 പേർക്ക് 1,000 രൂപ വീതവും 3 പേർക്ക് 900 രൂപ വീതവും ഒരാൾക്ക് 850 രൂപയും വിതരണം ചെയ്തതായി കാണിച്ചിട്ടുണ്ട്. ഇക്കാര്യത്തെക്കുറിച്ച് അന്വേഷിക്കാൻ ചുമതലപ്പെടുത്തിയ ഗ്രാമപഞ്ചായത്ത് വൈസ് പ്രസിഡന്റ്, 2 അംഗങ്ങൾ എന്നിവരുടെ റിപ്പോർട്ട് പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട് ; ഓഡിറ്റ് ഖണ്ഡിക 3.86.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

128. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

### നിഗമനങ്ങളും ശിപാർശകളും

129. **തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

## രാമനാട്ടുകര ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**ചിറക്കാംകുന്ന് കുടിവെള്ള പദ്ധതി-പ്രവൃത്തി സംബന്ധിച്ച രേഖകൾ ലഭ്യമാക്കിയില്ല.**

ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 3.2.

മേൽ സൂചിപ്പിച്ച പ്രവൃത്തിക്കായി 74,085 രൂപ ചെലവഴിച്ച് മോട്ടോറും അനുബന്ധ സാധനങ്ങളും വാങ്ങി. പ്രോജക്ടിൽ നിർദ്ദേശിച്ച പ്രകാരം ഗുണഭോക്തൃ സമിതിപോലും വിളിച്ചു ചേർക്കാതെ സാധനങ്ങൾ വാങ്ങി. പഴയ മോട്ടോർ മാറ്റി പുതിയത് സ്ഥാപിക്കാനും പഴയത് റിപ്പയർ ചെയ്ത് സ്റ്റാൻഡ്ബൈ ആയി നിലനിർത്താനുമാണ് പ്രോജക്ടിൽ വിഭാവനം ചെയ്തത്.

മോട്ടോറും അനുബന്ധ സാമഗ്രികളും വാങ്ങിയെങ്കിലും അവ പഞ്ചായത്തിൽ ലഭിച്ചതിന്റെയും ഉപയോഗപ്പെടുത്തിയതിന്റെയും രേഖകൾ ഇല്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.87.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

130. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**131. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**കുടിവെള്ള/ജലസേചന പദ്ധതികളുടെ വൈദ്യുതി ചാർജ് പഞ്ചായത്ത് ഫണ്ടിൽ നിന്ന് നൽകി.**

ഓഡിറ്റ് റിപ്പോർട്ട് 2002-03 ഖണ്ഡിക 3.17

ജി.ഒ. (എംഎസ്.) 20/2002/ആസൂത്രണം തീയതി, 6-6-2002 പ്രകാരം ജലസേചന പ്രോജക്ടുകളുടെയും കുടിവെള്ള പ്രോജക്ടുകളുടെയും നിർമ്മാണം പൂർത്തിയാക്കിയതിനുശേഷം തുടർ നടത്തിപ്പും അറ്റകുറ്റപ്പണികളും പരിപാലന കമ്മിറ്റികൾക്കാണ്. മേൽ ഉത്തരവിന് വിരുദ്ധമായി 2002-03-ൽ കുടിവെള്ള പദ്ധതികളുടെ കറന്റ് ചാർജ്ജിനത്തിൽ 1,59,357 രൂപ തനത് ഫണ്ടിൽ നിന്നും അടച്ചത് അംഗീകരിച്ചിട്ടില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2006-07 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.87.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

132. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**133. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**വനിതാ വ്യവസായ കേന്ദ്രത്തിനുവേണ്ടി നിർമ്മിച്ച കോൺക്രീറ്റ് കെട്ടിടം തകർന്നതു സംബന്ധിച്ച്**

(ഓഡിറ്റ് റിപ്പോർട്ട് വർഷം 2002-03, ഖണ്ഡിക നമ്പർ 3-5)

6,25,000 രൂപയുടെ അടങ്കലിന് സാങ്കേതികാനുമതി ലഭിച്ച വനിതാവ്യവസായ യൂണിറ്റ് കെട്ടിട നിർമ്മാണ പ്രോജക്ടിന്റെ നിർമ്മാണ പ്രവൃത്തിക്കായി കൺവീനർക്ക് 7-3-2001-ന് നൽകിയ മുൻകൂർ തുകയായ ഒരു ലക്ഷം രൂപ ഉൾപ്പെടെ ആകെ 1,64,026 (ഒരു ലക്ഷത്തി അറുപത്തിനാലായിരത്തി ഇരുപത്തിയാറ്) രൂപ നൽകിയിട്ടുണ്ട്. ഓഡിറ്റിന്റെ ഭാഗമായി ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ സാന്നിധ്യത്തിൽ കോൺക്രീറ്റ് കെട്ടിടം നേരിൽ പരിശോധിച്ചതിൽ, പ്രസ്തുത കെട്ടിടം തകർന്ന നിലയിലാണെന്ന് കാണപ്പെടുകയുണ്ടായി. കെട്ടിടം തകർന്നതിനെക്കുറിച്ചോ തുടർ നടപടികൾ സ്വീകരിക്കുന്ന തിനെക്കുറിച്ചോ യാതൊരു വിവരങ്ങളും ഫയലിൽ ലഭ്യമല്ല. അഭ്യസ്തവിദ്യരായ വനിതകൾക്ക് തൊഴിൽ സംരംഭം ആരംഭിക്കാൻ തയ്യാറാക്കിയ ഈ പദ്ധതി അധികൃതരുടെ അനാസ്ഥ കാരണമാണ് നടപ്പാക്കാൻ കഴിയാതെ പോയത്.

പ്രസ്തുത വിഷയം ഈ വകുപ്പിന്റെ 16-7-2007-ലെ എൽ. എഫ്.പി.റ്റി. 3/11765/2007 നമ്പർ കത്ത് പ്രകാരം സർക്കാരിന്റെ ശ്രദ്ധയിൽപ്പെടുത്തുകയുണ്ടായി. ഇതിന്റെ അടിസ്ഥാനത്തിൽ പഞ്ചായത്തിനുണ്ടായ നഷ്ടം പലിശ സഹിതം അന്നത്തെ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, നിർമ്മാണ കമ്മിറ്റി കൺവീനർ എന്നിവരിൽ നിന്നും ഈടാക്കേണ്ടതാണെന്നും നിർമ്മാണ കമ്മിറ്റിയെ അവരുടെ നഷ്ടോത്തരവാദിത്വത്തിൽ പ്രവൃത്തിയിൽ നിന്നും മാറ്റുന്നതിനും, പുതിയ കെട്ടിടം നിർമ്മിക്കുന്നതിന് വരുന്ന അധിക ചെലവ് അവരിൽ നിന്നും ഈടാക്കുന്നതിനും നടപടി സ്വീകരിക്കേണ്ടതാണെന്നും സർക്കാർ നിർദ്ദേശിച്ചിരുന്നു. കൂടാതെ കെട്ടിടം തകർന്നുവീണിട്ടും യാതൊരു നടപടിയും

എടുക്കാതിരുന്ന പഞ്ചായത്ത് സെക്രട്ടറിമാർക്കെതിരെ കൃത്യവിലോപത്തിന് വകുപ്പുതല നടപടി എടുക്കാനും വിവരം 21-1-2008-നു മുമ്പായി സർക്കാരിനെ അറിയിക്കാനും സർക്കാർ 31-12-2007-ലെ 45365/എ.ബി 3/07/ത.സ്വ.ഭ.വ. നമ്പർ കത്തുപ്രകാരം പഞ്ചായത്ത് ഡയറക്ടർക്ക് നിർദ്ദേശം നൽകിയിരുന്നു. എന്നാൽ ഇതുമായി ബന്ധപ്പെട്ട് സ്വീകരിച്ച തുടർ നടപടികളുടെ വിവരം ലഭ്യമാക്കേണ്ടതാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2007-08 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.62.1]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

134. ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞപ്പോൾ 2001 മാർച്ച് മാസം എഗ്രിമെന്റ് വയ്ക്കുകയും, ഒരു ലക്ഷം രൂപ അഡ്വാൻസ് നൽകുകയും ചെയ്ത് പ്രവർത്തന മാരംഭിച്ച പദ്ധതി തുടർന്ന് പ്രവർത്തനം നിർത്തി വയ്ക്കുകയും വീണ്ടും പ്രവർത്തനം 2004-ൽ പുനരാരംഭിക്കുകയും, 2006-ലെ മഴക്കാലത്ത് കെട്ടിടം പൊളിഞ്ഞുവീഴുകയാണ് ഉണ്ടായതെന്നും തുടർന്ന് പ്രസ്തുത കാലയളവിലെ സെക്രട്ടറി, പ്രസിഡന്റ്, എഞ്ചിനീയർ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചെന്നും, എന്നാൽ 2009-ൽ പഞ്ചായത്ത് അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയറും, അസിസ്റ്റന്റ് എഞ്ചിനീയറും തദ്ദേശസ്വയംഭരണ വകുപ്പിൽ അപേക്ഷ സമർപ്പിച്ചതിന്റെ ഭാഗമായി മൂന്ന് പേരെയും ഒഴിവാക്കുകയും, പദ്ധതി കൺവീനറുടെ മേൽ നടപടി സ്വീകരിക്കാനുള്ള ഉത്തരവ് സമ്പാദിക്കുകയുമാണുണ്ടായതെന്നും, തുടർന്ന് ടി കൺവീനർ ഹൈക്കോടതിയെ സമീപിച്ചതായും, 2014-ൽ കൺവീനർക്കെതിരെ ആർ.ആർ. നടപടികൾ ആരംഭിച്ചതായും, റിക്കവറി ചെയ്യാൻ മറ്റ് സ്വത്തുക്കൾ ഇല്ലാത്തതിനാലും ടിയാന്റെ പ്രായാധിക്യം മൂലവും ആർ.ആർ. നടപടികളിൽ നിന്നും ടിയാനെ ഒഴിവാക്കാൻ ഭരണസമിതി തീരുമാനമെടുത്ത് സർക്കാരിനെ അറിയിക്കുകയാണുണ്ടായതെന്നും വില്യാപ്പള്ളി ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. കൺവീനർ മരണപ്പെട്ടെന്ന് സ്റ്റേറ്റ് പെർഫോമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ തുടർന്ന് അറിയിച്ചു.

135. എസ്റ്റിമേറ്റും, വാല്യുവേഷനുമുള്ളപ്പോൾ പ്രസ്തുത വിഷയത്തിൽ നിന്നും എഞ്ചിനീയറെ ഒഴിവാക്കിയതിന്റെ വാസ്തവികതയെക്കുറിച്ച് സമിതി ആരാഞ്ഞതിന് കൺവീനർക്കാണ് പദ്ധതി തുക കൈമാറിയിരുന്നതെന്നും, എന്നാൽ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കണമെന്നാവശ്യപ്പെട്ട് കത്ത് നൽകിയതായാണ് രേഖകളിൽ കാണുന്നതെന്നും സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. കൂടാതെ 21-10-2013-ൽ അത്തരത്തിലൊരു കത്ത് ഉള്ളതായി പഞ്ചായത്ത് റിപ്പോർട്ടിൽ പരാമർശം ഉള്ളതായും ഡയറക്ടർ, സംസ്ഥാന ഓഡിറ്റ് വകുപ്പും സമിതിയെ അറിയിച്ചു. 2002-ൽ പ്രവൃത്തികൾ നിർത്തിവച്ചതിനാലും, ചുമർ പ്ലാസ്റ്ററിംഗ് നടത്താത്തതിനാലും, മഴക്കാലത്ത് ചുമരിടിഞ്ഞ് കെട്ടിടം നശിച്ചുപോയതിനാൽ പ്രസ്തുത വിഷയത്തിൽ എഞ്ചിനീയർക്ക് ഉത്തരവാദിത്തമില്ലെന്നാണ് ഫയൽ രേഖയെന്നും സെക്രട്ടറി അറിയിക്കുകയുണ്ടായി.

136. എഞ്ചിനീയർക്ക് ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാകാൻ സാധിക്കില്ലെന്ന് അഭിപ്രായപ്പെട്ട സമിതി എന്ത് കാരണത്താലാണ് ഇവരെ ഒഴിവാക്കിയതെന്ന് അന്വേഷിച്ച് ഇത് സംബന്ധിച്ച റിപ്പോർട്ട് ഒരു മാസത്തിനകം സമർപ്പിക്കണമെന്ന് തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**137. വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനുവേണ്ടി നിർമ്മിച്ചുകൊണ്ടിരുന്ന കെട്ടിടം തകർന്ന് വീണതുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിലെ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എഞ്ചിനീയർ എന്നിവർക്കെതിരെ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഇവർ ഭരണ വകുപ്പിൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കുകയും പകരം പ്രവൃത്തിയുടെ കൺവീനർക്കെതിരെ ആർ. ആർ. നടപടികൾ ആരംഭിക്കുകയും ചെയ്തുവെന്നും തുടർന്ന് റിക്കവറി ചെയ്യാൻ മറ്റ് സ്വത്തുകൾ ഇല്ലാത്തതിനാലും പ്രായാധിക്യം പരിഗണിച്ചും ടിയാനെ പിന്നീട് ഒഴിവാക്കിയെന്നും ടിയാൻ നിലവിൽ മരണപ്പെട്ടുവെന്നും സമിതി നിരീക്ഷിക്കുന്നു.**

**138. തകർന്നുവീണ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എടുക്കുകയും വാല്യുവേഷൻ നടത്തുകയും ചെയ്ത എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടിട്ടും ടിയാനെതിരെ യാതൊരു നടപടിയും സ്വീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ബാദ്ധ്യതയിൽനിന്നും എഞ്ചിനീയറെ ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നില്ല. തകർന്നുവീണ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥരെ പിന്നീട് പ്രവൃത്തി നടത്തിയതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കിയത് എന്തു കാരണത്താലാണ് എന്നതു സംബന്ധിച്ച് അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു.**

**ചേളന്നൂർ ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**കൊപ്ര ഡ്രയർ, മില്ലിംങ് യൂണിറ്റുകൾ സ്ഥാപിക്കൽ**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2005-06, ഖണ്ഡിക 3-8

ഗ്രാമപഞ്ചായത്തിലെ വിവിധ വാർഡുകളിൽ കുടുംബശ്രീ അയൽക്കൂട്ടങ്ങൾക്ക് അതാത് വാർഡുകളിൽ സ്ഥലം കണ്ടെത്തി കേരശ്രീ, കൊപ്ര ഡ്രയർ യൂണിറ്റുകളും പഞ്ചായത്ത് വക കെട്ടിടത്തിൽ ഒരു വെളിച്ചെണ്ണ മില്ലിങ് യൂണിറ്റും സ്ഥാപിക്കുന്നതിനാണ് പ്രോജക്റ്റ്.

ഇതുപ്രകാരം 4,00,662 രൂപ ചെലവഴിച്ച് റെയ്ഡ്കോയിൽ നിന്നും 5 കൊപ്ര ഡ്രയറുകളും 5 വെയിങ് മെഷീനുകളും ഒരു മില്ലിങ് മെഷീനും അനുബന്ധ ഉപകരണങ്ങളും വാങ്ങി 5 കേരശ്രീ യൂണിറ്റുകൾക്ക് നൽകിയിട്ടുണ്ട്. യൂണിറ്റുകൾ നേരിട്ട് പരിശോധിച്ചതിൽ വൈദ്യുതി ലഭിക്കാത്തതിനാൽ ചേളന്നൂർ കേരശ്രീ മില്ലിങ് യൂണിറ്റിന് നൽകിയ 2,32,863 രൂപ വിലയുള്ള ഉപകരണങ്ങൾ പ്രവർത്തിക്കുന്നില്ലെന്നും തുരുമ്പെടുക്കുന്നതായും കണ്ടു. കൂടാതെ മേൽ യൂണിറ്റിന് ആവശ്യമായ 26,000 രൂപ വിലയുള്ള കൗണ്ടർ ഷാഫ്റ്റ്ബെൽറ്റ്, പണമടച്ചെങ്കിലും നാളിതുവരെ സപ്ലൈ ചെയ്തിട്ടില്ല. 5 കൊപ്ര ഡ്രയർ യൂണിറ്റുകൾ വിതരണം ചെയ്തതിൽ 4 എണ്ണം ഇപ്പോൾ പ്രവർത്തിക്കുന്നില്ല. ഉപകരണങ്ങൾ ഉപയോഗിക്കാതെ നശിക്കുകയാണ്. ഇത് പദ്ധതിയുടെ ഉദ്ദേശ്യ ലക്ഷ്യങ്ങൾക്ക് വിരുദ്ധമാണ്. മാത്രമല്ല പ്രോജക്ടിൽ നിർദ്ദേശിച്ച രീതിയിലുള്ള മോണിറ്ററിംഗ് നടന്നതായും കാണുന്നില്ല.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2008-09 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.6.2]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

139. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതി ചോദ്യത്തിന് 5 കുടുംബശ്രീ യൂണിറ്റുകൾക്കായി കൊപ്ര ഡ്രയർ യൂണിറ്റ് അനുവദിച്ച പദ്ധതിയാണെന്നും 2 വർഷത്തോളം നല്ല രീതിയിൽ പ്രവർത്തിച്ച പ്രസ്തുത പദ്ധതി നാളികേരത്തിന്റെ വിലയിടിവ് കാരണം പ്രവർത്തനക്ഷമമല്ലാതായെന്നും ചേളന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

140. കൊപ്ര ഡ്രയർ യൂണിറ്റ് വാടകയ്ക്ക് നൽകിയിരുന്നുവെന്ന് രേഖകളിൽ കാണുന്നുവെന്നും എന്താണ് അതിന്റെ വാസ്തവികതയെന്നും, യന്ത്രങ്ങളുടെ നിലവിലെ സ്ഥിതിയെന്തെന്നും, പഞ്ചായത്തിന്റെ കെട്ടിടത്തിൽ പുതിയ പദ്ധതികളെന്തെങ്കിലും ആരംഭിക്കുന്നതിന് തീരുമാനിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് നീര യൂണിറ്റിന്റെ പ്രവർത്തനത്തിനായി നാളികേര കർഷകരുടെ സംഘത്തിന് പ്രസ്തുത യൂണിറ്റുകൾ വാടകയ്ക്ക് നൽകിയിരുന്നതായും, നിലവിൽ അതും പ്രവർത്തനരഹിതമാണെന്നും, യന്ത്രങ്ങളെല്ലാം കാലപ്പഴക്കം മൂലം നശിച്ചുപോയെന്നും, യൂണിറ്റ് ആരംഭിച്ച കെട്ടിടങ്ങളിൽ 35 സെന്റിലുള്ള ഒരു കെട്ടിടം മാത്രമാണ് പഞ്ചായത്ത് വകയെന്നും ബാക്കിയുള്ളവ വാടകയ്ക്ക് എടുത്തതാണെന്നും നിലവിൽ വനിതാ സംരംഭകർക്ക് തൊഴിൽ ലഭ്യമാക്കുന്നതിനായി പേപ്പർ ബാഗ് നിർമ്മാണ യൂണിറ്റ് ആരംഭിക്കുന്നതിനുള്ള പദ്ധതി ആവിഷ്കരിച്ചിട്ടുണ്ടെന്നും, പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. തുടർന്ന് പ്രസ്തുത റിപ്പോർട്ട് വകുപ്പിന് ലഭ്യമാക്കിയിട്ടുള്ളതായി സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ

അറിയിച്ചു. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

### നിഗമനങ്ങളും ശിപാർശകളും

**141. ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചേളന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെയും, തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

### മുക്കം ഗ്രാമപഞ്ചായത്ത്

ഓഡിറ്റ് ഖണ്ഡിക

**അസാധാരണ ചെലവ് - സർക്കാർ ഉത്തരവ് പ്രകാരമുള്ള പരിധിയും നിബന്ധനകളും പാലിച്ചില്ല**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08 ഖണ്ഡിക നമ്പർ 3-16

1994-ലെ കേരള പഞ്ചായത്ത് രാജ് നിയമം വകുപ്പ് 213 (4), 10-2-2006-ലെ ജി. ഒ. (എംഎസ്.) 58/06/ത.സ്വ.ഭ.വ. എന്നിവ പ്രകാരം ഗ്രാമപഞ്ചായത്തിന്റെ തനത് വരുമാനത്തിന്മേലുള്ള മിച്ചഫണ്ടിന്റെ 20% തുക 1 ലക്ഷം രൂപ പരിധിക്ക് വിധേയമായി അസാധാരണ ചെലവ് നടത്തുന്നതിന് വിനിയോഗിക്കാവുന്നതാണ്. എന്നാൽ ഗ്രാമപഞ്ചായത്ത് തൻവർഷം ഈയിനത്തിൽ 2,19,908 രൂപ ചെലവഴിച്ചിട്ടുണ്ട്. ചെലവിന് രജിസ്റ്റർ സൂക്ഷിക്കുക, ചെലവിനങ്ങളുടെ വാർഷികക്കണക്ക് ഗ്രാമസഭയിൽ അവതരിപ്പിക്കുക, ചില ചെലവിനങ്ങളുടെ കാര്യത്തിൽ വിനിയോഗ സാക്ഷ്യപത്രം ഓഡിറ്റിന് ലഭ്യമാക്കുക എന്നീ കർത്തവ്യങ്ങൾ നിർവ്വഹിക്കപ്പെട്ടിട്ടില്ല. ബജറ്റ് നിയന്ത്രണങ്ങൾ പാലിക്കാതെ പഞ്ചായത്ത് ഫണ്ട് ദുർവ്യയം ചെയ്യുന്ന പ്രവണത അസാധാരണ ചെലവുകളുടെ ചില വൗച്ചറുകളിൽ കാണുന്നുണ്ട്. പഞ്ചായത്ത് മാർക്കറ്റ് കോംപ്ലക്സ് ഉദ്ഘാടന ചടങ്ങിന് 30,640 രൂപ ചെലവഴിച്ചു എന്ന കാര്യം ഇവിടെ പ്രസക്തമാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥൻ: ജോസ് മാത്യു, പുത്തൻവീട്, പുല്ലൂരാംപാറ (പി. ഒ.), തിരുവമ്പാടി (വഴി), കോഴിക്കോട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.2.1(i)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

142. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ആരാഞ്ഞതിന് പഞ്ചായത്തിന്റെ വിവിധ വികസന പ്രവർത്തനങ്ങൾക്കുള്ള ചടങ്ങുകൾ സംഘടിപ്പിക്കുന്നതിനായി 12,630 രൂപ ചെലവാക്കിയിട്ടുണ്ടെന്നും, സമഗ്ര വികസന പദ്ധതി എന്ന പ്രോജക്ടിൽ ഉൾപ്പെടുത്തി വിരമിച്ച അദ്ധ്യാപകർക്ക് യാത്രയയപ്പ് നടത്തുന്നതിനുവേണ്ടിയാണ് 19,459 രൂപ ചെലവഴിച്ചതെന്നും, കേരളോത്സവത്തിന് 10,000 രൂപയും ജില്ലാ പഞ്ചായത്തിന്റെ വിഹിതമായ 3,000 രൂപയും, മന്ത് രോഗ നിവാരണത്തിന് ഗുളിക നൽകുന്നതിനുവേണ്ടി 9,518 രൂപയും സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ചെലവിട്ടിട്ടുള്ളതാണെന്നും, കാരശ്ശേരി മുക്കം റോഡിലെ വെള്ളക്കെട്ട് ഒഴിവാക്കുന്നതിനായി 4,500 രൂപയും ചെലവഴിച്ചുവെന്നും മുക്കം നഗരസഭാ സെക്രട്ടറി സമിതിയെ അറിയിച്ചു.

143. നിയമസാക്ഷരതാ ക്ലാസ്സ് നടത്തിപ്പുമായി ബന്ധപ്പെട്ട് തുക ചെലവഴിക്കുന്നതിന് സർക്കാർ ഉത്തരവ് നൽകിയിട്ടുണ്ടോയെന്നും, പ്രസ്തുത പ്രവൃത്തികൾക്കായി ബഡ്ജറ്റ് പ്രൊവിഷൻ വച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞപ്പോൾ നിയമസാക്ഷരതാ ക്ലാസ്സ് കേരള ലീഗൽ സർവ്വീസ് അതോറിറ്റിയാണ് നടത്തിയതെന്നും ആയതിനായി തുക ചെലവഴിക്കാനുള്ള അധികാരം പഞ്ചായത്ത് ഭരണ സമിതിയ്ക്ക് സർക്കാർ നൽകിയിട്ടുണ്ടെന്നും അസാധാരണ ചെലവുകൾക്കായി ബഡ്ജറ്റിൽ പ്രൊവിഷൻ വച്ചിട്ടുണ്ടെന്നും അസാധാരണ ചെലവിനത്തിൽപ്പെടുത്തിയാണ് സബ്ട്രഷറി ഉദ്ഘാടനം നടത്തിയതെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

144. ഉദ്ഘാടനങ്ങൾ, ചായസൽക്കാരം തുടങ്ങിയ ചെലവുകൾ തനത് വരുമാനത്തിന്റെ നിശ്ചിത ശതമാനത്തിന് മുകളിൽ ആകാൻ പാടില്ലെന്നതാണ് വ്യവസ്ഥയെന്നും ജോയിന്റ് ഡയറക്ടർ, അർബൻ അഫയേഴ്സ് സമിതിയെ അറിയിച്ചതിനെ തുടർന്ന് അനുവദിച്ച തുകയെക്കാൾ കൂടുതൽ ചെലവഴിച്ചിട്ടുണ്ടെന്ന് അഭിപ്രായപ്പെട്ട സമിതി, ഒരു ലക്ഷത്തിലധികമായി ചെലവഴിച്ച തുക ഗവൺമെന്റ് സാധൂകരണത്തിന് കൊടുക്കുവാൻ സാധിക്കുമോ എന്ന് ചോദിച്ചതിന് സാധാരണ അധിക ചെലവ് വന്നാൽ ബഡ്ജറ്റിൽ റീ-അപ്രോപ്രിയേഷൻ ചെയ്യുകയാണ് ചെയ്യുന്നതെന്നും വലിയ തുകയാണെങ്കിൽ സർക്കാരിലേയ്ക്ക് കത്ത് അയയ്ക്കാറാണുള്ളതെന്നും ജോയിന്റ് ഡയറക്ടർ അർബൻ അഫയേഴ്സ് മറുപടി നൽകി. കൂടാതെ ഓൺ ഫണ്ടിന്റെ നിശ്ചിത ശതമാനത്തിനുള്ളിലുള്ള ചെലവാണെങ്കിൽ സാധൂകരണം വേണ്ടെന്നും, അതിൽ കൂടുതലാണെങ്കിൽ സാധൂകരണം വേണമെന്നും പഞ്ചായത്ത് ഏറ്റെടുക്കുവാൻ പാടില്ലാത്ത പ്രവൃത്തിയാണെങ്കിൽ സാധൂകരണം ആവശ്യമാണെന്നും അർബൻ അഫയേഴ്സ് ഡയറക്ടർ സമിതിയെ അറിയിച്ചു. ആയതിന്, മതിയായ രേഖകൾ ഉണ്ടെങ്കിൽ മാത്രമേ ഗവൺമെന്റിന് റാറ്റിഫൈ ചെയ്തു കൊടുക്കാൻ സാധിക്കുകയുള്ളൂവെന്ന് സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. ഗവൺമെന്റിൽ നിന്ന് സാധൂകരണം വാങ്ങിയതിനുശേഷം മറുപടി ഒരു മാസത്തിനുള്ളിൽ അറിയിക്കണമെന്ന് സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

145. **സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അസാധാരണ ചെലവ് നടത്തുന്നതിന് വിനിയോഗിക്കുന്നതിനായി അനുവദിച്ചിട്ടുള്ള നിശ്ചിത പരിധിയ്ക്ക് വിരുദ്ധമായി ഈയിനത്തിൽ 2,19,908 രൂപ ചെലവഴിച്ച മുക്കം ഗ്രാമപഞ്ചായത്ത് അധികൃതരുടെ നടപടിയെ സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. അസാധാരണ ചെലവുകൾക്കായി വിനിയോഗിച്ച അധികം തുകയ്ക്ക് മതിയായ രേഖകൾ സമർപ്പിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്നും, ആയത് സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**മുക്കം ബസ്സ്റ്റാന്റ് യാർഡ് നവീകരണം - പ്രവൃത്തി നടത്തിപ്പിൽ ക്രമക്കേട്**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-08 ഖണ്ഡിക നമ്പർ 3-21

2007-08 വർഷത്തിൽ 17 ലക്ഷം രൂപ മെയിന്റനൻസ് ഗ്രാന്റും 9,75,000 രൂപ എസ്. ജി. ആർ. വൈ. ഫണ്ടും ഉപയോഗിച്ചാണ് ബസ്സ്റ്റാന്റ് യാർഡ് നവീകരിച്ചിരിക്കുന്നത്. പ്രവൃത്തി രണ്ടായി ഭാഗിച്ച് കൺവീനർ മുഖേനയും കരാർ മുഖേനയും നിർവ്വഹണം നടത്തിക്കാണുന്നു. എസ്.ജി.ആർ.വൈ. മാർഗ്ഗനിർദ്ദേശങ്ങൾക്കും കേരള പഞ്ചായത്ത്‌രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾക്കും വിരുദ്ധമായി കോൺക്രീറ്റ് പ്രവൃത്തി എസ്. ജി.ആർ.വൈ. ഫണ്ടുപയോഗിച്ച് കൺവീനർ ചെയ്തിട്ടുണ്ട്. കൺവീനർ പദ്ധതി പ്രദേശത്തെ താമസക്കാരനല്ലാത്തതും ചെക്ക് കൈപ്പറ്റിയതിനുശേഷം മാത്രം സംയുക്ത അക്കൗണ്ട് ആരംഭിച്ചതും ഗുണഭോക്തൃ സമിതി അംഗങ്ങൾ ഒപ്പുവെച്ച് പഞ്ചായത്തിന് നൽകുന്ന സമ്മതപത്രം അപൂർണ്ണമാണെന്നതും പ്രവൃത്തിയുമായി ബന്ധപ്പെട്ട അപാകതകളാണ്. കൂടാതെ, മസ്റ്റർറോൾ അപൂർണ്ണവും ധാന്യ വിതരണ വിവരം രേഖപ്പെടുത്താത്തതുമാകുന്നു. കരാർ ഉടമ്പടിയിൽ വ്യവസ്ഥ ചെയ്യാതെ സിമന്റ്, കമ്പി വിലവ്യത്യാസം ഇനത്തിൽ 1,14,742 രൂപ നൽകിയതും ഗുണഭോക്തൃ സമിതിയുടെ യോഗങ്ങളിൽ അംഗങ്ങളുടെ ഹാജർ കുറവായതും അപാകതകളിൽപ്പെടുന്നു. പ്രവൃത്തിയുടെ ടെണ്ടർ നടപടികൾ കേരള പഞ്ചായത്ത്‌രാജ് (പൊതുമരാമത്ത്) ചട്ടങ്ങൾ പൂർണ്ണമായി പാലിക്കാതെയാണ് നടത്തിയിരിക്കുന്നത് എന്നതും പ്രസക്തമാണ്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2009-10 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 3.8.11(i)]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

146. പ്രസ്തുത ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് സമിതി ചോദ്യമുന്നയിച്ചതിന് മുക്കം ബസ് സ്റ്റാൻഡ് 2007-2008 വാർഷിക പദ്ധതിയിൽ മെയിന്റനൻസ് ഗ്രാന്റ് വച്ചാണ് റിപ്പയർ ചെയ്യാൻ തീരുമാനിച്ചതെന്നും, എല്ലാ വർഷവും റീടാർ നടത്തി കുഴികൾ അടയ്ക്കുകയാണ് ചെയ്യുന്നതെന്നും, ബസ് സ്റ്റാൻഡ് നവീകരണത്തിനായി വർഷം തോറും 2-3 ലക്ഷം രൂപ വീതം വകയിരുത്താറുണ്ടെന്നും, ടാറിംഗ് മാറ്റി കോൺക്രീറ്റ് ആക്കുന്ന പ്രവൃത്തിയ്ക്കായി 17 ലക്ഷം രൂപയുടെ എസ്റ്റിമേറ്റാണ് തയ്യാറാക്കിയതെന്നും മുഴുവൻ തുകയും മെയിന്റനൻസ് ഗ്രാന്റിൽ നിന്ന് ലഭ്യമാകാത്തതിനാൽ എസ്.ജി.ആർ.വൈ. പദ്ധതിയിൽ നിന്നും 9,75,000 രൂപ കൂടി വകയിരുത്തിയെന്നും പത്ത് വർഷം കഴിഞ്ഞിട്ടും ഇന്നേവരെ മെയിന്റനൻസിനായി തുകയൊന്നും ചെലവഴിച്ചിട്ടില്ലെന്നും സെക്രട്ടറി മുക്കം നഗരസഭ സമിതിയെ അറിയിച്ചു. തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും നഗരസഭാ സെക്രട്ടറിയുടെ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശങ്ങളുടെ തുടർനടപടി ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നിഗമനങ്ങളും ശിപാർശകളും

147. **തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു.**

ഓഡിറ്റ് ഖണ്ഡിക

**ഡെപ്പോസിറ്റ് വർക്കുകൾ - പ്രവൃത്തിപൂർത്തീകരിക്കുന്നതിലെ കാലതാമസം**

തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ വിവിധ പ്രവൃത്തികൾക്കായി (വൈദ്യുതീകരണം, സ്ട്രീറ്റ് ലൈൻ എക്സ്റ്റൻഷൻ, പൈപ്പ് ലൈൻ എക്സ്റ്റൻഷൻ, ജലസേചന പദ്ധതികൾ, കുടിവെള്ളക്കിണർ തുടങ്ങിയവ) കേരള സംസ്ഥാന വൈദ്യുതി ബോർഡ്, കേരള വാട്ടർ അതോറിറ്റി, ഭൂഗർഭ ജലവകുപ്പ് എന്നീ വകുപ്പുകളിൽ/സ്ഥാപനങ്ങളിൽ വൻതുക നിക്ഷേപിച്ചുവരുന്നു.

സർക്കാർ നിർദ്ദേശിച്ചിട്ടുള്ള ഫോറത്തിൽ കരാർ ഒപ്പുവയ്ക്കാതെയാണ് ഡെപ്പോസിറ്റ് പ്രവൃത്തികൾക്കുള്ള ഫണ്ട് കെ.എസ്.ഇ.ബി., കെ.ഡബ്ല്യു.എ. തുടങ്ങിയ നിർവ്വഹണ ഏജൻസികൾക്ക് കൈമാറുന്നത്. കൈമാറ്റം ചെയ്ത ഫണ്ടിന്റെയും അതിൽനിന്നുള്ള ചെലവുകളുടെയും കൃത്യമായ കണക്കുകൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സൂക്ഷിക്കുന്നില്ല. മുൻകൂറായി നൽകിയ തുകകളുടെ വിശദവിവരങ്ങൾ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതായിരുന്നുവെങ്കിലും അങ്ങനെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ ചെയ്തുവരുന്നില്ല. സ്ഥാപനങ്ങൾ കൃത്യമായ കണക്കുകൾ സൂക്ഷിക്കാത്തതുമൂലം പല സ്ഥാപനങ്ങളിലെയും ഡെപ്പോസിറ്റ് പ്രവൃത്തികൾക്കായി മുൻകൂർ നൽകിയ എത്ര തുക ക്രമീകരിക്കാനുണ്ടെന്ന് തിട്ടപ്പെടുത്തുവാൻ സാധിച്ചിട്ടില്ല. അതുപോലെ സമ്പൂർണ്ണ ഊർജ്ജ സുരക്ഷാമിഷന്റെ ഭാഗമായി 23-2-2008-ലെ ജി.ഒ. (പി.) 95/2008/ഫിൻ. പ്രകാരം അഡ്വാൻസ് തുക പിൻവലിച്ച് അനെർട്ടിൽ നിക്ഷേപിക്കാൻ അനുമതി നൽകിയിട്ടുണ്ട്. ആയതിന്റെ

അടിസ്ഥാനത്തിൽ ഊർജ്ജസംരക്ഷണം ലക്ഷ്യമിട്ടുകൊണ്ട് പല പഞ്ചായത്തുകളും അനെർട്ടിൽ തുക ഡെപ്പോസിറ്റ് ചെയ്യുകയുണ്ടായി. എന്നാൽ ഈ പ്രോജക്ടുകൾ പലതും പൂർത്തീകരിച്ചിട്ടില്ല.

തുക അടവാക്കുകയല്ലാതെ ഈ പ്രവൃത്തികളുടെ പൂർത്തീകരണം സംബന്ധിച്ച തുടർനടപടികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ സ്വീകരിച്ചുകാണുന്നില്ല. ആയതിനാൽ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ അടച്ചതുക സ്ഥാപനങ്ങളുടെ ഫണ്ടിൽ മുതനിക്ഷേപമായി കിടക്കുകയാണ്. അടിസ്ഥാന സൗകര്യങ്ങളേർപ്പെടുത്തുക, കുടിവെള്ള പ്രശ്നം പരിഹരിക്കുക തുടങ്ങിയ ലക്ഷ്യങ്ങൾ കൈവരിക്കാൻ സാധിക്കാതെ വരികയും ചെയ്യുന്നു. ഏതാനും ഉദാഹരണങ്ങൾ താഴെചേർക്കുന്നു:

**കോഴിക്കോട് ജില്ല**

| | | | | | |
|---|---|---|---|---|---|
| 1 | ജില്ലാ പഞ്ചായത്ത് | 2008-09/ 3-2 | ബയോമാസ് ഗ്യാസി ഫയർ, വൈദ്യുതി ശ്മശാനത്തിന് ഗ്യാസി ഫയർ, ബയോ ഗ്യാസ് പ്ലാന്റ്, കമ്മ്യൂണിറ്റി അടുപ്പുകൾ, ഗ്യാസി ഫയർ അടുപ്പുകൾ എന്നിവ സ്ഥാപിക്കുന്നതിന് | അനെർട്ട് | 8170004 |
| 2 | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് | 2008-09/3-9 | | അനെർട്ട് | 400000 |
| 3 | നൊച്ചാട് ഗ്രാമപഞ്ചായത്ത് | 2007-08/3-15 | ഊർജ്ജ സംരക്ഷണത്തിനും പ്രാദേശിക സ്രോതസ്സുകളിൽ നിന്നുള്ള ഊർജ്ജ സമ്മിശ്രങ്ങളുടെ വികസനത്തിനുമുള്ള സമ്പൂർണ്ണ സംരക്ഷണപദ്ധതി. | അനെർട്ട് | 726350 |
| 4 | ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത് | 2007-08/ 3-1 | ഊർജ്ജ സംരക്ഷണം എന്ന പദ്ധതി | അനെർട്ട് | 380000 |

**ആകെ - 96,76,354**

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.14]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

148. പദ്ധതിയ്ക്കായി അനെർട്ട് ചെലവഴിച്ച തുകയുടെ ബാക്കി തുക തിരിച്ചടച്ചതായി സർക്കാരിന് ലഭ്യമാക്കിയ റിപ്പോർട്ടിൽ പറയുന്നുണ്ടെന്നും, അതു സംബന്ധിച്ച യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് ലഭ്യമാക്കിയിട്ടുണ്ടോ എന്നുള്ള സമിതി ചോദ്യത്തിന് യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റിനായുള്ള ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമായിട്ടുണ്ടെന്ന് ജില്ലാ പഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചതിനെ തുടർന്ന് അനെർട്ട് ഡയറക്ടറുടെ റിപ്പോർട്ട് ലഭ്യമാക്കിയാലും പദ്ധതി നടപ്പാക്കിയതായി കണക്കാക്കാവുന്നതാണെന്ന് സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ വ്യക്തമാക്കി. പദ്ധതി പൂർത്തിയായതിനാൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നടുവണ്ണൂർ ഗ്രാമപഞ്ചായത്ത്

149. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതി ചോദ്യമുന്നയിച്ചതിന് പഞ്ചായത്ത് ഡെപ്പോസിറ്റ് ചെയ്ത തുകയെല്ലാം സർക്കാർ നിർദ്ദേശത്തിന്റെ അടിസ്ഥാനത്തിൽ തിരികെ അടവാക്കിയിട്ടുണ്ടെന്നും, എല്ലാ പഞ്ചായത്തുകൾക്കും ചെലവായ തുകയുടെ രസീത് കൊടുക്കണമെന്ന് പറഞ്ഞിട്ടുള്ളതിനാൽ പല പഞ്ചായത്തുകളും രസീതുകൾ കൈപ്പറ്റിയിട്ടുണ്ടെന്നും, ബാക്കി തുക ധനകാര്യ വകുപ്പിന്റെ ഉത്തരവ് പ്രകാരം ട്രഷറിയിലേക്ക് തിരികെ അടവാക്കിയിട്ടുണ്ടെന്നും തുക അടച്ചതിനാൽ അനെർട്ടിനെ പിഴപലിശയിൽ നിന്നും ഒഴിവാക്കിയിട്ടുണ്ടെന്നും സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. പഞ്ചായത്ത് 28,36,31,707 രൂപ അനെർട്ടിലേയ്ക്ക് അടച്ചിട്ടുണ്ടെന്ന് നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിനെതുടർന്ന് ഓരോ പഞ്ചായത്തിനും വേണ്ടി ചെലവഴിച്ചിട്ടുള്ള തുക സംബന്ധിച്ച സ്റ്റേറ്റ്മെന്റ് അനെർട്ടിൽ നിന്നും ലഭ്യമാകാനുണ്ടെന്നും ഓരോ പഞ്ചായത്തിനും ചെലവായ തുകയുടെയും, സർക്കാരി ലേയ്ക്ക് തിരിച്ചടച്ച തുകയുടെയും വിവരങ്ങളാണ് സ്റ്റേറ്റ്മെന്റിൽ ഉള്ളതെന്നും സ്റ്റേറ്റ് പെർഫോർമെൻസ് ഓഡിറ്റ് ഓഫീസർ അഭിപ്രായപ്പെട്ടു.

150.അനെർട്ടിൽ നിന്നും രസീത് ലഭ്യമായിട്ടുണ്ടോയെന്നും, ആയത് ഓഡിറ്റ് വകുപ്പിന് പരിശോധനയ്ക്കായി ലഭ്യമാക്കിയിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന്, പ്രസ്തുത രസീത് അനെർട്ടിൽ നിന്നും ലഭ്യമായിട്ടുണ്ടെന്നും, ഓഡിറ്റ് വകുപ്പിന്റെ പരിശോധനയ്ക്കായി ടി രസീത് ഹാജരാക്കിയിട്ടുണ്ടെന്നും നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. അനെർട്ടിൽ നിക്ഷേപിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിച്ചു.

## നൊച്ചാട് ഗ്രാമപഞ്ചായത്ത്; ചക്കിട്ടപ്പാറ ഗ്രാമപഞ്ചായത്ത്

151. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും, ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**152. ഭരണ വകുപ്പ് അധികൃതരും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**153. നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് അനെർട്ടിൽ നിക്ഷേപിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**154. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ നൊച്ചാട്, ചക്കിട്ടപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികളുടെ പരിപാലനം**

തങ്ങളുടെ അധീനതയിൽ ഉള്ളതും കാലാകാലങ്ങളിൽ ആർജ്ജിച്ചതോ സൃഷ്ടിച്ചതോ ആയ സ്ഥാവരജംഗമ സ്വത്തുക്കൾ, പ്രതിഫലദായകവും അല്ലാത്തതുമായ സ്വത്തുക്കൾ എന്നിവ അടങ്ങിയതാണ് തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളുടെ ആസ്തികൾ. ഭൂമി, കെട്ടിടങ്ങൾ, മറ്റു സ്ഥാവരജംഗമ സ്വത്തുക്കൾ എന്നിവയുടെ രൂപത്തിൽ ഗണ്യമായ ആസ്തികൾ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾക്ക് സ്വന്തമായി ഉണ്ട്.

ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള പുറമ്പോക്ക് സ്ഥലങ്ങൾ, ജലവിതരണ/ ജലസേചനപദ്ധതികൾ, മറ്റ് സ്ഥാപനങ്ങൾ എന്നിവ പരിപാലിക്കുന്നതിന് വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. പുറമ്പോക്ക് ഭൂമിയും മറ്റും തിട്ടപ്പെടുത്തി വേലികെട്ടി ഉടമസ്ഥാവകാശം സംബന്ധിച്ച ബോർഡ് വയ്ക്കണമെന്നും ആസ്തി രജിസ്റ്ററുകളിലെ ന്യൂനതകൾ പരിഹരിക്കണമെന്നുമുള്ള സർക്കാരിന്റെ 24-8-2008-ലെ സർക്കുലർ നമ്പർ 55178/എഫ്. എം.3/2008/ത.സ്വ.ഭ.വ. പ്രകാരമുള്ള നിർദ്ദേശങ്ങൾ പല ഗ്രാമപഞ്ചായത്തുകളും പാലിച്ചിട്ടില്ല.

കേരള പഞ്ചായത്ത് രാജ് നിയമം 166-ാം വകുപ്പ് ഒന്നാം ഉപവകുപ്പ് മൂന്നാം പട്ടിക പ്രകാരം പൊതുസ്ഥലങ്ങൾ കൈയ്യേറ്റം ചെയ്യപ്പെടാതെ സംരക്ഷിക്കൽ, പൊതു റോഡുകളും മറ്റു പൊതുമുതലുകളും സംരക്ഷിക്കൽ, പൊതു സ്ഥലങ്ങളിൽ മൂത്രപ്പുരയും, കക്കൂസും, കളിസ്ഥലവും ഏർപ്പെടുത്തൽ, ഗ്രാമപഞ്ചായത്ത് പ്രദേശത്തെ ജലവിതരണ/ജലസേചന പദ്ധതികളുടെ പരിപാലനം, നടത്തിപ്പ് എന്നിവ ഗ്രാമപഞ്ചായത്തിന്റെ ചുമതലകളാണ്. മേൽപ്പറഞ്ഞ വിഭാഗത്തിൽപ്പെടുന്ന ഗ്രാമപഞ്ചായത്തുകളുടെ ആസ്തികൾ പരിപാലിക്കുന്നതിലും, സംരക്ഷിക്കുന്നതിലുമുണ്ടായ വീഴ്ചകളുടെ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു:

<table>
<tr><th>ക്രമ നമ്പർ</th><th>സ്ഥാപനത്തിന്റെ പേര്</th><th>ഓഡിറ്റ് വർഷം</th><th>ഖണ്ഡിക നമ്പർ</th><th>അപാകത</th></tr>
<tr><td>(1)</td><td>(2)</td><td>(3)</td><td>(4)</td><td>(5)</td></tr>
<tr><td>1</td><td>കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്</td><td>2007-08</td><td>3-1</td><td>ഗ്രാമപഞ്ചായത്തിന്റെ പ്രവർത്തനരഹിതമായ ആസ്തികളുടെ വിവരങ്ങൾ താഴെ കൊടുക്കുന്നു:
<table>
<tr><th>ക്രമ നം.</th><th>ആസ്തിയുടെ പേര്</th><th>ചെലവ്</th><th>നിലവിലെ അവസ്ഥ</th></tr>
<tr><td>1</td><td>തേനങ്ങാ പറമ്പ് ജലസേചന പദ്ധതി</td><td>1,70,000</td><td>പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>2</td><td>കൃഷി ഇൻഫർമേഷൻ സെന്റർ, തേനങ്ങാ പറമ്പ്</td><td>1,30,000 (പഴയ കെട്ടിടം നവീകരണം)</td><td>പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>3</td><td>വൃദ്ധസദനം</td><td>5,10,631</td><td>പ്രവർത്തിക്കുന്നില്ല</td></tr>
<tr><td>4</td><td>ശിശുമന്ദിരം, പന്നിക്കോട്</td><td>2,00,000</td><td>പ്രവർത്തിക്കുന്നില്ല (കെട്ടിടം കാട് കയറി മൂടിയ അവസ്ഥയിൽ)</td></tr>
</table></td></tr>
<tr><td>2</td><td>മടവൂർ ഗ്രാമപഞ്ചായത്ത്</td><td>2007-08</td><td>3-1</td><td>ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള 14-ാം വാർഡിൽ കായൽ കോട്ടയിൽ 10 സെന്റ് റോഡ് പുറമ്പോക്ക്, പുത്താനത്ത് താഴം റോഡ്, കുട്ടംപുറംതാഴം മുതൽ പൂനൂർപുഴ വരെ 3 കി.മീ നീളത്തിൽ നീണ്ടുകിടക്കുന്ന തോടിന്റെ ഏതാണ്ട് 12 ഏക്കറോളം വരുന്ന പുറമ്പോക്ക് ഭൂമിയിൽ പകുതിയിലേറെ എന്നിവ അന്യാധീനപ്പെട്ടു.</td></tr>
</table>

| (1) | (2) | (3) | (4) | (5) |
|---|---|---|---|---|
| 3 | കോട്ടൂർ ഗ്രാമപഞ്ചായത്ത് | 2007-08 | 3-30 | പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ള കുടിവെള്ള/ ജലസേചന പദ്ധതികളെക്കുറിച്ച് വിവരങ്ങളില്ല. ആസ്തി രജിസ്റ്റർ പ്രകാരം പഞ്ചായത്തിൽ 14 സാമൂഹ്യ ജലസേചന പദ്ധതികളും 28 കുടിവെള്ള പദ്ധതികളും ഉണ്ട്. ഈ പദ്ധതികളുടെ ഉടമസ്ഥാവകാശം സംബന്ധിച്ചോ പ്രവർത്തിക്കുന്നുണ്ടോ എന്നത് സംബന്ധിച്ചോ പഞ്ചായത്തിൽ വിവരങ്ങളില്ല. |
| 4 | കാക്കൂർ ഗ്രാമപഞ്ചായത്ത് | 2007-08 | 3-20 | കംഫർട്ട് സ്റ്റേഷൻ ആരംഭിക്കാൻ സൗജന്യമായി വിട്ടുകിട്ടിയ മുറികൾ ഗ്രാമപഞ്ചായത്ത് ഉപയോഗപ്പെടുത്തിയില്ല. കാക്കൂർ അങ്ങാടിയിൽ അമ്പാടി അസോസിയേറ്റ് ബിൽഡിംഗ് ഉടമ പേയിംഗ് ടോയ്‌ലെറ്റ് ആരംഭിക്കുന്നതിന് മുറികൾ വിട്ടുനൽകിയെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല. |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2010-11 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 5.8.3]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**കൊടിയത്തൂർ ഗ്രാമപഞ്ചായത്ത്**

155. കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ തേനങ്ങാപറമ്പ് ജലസേചന പദ്ധതി, കൃഷി ഇൻഫർമേഷൻ സെന്റർ എന്നിവ പ്രവർത്തനക്ഷമമാണോ എന്ന് സമിതി ആരാഞ്ഞതിന് പ്രദേശത്ത് കുടിവെള്ള ക്ഷാമമുള്ളതിനാൽ പ്രസ്തുത പദ്ധതി കുടിവെള്ള പദ്ധതിയായിട്ടാണ് പ്രവർത്തിച്ചുവരുന്നതെന്നും കൃഷി ഇൻഫർമേഷൻ സെന്റർ നിലവിൽ അങ്കണവാടി ആയിട്ടാണ് പ്രവർത്തിക്കുന്നതെന്നും കൊടിയത്തൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

156. വൃദ്ധസദനത്തിന്റെയും ശിശുമന്ദിരത്തിന്റെയും സ്ഥിതിയെക്കുറിച്ച് സമിതി ആരാഞ്ഞപ്പോൾ നിലവിൽ വൃദ്ധസദനം ഗവൺമെന്റ് ഹോമിയോ ഡിസ്പെൻസറിയായും, ശിശുമന്ദിരം ഓട്ടിസം സെന്ററായും പ്രവർത്തിച്ചു വരികയാണെന്നും, ഓട്ടിസം ബാധിച്ച കുട്ടികളെ പരിചരിക്കുന്നതിന് പ്രാവീണ്യമുള്ള ആളുകളെ ഏർപ്പെടുത്തിയിട്ടുണ്ടെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച റിപ്പോർട്ട് പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് സമർപ്പിച്ചിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോർമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു.

157. പ്രസ്തുത ജലസേചന പദ്ധതി കുടിവെള്ള പദ്ധതിയായി ഉപയോഗപ്പെടുത്തി വരുന്നതിനാലും, കെട്ടിടങ്ങൾ കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നതിനാലും ഓഡിറ്റ് പരാമർശം സംബന്ധിച്ച നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**മടവൂർ ഗ്രാമപഞ്ചായത്ത്**

158. മടവൂർ ഗ്രാമപഞ്ചായത്തിന്റെ 12 ഏക്കർ വരുന്ന ഭൂമിയിൽ പകുതിയിലേറെയും അന്യാധീനപ്പെട്ടു പോയെന്നാണ് റിപ്പോർട്ട് ചെയ്തിരിക്കുന്നതെന്നും ഇത് തിരികെ ഈടാക്കുന്നതിന് നടപടി സ്വീകരിച്ചിട്ടുണ്ടോയെന്നും സമിതി ആരാഞ്ഞതിന് ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള സർവ്വേ നടപടികൾ നടന്നുവരികയാണെന്നും പഞ്ചായത്ത് അപേക്ഷ നൽകിയതിൻപ്രകാരം റവന്യൂ വകുപ്പാണ് സർവ്വേ നടത്തുന്നതെന്നും മടവൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു. സർവ്വേ നടത്തി ഭൂമി തിരിച്ച് പിടിച്ച് പ്രസ്തുത വിവരം തദ്ദേശസ്വയംഭരണ വകുപ്പിനെയും സമിതിയെയും അറിയിക്കണമെന്നും സമിതി നിർദ്ദേശിച്ചു. ആയതിന് നിലവിൽ സർവ്വേ നടപടികൾ പൂർത്തിയായിട്ടുണ്ടെന്നാണ് അറിയാൻ കഴിഞ്ഞിട്ടുള്ളതെന്നും ആയത് പരിശോധിച്ച് വകുപ്പിനെയും, സമിതിയെയും അറിയിക്കുന്നതാണെന്നും സെക്രട്ടറി സമിതിക്കു ഉറപ്പു നൽകി.

**കോട്ടൂർ ഗ്രാമപഞ്ചായത്ത്**

159. കോട്ടൂർ ഗ്രാമപഞ്ചായത്തിലെ കുടിവെള്ള പദ്ധതി നിലവിൽ പ്രവർത്തന ക്ഷമമാണോ എന്ന സമിതി ചോദ്യത്തിന് കുടിവെള്ള പദ്ധതികൾ പഞ്ചായത്തിന്റെ ഉടമസ്ഥതയിലുള്ളതാണെന്നും, പഞ്ചായത്തിന്റെ 29 പദ്ധതികൾ ജലനിധിക്ക് കൈമാറുകയും അതിൽ 19 എണ്ണം ജലനിധി ഏറ്റെടുത്ത് നല്ലരീതിയിൽ പ്രവർത്തിച്ച് വരുന്നുണ്ടെന്നും ബാക്കിയുള്ള 10 പദ്ധതികളിൽ 3 എണ്ണം മാത്രമാണ് നിലവിൽ പ്രവർത്തനക്ഷമ മല്ലാത്തതെന്നും 3 എണ്ണത്തിൽ ഒന്ന് കുടിവെള്ള പദ്ധതിയും, മറ്റ് രണ്ടെണ്ണം സാമൂഹ്യ ജലസേചന പദ്ധതിയുമാണെന്നും ഗുണഭോക്താക്കൾ പദ്ധതി ഏറ്റെടുക്കാത്തതിനാലാണ് കുടിവെള്ള പദ്ധതിയുടെ പ്രവർത്തനം നിലച്ചതെന്നും, ജലനിധി പദ്ധതിയുടെ കാലാവധി അവസാനിക്കുന്ന 2018 മാർച്ചിന് മുമ്പ് അത് ജലനിധിയെക്കൊണ്ട് ഏറ്റെടുപ്പിക്കാൻ ശ്രമിച്ചെങ്കിലും ആയത് വിജയിച്ചില്ലെന്നും, സാമൂഹ്യ ജലസേചന പദ്ധതിയുടെ ഭാഗമായുള്ള ഒരു പദ്ധതിയിലെ മോട്ടോർ ഇടിമിന്നലേറ്റ് നശിച്ചതുമൂലം പദ്ധതി പ്രവർത്തനരഹിത മായെന്നും, ആയത് റിപ്പയർ ചെയ്യുന്നതിനുള്ള നടപടി സ്വീകരിച്ചുവരികയാണെന്നും കോട്ടൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

160. ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**കാക്കൂർ ഗ്രാമപഞ്ചായത്ത്**

161. കാക്കൂർ ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ചോദിച്ചതിന് സ്വകാര്യ വ്യക്തി പഞ്ചായത്തിനായി ഒരു കംഫർട്ട് സ്റ്റേഷൻ കൈമാറിയിരുന്നതായും കാക്കൂർ അങ്ങാടിയിൽ സ്ഥിതി ചെയ്യുന്ന കംഫർട്ട് സ്റ്റേഷന്റെ നടത്തിപ്പിനായി ലേല നടപടികൾ നടത്തിയെങ്കിലും ആരും ഏറ്റെടുത്തില്ലെന്നും തുടർന്ന് ദിവസവേതനാടിസ്ഥാനത്തിൽ ആളെ നിയോഗിച്ചു കൊണ്ട് പ്രവർത്തിപ്പിച്ചെങ്കിലും ആരും ഉപയോഗിച്ചില്ലെന്നും, ഇതിന് സമീപത്തായി സ്വകാര്യ വ്യക്തി സൗജന്യമായി നടത്തുന്ന കംഫർട്ട് സ്റ്റേഷൻ നിലവിലുള്ളതിനാൽ പഞ്ചായത്ത് വക കംഫർട്ട് സ്റ്റേഷന്റെ പ്രവർത്തനം നിലച്ചുപോയെന്നും, പ്രസ്തുത കംഫർട്ട് സ്റ്റേഷൻ അടുത്ത സാമ്പത്തിക വർഷത്തെ പദ്ധതിയിൽ ഉൾപ്പെടുത്തി അനുയോജ്യമായ മറ്റൊരു സ്ഥലത്തേയ്ക്ക് മാറ്റി സ്ഥാപിക്കുന്നതിനുള്ള സാധ്യതകൾ പഞ്ചായത്ത് പരിശോധിച്ച് വരികയാണെന്നും കാക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

162. കാക്കൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

163. **തേനങ്ങാപറമ്പ് ജലസേചന പദ്ധതി കുടിവെള്ള പദ്ധതിയായി ഉപയോഗപ്പെടുത്തി വരുന്നതിനാലും കൃഷി ഇൻഫർമേഷൻ സെന്റർ, വൃദ്ധസദനം, ശിശുമന്ദിരം എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ മറ്റ് പദ്ധതികൾക്കായി കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നതിനാലും കൊടിയത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**164. മടവൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിന്നും അന്യാധീനപ്പെട്ടു പോയ ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഭരണവകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**165. തദ്ദേശസ്വയംഭരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

166. **ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കാക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

<u>ഓഡിറ്റ് ഖണ്ഡിക</u>

**നിഷ്ക്രിയ ആസ്തികൾ**

വേണ്ടത്ര സാധ്യതാപഠനങ്ങൾ നടത്താതെ പദ്ധതികൾ നിർവ്വഹിക്കപ്പെടുന്നതിന്റെ ബാക്കി പത്രങ്ങളാണ് നാശോന്മുഖമായ ആസ്തികൾ. ജനപങ്കാളിത്തം പരിമിതപ്പെട്ടതും പദ്ധതികൾ അപ്രായോഗികമായതും നിർവ്വഹണത്തിലെ അപാകങ്ങളും മോണിട്ടറിംഗ് സംവിധാനം ഫലപ്രദമല്ലാത്തതും ഭൂരിഭാഗം പദ്ധതികളുടേയും പാളിച്ചകൾക്ക് വഴിതെളിച്ചു. ലക്ഷങ്ങൾ മുടക്കി സൃഷ്ടിച്ച ആസ്തികളിൽ പലതും യാതൊരു വരുമാനവും ലഭ്യമാകാതെയും പൊതുജനങ്ങൾക്ക് പ്രയോജനപ്പെടാതെയും കിടക്കുന്നതായി ഓഡിറ്റിൽ കണ്ടെത്തുകയുണ്ടായി. പദ്ധതി വിഹിതം ഭാഗികമായി ചെലവാക്കിയതിനുശേഷം പദ്ധതി പൂർത്തിയാക്കാതെ പാതിവഴിയിൽ ഉപേക്ഷിക്കുന്ന പ്രവണത മിക്ക തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിലും കണ്ടുവരുന്നു. പദ്ധതി വിഹിതം ഏതുവിധേനയും ചെലവാക്കുക എന്നതിലുപരി പദ്ധതി ലക്ഷ്യപ്രാപ്തിയിൽ എത്തുന്നുണ്ടോ എന്നത് നിർവ്വഹണ ഉദ്യോഗസ്ഥർ പരിശോധനാ വിധേയമാക്കുന്നില്ല. പദ്ധതി നടത്തിപ്പിൽ യഥാസമയം മോണിട്ടറിംഗ് നടക്കുന്നില്ല. പൂർത്തിയായ പദ്ധതികൾ തന്നെ അനുബന്ധ സൗകര്യങ്ങൾ ഒരുക്കുന്നതിലെ പിഴവുമൂലം ലക്ഷ്യം കൈവരിക്കാനാവാതെ നിഷ്ക്രിയ ആസ്തികളായി മാറ്റപ്പെടുന്നു.

നിരവധി ജീവനക്കാരുടെ അദ്ധ്വാനവും പൊതുധനവും പൊതുസൗകര്യങ്ങളും പ്രയോജനപ്പെടുത്തിയാണ് ഓരോ പ്രോജക്ടും തയ്യാറാക്കുന്നത്. സമൂഹത്തിലെ വിവിധ ജനവിഭാഗങ്ങളുടെ ഉന്നമനത്തിനും, പ്രദേശത്തിന്റെ വികസനത്തിനുമായി തയ്യാറാക്കുന്ന ഈ പ്രോജക്ടുകൾ പലവിധ കാരണങ്ങളാൽ പാതിവഴിയിൽ ഉപേക്ഷിക്കുകയോ, പ്രവൃത്തി പൂർത്തിയാക്കാതെയിരിക്കുകയോ ചെയ്യുന്നത് പദ്ധതിപ്പണത്തിന്റെ പാഴ്ച്ചെലവായി കണക്കാക്കാവുന്നതാണ്. പൂർത്തീകരിച്ച പല പദ്ധതികളും ഉപയോഗപ്പെടുത്താതെ മൃതനിക്ഷേപമായി തുടരുന്ന അവസ്ഥയും ഉണ്ട്.

വ്യക്തമായ സാധ്യതാപഠനങ്ങൾ നടത്താതെ പ്രോജക്ടുകൾ തയ്യാറാക്കുകയും അതിനുവേണ്ടി പദ്ധതിപ്പണം പാഴാക്കുകയും ചെയ്യുന്ന പ്രവണത തദ്ദേശസ്വയംഭരണ സ്ഥാപനങ്ങളിൽ കണ്ടുവരുന്നു. പതിനൊന്നാം പഞ്ചവത്സര പദ്ധതിയുടെ ഭാഗമായി സംസ്ഥാനത്തെ തദ്ദേശസ്വയംഭരണ സ്ഥാപനങ്ങൾ ലക്ഷക്കണക്കിന് രൂപ ചെലവഴിച്ച് നിർമ്മിച്ച ആസ്തികൾ ഇപ്പോഴും വിനിയോഗിക്കപ്പെടാതെ കിടക്കുന്നു.

സംരംഭകരെ കണ്ടെത്താതെയും പ്രോത്സാഹിപ്പിക്കാതെയും അടിസ്ഥാന സൗകര്യങ്ങൾ മാത്രം വികസിപ്പിക്കുന്നത് ശരിയായ പ്രവണതയല്ല. വനിതകളുടെ സാമ്പത്തികോന്നമന ത്തിനായി ലക്ഷ്യമിട്ട് വനിത വ്യവസായ കേന്ദ്രങ്ങൾ നിർമ്മിക്കുന്നതിന് ഭീമമായ തുക വികസന ഫണ്ടിൽ നിന്ന് ചെലവഴിക്കുന്നുണ്ട്. അത്തരം കെട്ടിടങ്ങൾ നിർമ്മിച്ച് നിഷ്ക്രിയ ആസ്തികളാക്കി മാറ്റുന്നതല്ലാതെ ഉദ്ദേശ്യലക്ഷ്യം കൈവരിക്കുന്നില്ല.

ഏതാനും ഉദാഹരണങ്ങൾ ചുവടെ ചേർക്കുന്നു:

| ക്രമ നമ്പർ | സ്ഥാപനം | ആസ്തിയുടെ പേര് | ചെലവ് തുക (രൂപ) | ഓഡിറ്റ് റിപ്പോർട്ട് | ഖണ്ഡിക നമ്പർ |
|---|---|---|---|---|---|
| 1 | മുക്കം ഗ്രാമപഞ്ചായത്ത് | ഖരമാലിന്യ സംസ്കരണ പ്ലാന്റ് | 5,25,000 | 2009-10 | 3-1 |
| 2 | കടലുണ്ടി ഗ്രാമപഞ്ചായത്ത് | വനിതാ വ്യവസായ കേന്ദ്രം | 4,54,437 | 2009-10 | 3(8) |
| | | വനിതാ വ്യവസായ കേന്ദ്രം- വിപുലീകരണം | 9,84,695 | 2009-10 | 3-8 |

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 2.7]

ഓഡിറ്റ് പരാമർശത്തിന്മേൽ സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

**മുക്കം ഗ്രാമപഞ്ചായത്ത്**

167. മുക്കം ഗ്രാമപഞ്ചായത്തിലെ സംസ്കരണ പ്ലാന്റ് സ്ഥാപിക്കുന്നതുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന് സമിതി ആരാഞ്ഞതിന് 2 ബയോഗ്യാസ് പ്ലാന്റും, പ്ലാസ്റ്റിക് മാലിന്യം സംസ്കരിക്കുന്നതിനുള്ള ഒരു ഷ്രെഡ്ഡിംഗ് യൂണിറ്റും സ്ഥാപിക്കുന്നതിനാണ് പദ്ധതി ആരംഭിച്ചതെന്നും നിലവിൽ 2 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തിക്കുന്നില്ലെന്നും, സ്വച്ച് ഭാരത് പദ്ധതി പ്രകാരം ഡി.പി.ആർ. ലഭിച്ചതിനാൽ 2019-20 വർഷത്തിൽ ഇവ റിപ്പയർ ചെയ്യുന്നതിനുള്ള പ്രൊപ്പോസൽ സമർപ്പിച്ചിരിക്കുകയാണെന്നും മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

168. ബയോഗ്യാസ് പ്ലാന്റ് പ്രവർത്തനക്ഷമമാക്കുന്നതിന് പഞ്ചായത്ത് നടപടി സ്വീകരിക്കേണ്ടതും ആയത് തദ്ദേശസ്വയംഭരണ വകുപ്പിനേയും സമിതിയേയും രേഖാമൂലം അറിയിക്കുകയും ചെയ്യേണ്ടതാണെന്ന സമിതി നിർദ്ദേശത്തിന് നടപടി സ്വീകരിച്ച് പ്രസ്തുത വിവരം രേഖാമൂലം വകുപ്പിനെയും ബഹു. സമിതിയെയും അറിയിക്കുന്നതാണെന്ന് മുക്കം ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിക്ക് ഉറപ്പു നൽകി.

## കടലുണ്ടി ഗ്രാമപഞ്ചായത്ത്

169. കടലുണ്ടി ഗ്രാമപഞ്ചായത്തിലെ ഓഡിറ്റ് പരാമർശം സംബന്ധിച്ച് സമിതിയുടെ ചോദ്യത്തിന്, വനിതാ വ്യവസായ കേന്ദ്രത്തിനായി അനുവദിച്ച കെട്ടിടം നിലവിൽ വാടകയ്ക്ക് നൽകിയിരിക്കുകയാണെന്നും, ഓരോ വർഷവും വാടകയിൽ ആനുപാതികമായ

വർദ്ധനവ് വരുത്തിയാണ് വാടക പുതുക്കി നൽകുന്നതെന്നും പ്രതിവർഷം 2,12,556 രൂപ വാടകയിനത്തിൽ പഞ്ചായത്ത് പിരിച്ചെടുക്കുന്നുണ്ടെന്നും വനിതാ വ്യവസായ കേന്ദ്രം നിലവിൽ പ്രവർത്തനരഹിതമാണെന്നും ഡെപ്യൂട്ടി ഡയറക്ടർ ഓഫ് പഞ്ചായത്ത് സമിതിയെ ബോധിപ്പിച്ചു.

170. പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് തദ്ദേശസ്വയംഭരണ വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് സ്റ്റേറ്റ് പെർഫോമൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചതിനെത്തുടർന്ന് പ്രസ്തുത പരാമർശത്തിന്മേലുള്ള നടപടികൾ അവസാനിപ്പിക്കുവാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**171. മുക്കം ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ 2 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമമാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയംഭരണ വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു.**

**172. ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ വകുപ്പിന് പഞ്ചായത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്ന് സമിതിയെ അറിയിച്ചതിനാലും കടലുണ്ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

**കോഴിക്കോട് ജില്ലാ പഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**അപ്രോച്ച് റോഡ് ഇല്ലാതെ പാലം - പാഴ്ച്ചെലവ് 57 ലക്ഷം രൂപ**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2009-2010 ഖണ്ഡിക 3-3

മരുതോങ്കര കാവിലുംപാറ ഗ്രാമപഞ്ചായത്തുകളെ ബന്ധിപ്പിച്ചുകൊണ്ട് ആലക്കാട്ട് താഴതോടിന് കുറുകെ പാലം നിർമ്മിക്കുന്നതിനായി രൂപീകരിച്ച ഈ പദ്ധതിയുടെ എസ്റ്റിമേറ്റ് തുക 69 ലക്ഷം രൂപയാണ്. എക്സിക്യൂട്ടീവ് എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രസ്തുത പദ്ധതിയുടെ നിർവ്വഹണ ഏജൻസി യു.എൽ.സി.സി.എസ്. ആയിരുന്നു. 13 മീറ്റർ നീളവും 6 മീറ്റർ വീതിയുമുള്ള പാലത്തിന്റെ നിർമ്മാണത്തിനായി 57 ലക്ഷത്തോളം രൂപ വിനിയോഗിച്ചിട്ടുണ്ട്. 2007-2008 വർഷത്തിൽ ആരംഭിച്ച ഈ പ്രവൃത്തി 2009-2010-ൽ

പൂർത്തീകരിച്ചു. എന്നാൽ 5-5-2011-ൽ ഓഡിറ്റ് വിഭാഗം നടത്തിയ പ്രാദേശിക പരിശോധനയിൽ പാലത്തിന്റെ നിർമ്മാണം മാത്രമേ നാളിതുവരെ പൂർത്തീകരിച്ചിട്ടുള്ളൂ വെന്നും, കാവിലുംപാറ ഭാഗത്ത് തറ നിരപ്പിൽ നിന്നും ഏകദേശം 4 മീറ്റർ ഉയരത്തിലും മരുതോങ്കര ഭാഗത്ത് തറനിരപ്പിൽ നിന്നും 8 മീറ്റർ ഉയരത്തിലും നിൽക്കുന്ന പ്രസ്തുത പാലം ഒരു വിധത്തിലും ഉപയോഗപ്പെടുത്താൻ കഴിഞ്ഞിട്ടില്ലായെന്നും കണ്ടെത്തി. നിലവിലുള്ള അപ്രോച്ച് റോഡുകളുടെ പുനർനിർമ്മാണം അതാത് ഗ്രാമപഞ്ചായത്തുകൾ നിർവ്വഹിക്കും എന്നാണ് എസ്റ്റിമേറ്റ് റിപ്പോർട്ടിൽ പറഞ്ഞിരിക്കുന്നതെങ്കിലും മരുതോങ്കര ഭാഗത്ത് നിലവിൽ ഒരു റോഡും ഇല്ല. മാത്രമല്ല ഒരു സ്വകാര്യ വ്യക്തിയുടെ സ്ഥലത്താണ് പാലം വന്നുചേരുന്നത്. കൂടാതെ അപ്രോച്ച് റോഡുകൾക്ക് ആവശ്യമായ സ്ഥലം ആർജ്ജിക്കാതെയും പ്ലാൻ, എസ്റ്റിമേറ്റ് എന്നിവ തയ്യാറാക്കാതെയും, അപ്രോച്ച് റോഡുകൾക്ക് വരുന്ന ചെലവിനെക്കുറിച്ച് ഒരു ധാരണയും ഇല്ലാതെയുമാണ് പാലത്തിന്റെ നിർമ്മാണം നടത്തിയിരിക്കുന്നത്. പാലത്തിന്റെ ഉയരത്തിൽ ഇരുഭാഗത്തും റോഡുകൾ നിർമ്മിക്കണമെങ്കിൽ ഇനിയും ലക്ഷക്കണക്കിന് രൂപ ചെലവിടേണ്ടതുണ്ട്. ഇത്രയും വലിയ തുക ഗ്രാമ പഞ്ചായത്തുകൾക്ക് ചെലവഴിക്കാൻ കഴിയുമോ എന്നതുതന്നെ സംശയപ്രദമാണ്. 57 ലക്ഷത്തോളം രൂപ ചെലവഴിച്ച് നിർമ്മിച്ച പാലം സമീപഭാവിയിൽ ഒന്നുംതന്നെ അപ്രോച്ച് റോഡുകളുടെ നിർമ്മാണം പൂർത്തീകരിച്ച് ഉപയോഗയോഗ്യമാക്കാൻ കഴിയില്ലെന്നും സ്ഥലപരിശോധനയിൽ ബോധ്യപ്പെട്ടിട്ടുണ്ട്.

ഖണ്ഡിക സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെടുത്തുന്ന വിവരം സീനിയർ ഡെപ്യൂട്ടി ഡയറക്ടർ 11-5-2011-ലെ എൽ. എഫ്. കെ.കെ. ഡി. എഫ്2/723/2012(2)-ാം നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചുവെങ്കിലും ആയതിന് വ്യക്തമായ മറുപടി ലഭ്യമാക്കിയിട്ടില്ല. 17-5-2012-ൽ സ്ഥലം നേരിൽ പരിശോധിച്ചപ്പോഴും പ്രസ്തുത പാലം ഉപയോഗപ്രദമാക്കിയിട്ടില്ലെന്ന് കാണുന്നു. ആയതിനാൽ പാലം നിർമ്മിച്ച വകയിൽ 57 ലക്ഷത്തോളം രൂപ പാഴ്ച്ചെലവായിരിക്കുകയാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

ശ്രീ. എം. കെ. ശശിധരൻ,

എക്സിക്യൂട്ടീവ് എഞ്ചിനീയർ

കൃഷ്ണസ്മൃതി, മച്ചമ്പുറത്ത്

കാരമുക്കംകുളം, കണിമംഗലം പി. ഒ,

തൃശ്ശൂർ.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.17]

ഓഡിറ്റ് പരാമർശത്തിന് സർക്കാർ ലഭ്യമാക്കിയ മറുപടി അനുബന്ധം II ആയി ചേർത്തിരിക്കുന്നു.

173. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടി അംഗീകരിക്കുന്നതായി സമിതി അറിയിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**174. തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു.**

**ഫറോക്ക് ഗ്രാമപഞ്ചായത്ത്**

ഓഡിറ്റ് ഖണ്ഡിക

**വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചു - സർക്കാർ ഉത്തരവുകളുടെ ലംഘനം**

ഓഡിറ്റ് റിപ്പോർട്ട് വർഷം 2007-2008 ഖണ്ഡിക 3-1

- സർക്കാർ അനുമതി ലഭിക്കാതെ 63 ലക്ഷം രൂപ വികസന ഫണ്ടിൽ നിന്നും പിൻവലിച്ച് ബാങ്കിൽ നിക്ഷേപിച്ചു.
- 3 വർഷമായി തുക ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയമായി തുടരുന്നു.

30-1-2017-ലെ 5-ാം നമ്പർ തീരുമാന പ്രകാരം ജലനിധി പദ്ധതിയ്ക്ക് വകയിരുത്തിയ വികസന ഫണ്ട് തുക ജലനിധി അക്കൗണ്ടിലേയ്ക്ക് മാറ്റാൻ തീരുമാനിച്ചിരുന്നു. അതനുസരിച്ച് മാർച്ച് 2007-ൽ 63 ലക്ഷം രൂപ സ്റ്റേറ്റ് ബാങ്ക് ഓഫ് ഇന്ത്യ, നടക്കാവ് ബ്രാഞ്ചിൽ നിക്ഷേപിച്ചു. ഗ്രാമപഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി എന്നിവരുടെ ജലനിധി പ്രോജക്ട് അക്കൗണ്ടിലാണ് തുക നിക്ഷേപിച്ചത്. തുക മുൻകൂറായി വികസന ഫണ്ടിൽ നിന്നും പിൻവലിക്കുന്നതിന് സർക്കാർ അനുമതി ലഭിച്ചിരുന്നില്ല. 2007 ഡിസംബർ 31-ന മുമ്പ് പദ്ധതി പൂർത്തിയാക്കുമെന്നതിന് ഒരു ഉറപ്പുമില്ലാത്ത സാഹചര്യത്തിലും പഞ്ചായത്തിന് വമ്പിച്ച സാമ്പത്തിക ബാധ്യത ഉണ്ടാകുമെന്നതിനാലും പദ്ധതിയുമായി മുന്നോട്ട് പോകുന്നത് ശരിയല്ലെന്ന് 2-3-2007-ലെ 26783/എൽ3/06 തദ്ദേശസ്വയംഭരണ വകുപ്പ് നമ്പർ കത്തിൽ സർക്കാർ വ്യക്തമാക്കിയിരുന്നു.

പ്രസ്തുത ഖണ്ഡിക സമാഹൃത റിപ്പോർട്ടിലേയ്ക്ക് ശിപാർശ ചെയ്യുന്ന വിവരം സീനിയർ ഡെപ്യൂട്ടി ഡയറക്ടറുടെ 11-2-2012/18-5-2012-ലെ എൽ.എഫ്.കെ. കെ.ഡി.എഫ്.2/723/12 നമ്പർ കത്ത് പ്രകാരം ഗ്രാമപഞ്ചായത്ത് സെക്രട്ടറിയെ അറിയിച്ചിട്ടുണ്ട്. സെക്രട്ടറിയുടെ മറുപടിയിൽ വികസന ഫണ്ട് സഞ്ചിതനിധിയിൽ തിരികെ അടവാക്കിയിട്ടില്ലെന്ന് വ്യക്തമാക്കിയിട്ടുണ്ട്.

സർക്കാർ നിർദ്ദേശം ലംഘിച്ച് വികസന ഫണ്ട് ബാങ്ക് അക്കൗണ്ടിൽ നിക്ഷേപിച്ചത് ഗുരുതരമായ ക്രമക്കേടാണ്. 3 വർഷമായി തുക ബാങ്ക് അക്കൗണ്ടിൽ നിഷ്ക്രിയാവസ്ഥയിൽ കിടക്കുന്നു. തുക അടിയന്തരമായി സർക്കാരിലേയ്ക്ക് തിരിച്ച് അടയ്ക്കേണ്ടതാണ്.

ഉത്തരവാദിയായ ഉദ്യോഗസ്ഥർ:

1. ശ്രീ. സി. ജനാർദ്ദനൻ, സെക്രട്ടറി (റിട്ട.){06/11/2008-21/04/2010}
   ശോഭനം നെല്ലോനി, മട്ടന്നൂർ പി.ഒ., കണ്ണൂർ ജില്ല
2. ശ്രീ. ജയശീലൻ, സെക്രട്ടറി (റിട്ട.){22/04/2010-31/03/2011}ബ്ലൂബെൽ, ജി.എ. കോട്ടേജ്. പി.ഒ., കോഴിക്കോട് ജില്ല
3. ശ്രീ. സി. ആർ. മോഹനൻ, ജെ.എസ്. ഇൻചാർജ്ജ്, {01/04/2011-18/06/2011} മണിയൂർ ഗ്രാമപഞ്ചായത്ത്, കോഴിക്കോട് ജില്ല.
4. ശ്രീ. ജോണി വർഗ്ഗീസ്, ജെ.എസ്. ഇൻചാർജ്ജ്, {18/06/2011-10/08/2011} മേപ്പയൂർ ഗ്രാമപഞ്ചായത്ത്, ഇടത്തിൽ വീട്, നടുവട്ടം, നോർത്ത് ബേപ്പൂർ. പി.ഒ., കോഴിക്കോട് - 673015
5. ശ്രീ. എ.പി. സനൽകുമാർ, സെക്രട്ടറി {11/08/2011-16/08/2011}
   ചാത്തമംഗലം ഗ്രാമപഞ്ചായത്ത്
6. ശ്രീ. ടി. അബ്ദു നാസർ, സെക്രട്ടറി, {22/08/2011 തുടരുന്നു}
   ഫറോക്ക് ഗ്രാമപഞ്ചായത്ത്, കണ്ണാടിക്കൽ, വേങ്ങേരി, കോഴിക്കോട്.

[കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ് ഡയറക്ടറുടെ 2011-12 വർഷത്തെ സമാഹൃത ഓഡിറ്റ് റിപ്പോർട്ട്; ഓഡിറ്റ് ഖണ്ഡിക 4.18]

175. ഓഡിറ്റ് പരാമർശം സംബന്ധിച്ച് എന്താണ് പറയാനുള്ളതെന്ന സമിതി ചോദ്യത്തിന് നിലവിൽ പ്രസ്തുത തുക ജപ്പാൻ കുടിവെള്ള പദ്ധതിയുടെ ഭാഗമായി ഓരോ വാർഡിലും പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനായി ചെലവഴിച്ചിട്ടുണ്ടെന്നും, 38 വാർഡുകളുള്ള ഫറോക്ക് മുനിസിപ്പാലിറ്റിയിൽ 33 വാർഡിലും ജലവിതരണം

സാധ്യമാക്കിയിട്ടുണ്ടെന്നും, ബാക്കിയുള്ള 5 വാർഡുകളിൽ പൈപ്പ് ലൈൻ സ്ഥാപിക്കുന്നതിനുള്ള പ്രവൃത്തികൾ നടന്നുവരികയാണെന്നും ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ ബോധിപ്പിച്ചു.

176. വികസന ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചോ എന്ന് സമിതി ആരാഞ്ഞതിന് ഫണ്ട് പൂർണ്ണമായും ഉപയോഗപ്പെടുത്തിയിട്ടുണ്ടെന്നും ഗുണഭോക്തൃ ഫണ്ട് ലഭിക്കാതിരുന്നതിനാൽ ജലനിധി പദ്ധതി നടപ്പാക്കാൻ സാധിച്ചില്ലെന്നും, അതിനാലാണ് വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചതെന്നും ഫറോക്ക് ഗ്രാമപഞ്ചായത്ത് സെക്രട്ടറി സമിതിയെ അറിയിച്ചു.

177. പഞ്ചായത്ത് സ്ഥലം വാങ്ങിയതായി റിപ്പോർട്ടിൽ സൂചിപ്പിച്ചിരിക്കുന്നതിൻ പ്രകാരം എത്ര സെന്റ് സ്ഥലമാണ് പഞ്ചായത്ത് വാങ്ങിയതെന്നും അതിന്റെ നിജസ്ഥിതിയെക്കുറിച്ചും സമിതി ചോദിച്ചതിന് മാവൂരിൽ 70 സെന്റ് സ്ഥലവും കവണക്കല്ലിൽ 92.87 സെന്റ് സ്ഥലവുമാണ് പഞ്ചായത്ത് വാങ്ങിയതെന്നും, മാവൂരിലുള്ള ഭൂമി മാത്രമാണ് നിലവിൽ പഞ്ചായത്തിന്റെ കൈവശമുള്ളതെന്നും കവണക്കല്ലിലെ ഭൂമി ജലനിധിയുടെ പേരിൽ ഗുണഭോക്തൃ വിഹിതത്തിലെ തുക ഉപയോഗിച്ച് വാങ്ങിയതാണെന്നും അത് ജലനിധിയുടെ കൈവശമാണുള്ളതെന്നും, സ്കീം ലെവൽ കമ്മിറ്റിക്ക് 2,84,000 രൂപയുടെ ലോൺ ബാധ്യതയുള്ളതിനാൽ പ്രസ്തുത തുക പഞ്ചായത്ത് കൈമാറുകയാണെങ്കിൽ സ്ഥലം പഞ്ചായത്തിന്റെ പേരിൽ രജിസ്റ്റർ ചെയ്ത് നൽകാമെന്ന് അറിയിച്ചിട്ടുണ്ടെന്നും മറ്റൊരു പഞ്ചായത്തിലെ സ്ഥലമായതിനാൽ അത് വാങ്ങുന്നതിന് സർക്കാർ അനുമതിക്കായി 2010-ൽ അപേക്ഷ സമർപ്പിച്ചിരുന്നെങ്കിലും നാളിതുവരെ ആയതിന്മേൽ യാതൊരു നടപടിയും സർക്കാർ തലത്തിൽ ഉണ്ടായിട്ടില്ലെന്നും സെക്രട്ടറി സമിതിയെ അറിയിച്ചു.

178. വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിച്ചത് സംബന്ധിച്ച് സമിതി ധനകാര്യ വകുപ്പിനോട് അഭിപ്രായമാരാഞ്ഞതിന് പഞ്ചായത്തിന്റെ വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിക്കാൻ സർക്കാർ അനുമതി നൽകിയിട്ടില്ലെന്നും, അങ്ങനെ നിക്ഷേപിച്ചാൽ പലിശ സഹിതം തിരിച്ചടയ്ക്കേണ്ടതാണെന്നും, പലിശ ഇനത്തിൽ എന്തെങ്കിലും കുറവ് വന്നിട്ടുണ്ടെങ്കിൽ ബന്ധപ്പെട്ട ഉദ്യോഗസ്ഥനിൽ നിന്ന് അത് ഈടാക്കണമെന്നാണ് നിയമത്തിൽ പറഞ്ഞിരിക്കുന്നതെന്നും ധനകാര്യ വകുപ്പ് അഡീഷണൽ സെക്രട്ടറി സമിതിയെ അറിയിച്ചു.

179. ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചിട്ടുണ്ടെന്നും കൂടാതെ വാട്ടർ അതോറിറ്റിയിൽ നിന്നും പദ്ധതി പ്രവർത്തനങ്ങളുടെ യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റും ലഭ്യമാക്കിയിട്ടുണ്ടെന്നും സെക്രട്ടറി അറിയിച്ചതിനെ തുടർന്ന് സെക്രട്ടറി സൂചിപ്പിച്ചതിൽ നിന്നും വ്യത്യസ്തമായിട്ടാണ് വകുപ്പിന് റിപ്പോർട്ട് സമർപ്പിച്ചിരിക്കുന്നതെന്നും, റിപ്പോർട്ട് പ്രകാരം

ഫറോക്ക് പഞ്ചായത്ത് ജലനിധി പദ്ധതി ഫണ്ട് പലിശ സഹിതം 52,75,000 രൂപ ഫറോക്ക് സബ്ട്രഷറിയിൽ സ്ഥിര നിക്ഷേപമായി നിക്ഷേപിക്കുകയും ടി തുക പലിശ സഹിതം 75,14,355 രൂപ 16-1-2016-ൽ എഫ്3/2014/എൽ.എസ്.ജി.ഡി. നമ്പർ സർക്കാർ ഉത്തരവ് പ്രകാരം ഫറോക്ക് നഗരസഭയുടെ 2015-16 വാർഷിക പദ്ധതിയിൽ 137/15 നമ്പർ പദ്ധതിയായ ജപ്പാൻ കുടിവെള്ള പദ്ധതിയ്ക്കായി വിനിയോഗിക്കുന്നതിന് അനുമതി ലഭിച്ചതുമാണെന്നും ആയത് പ്രകാരം ടി തുക 2016 ഫെബ്രുവരി-മാർച്ച് മാസങ്ങളിലായി കേരള വാട്ടർ അതോറിറ്റിയിൽ അടയ്ക്കുകയും നഗരസഭയുടെ മുഴുവൻ മേഖലകളിലേയ്ക്കായി വിഭാവനം ചെയ്യുന്ന ജപ്പാൻ കുടിവെള്ള പദ്ധതി പ്രവർത്തനങ്ങൾ പൂർത്തീകരിച്ച് വരുന്നതായും അറിയിക്കുന്നതായി സ്റ്റേറ്റ് പെർഫോമെൻസ് ഓഡിറ്റ് ഓഫീസർ വെളിപ്പെടുത്തി.

180. പദ്ധതി പൂർത്തീകരിച്ചിട്ടുണ്ടെന്നുള്ളതിനാൽ സർക്കാരിൽ നിന്നും സാധൂകരണം നേടിയാൽ വിഷയം അവസാനിപ്പിക്കാൻ കഴിയില്ലേ എന്ന സമിതി ചോദ്യത്തിന് സർക്കാർ ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിനാൽ പ്രസ്തുത വിഷയം അവസാനിപ്പിക്കാവുന്നതാണെന്ന് സ്റ്റേറ്റ് പെർഫോമെൻസ് ഓഡിറ്റ് ഓഫീസർ സമിതിയെ അറിയിച്ചു. വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിക്കാൻ പാടില്ലാത്തതാണെങ്കിലും ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്മേലുള്ള നടപടി അവസാനിപ്പിക്കാൻ സമിതി നിർദ്ദേശിച്ചു.

**നിഗമനങ്ങളും ശിപാർശകളും**

**181. വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിക്കുന്നത് ക്രമരഹിതമാണെങ്കിലും ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു.**

ടി. പി. രാമകൃഷ്ണൻ,

തിരുവനന്തപുരം, *അദ്ധ്യക്ഷൻ,*
2021 നവംബർ 9. *ലോക്കൽ ഫണ്ട് അക്കൗണ്ട്സ് കമ്മിറ്റി.*

അനുബന്ധം I

## പ്രധാനപ്പെട്ട നിഗമനങ്ങളും/തുടർശിപാർശകളും

| ക്രമ നമ്പർ | വകുപ്പ് | ഖണ്ഡിക നമ്പർ | നിഗമനങ്ങൾ ശിപാർശകൾ |
|---|---|---|---|
| (1) | (2) | (3) | (4) |
| 1 | തദ്ദേശ സ്വയംഭരണം | 8 | കുളങ്ങരക്കണ്ടിതാഴം ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട് ചേളന്നൂർ ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 2 | ” | 9 | തൂണേരി ബ്ലോക്ക് പഞ്ചായത്തിൽ മുൻകൂർ തുകയും അനുബന്ധ സാധനങ്ങളും നൽകിയിട്ടും ആരംഭിക്കാതിരുന്ന പ്രവൃത്തി നിലവിൽ പ്രവർത്തനക്ഷമമാണെന്ന് സംസ്ഥാന ഓഡിറ്റ് വിഭാഗം പരിശോധിച്ച് ബോധ്യപ്പെട്ടിട്ടുള്ളതിനാൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 3 | ” | 10 | കൊടുവള്ളി ബ്ലോക്ക് പഞ്ചായത്തിലെ ഇടിവെട്ട്മല സംരക്ഷണ പദ്ധതിയുമായി ബന്ധപ്പെട്ട് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 4 | ” | 11 | മുക്രംതോട് ആർ.സി.ബി. നിർമ്മാണവുമായി ബന്ധപ്പെട്ട് കൊടുവള്ളി ബ്ലോക്ക് പഞ്ചായത്ത് അധികൃതർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 5 | ” | 12 | ബാലുശ്ശേരി ബ്ലോക്ക് പഞ്ചായത്തിലെ കാവിൽതുറുത്തി മുക്ക് ഊരള്ളൂർ റോഡ് നിർമ്മാണവുമായി ബന്ധപ്പെട്ട് ആരോപണ |

| (1) | (2) | (3) | (4) |
|---|---|---|---|
| | | | വിധേയനായ കൺവീനറിൽ നിന്നും നഷ്ടത്തുക തിരിച്ച് പിടിക്കുന്നതിനുള്ള നടപടി ത്വരിതപ്പെടുത്തണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 6 | തദ്ദേശ സ്വയംഭരണം | 17 | സർക്കാർ ലഭ്യമാക്കിയ മറുപടികളുടെ അടിസ്ഥാനത്തിൽ ഇടപ്പുറം ഹരിജൻ കോളനി റോഡ്, ന്യൂ ഇൻഡ്യാ സിറാമിക്സ് വർക്കേഴ്സ് കോ-ഓപ്പറേറ്റീവ് സൊസൈറ്റി എന്നിവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 7 | ” | 18 | കോട്ടൂപ്പാടം കനാൽ നിർമ്മാണവുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 8 | ” | 19 | ഇരിങ്ങല്ലൂർ കയർ കോ-ഓപ്പറേറ്റീവ് സൊസൈറ്റിക്ക് ചകിരി അഴുകാൻ ടാങ്കുകൾ നിർമ്മിച്ചതുമായും കിഴവനകുറ്റിയിൽ തോട് പരിഷ്ക്കരണവുമായും ബന്ധപ്പെട്ട ഓഡിറ്റ് പരാമർശങ്ങൾ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നൽകിയ മറുപടികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 9 | ” | 20 | നെച്ചിക്കാട് കുളം സംരക്ഷണവുമായി ബന്ധപ്പെട്ട് കോഴിക്കോട് ബ്ലോക്ക് പഞ്ചായത്ത് ബി.ഡി.ഒ. നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 10 | ” | 22 | പ്രസ്തുത പരാമർശവുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 11 | ” | 24 | ഓഡിറ്റ് വകുപ്പിന്റെ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 12 | തദ്ദേശ സ്വയംഭരണം | 26 | ഓഡിറ്റ് പരാമർശവുമായി ബന്ധപ്പെട്ട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് ശിപാർശ ചെയ്യുന്നു. |
| 13 | ” | 28 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 14 | ” | 31 | ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശങ്ങൾ ഒഴിവാക്കുവാൻ സമിതി ശിപാർശ ചെയ്യുന്നു. |
| 15 | ” | 35 | ചെറുവണ്ണൂർ നല്ലളം ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ചിട്ടുള്ള പുറക്കാമല ടാങ്കിന്റെ നിർമ്മാണവുമായി ബന്ധപ്പെട്ട പ്രവൃത്തിയുടെ നിലവിലെ സ്ഥിതി, പ്രവൃത്തിക്കായി ചെലവാക്കിയ തുക, മുൻകൂർ നൽകിയ തുക ഇവ പരിശോധിച്ച് ഒരാഴ്ചയ്ക്കുള്ളിൽ സംസ്ഥാന ഓഡിറ്റ് വകുപ്പ് വഴി റിപ്പോർട്ട് ലഭ്യമാക്കുവാൻ കോഴിക്കോട് കോർപ്പറേഷൻ-ചെറുവണ്ണൂർ സോണൽ ഓഫീസറോട് സമിതി നിർദ്ദേശിക്കുന്നു. ബാലുശ്ശേരി പഞ്ചായത്തിലെ പഞ്ചായത്ത് കെട്ടിടം സ്റ്റേജ് നിർമ്മാണം ചന്ദനംകണ്ടി താഴെ കോളനി റോഡ് നിർമ്മാണം എന്നീ പ്രവൃത്തികൾ പൂർത്തീകരിച്ചിട്ടുണ്ടെന്ന് വ്യക്തമാക്കിയതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പരാമർശം ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 16 | ” | 36 | കോണങ്കോട്ടുമല ശുദ്ധജല വിതരണ പദ്ധതി പൂർത്തീകരിച്ചതിന്റെ വാല്യുവേഷൻ റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ഹാജരാക്കുന്ന മുറയ്ക്ക് പ്രസ്തുത പരാമർശം ഒഴിവാക്കാവുന്നതാണെന്ന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 17 | തദ്ദേശ സ്വയംഭരണം | 61 | ബേപ്പൂരിലെ മാത്തോട്ടം ശുദ്ധജലവിതരണ പദ്ധതി പൂർത്തീകരിച്ചതിനാലും ആയത് നിലവിൽ പ്രവർത്തനക്ഷമമാണെന്നതിനാലും പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 18 | ” | 62 | കൊടിയത്തൂർ ഗ്രാമപഞ്ചായത്തിലെ സാംസ്കാരിക നിലയത്തിന്റെയും മാവായിത്തോടിന്റെയും പ്രവൃത്തികൾ പൂർത്തീകരിച്ചതായി പഞ്ചായത്ത് അഡീഷണൽ ഡയറക്ടർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 19 | ” | 63 | കുന്ദമംഗലം ഗ്രാമപഞ്ചായത്തിലെ മുത്തേടത്ത് കുളം കിണർ പുനർനിർമ്മാണം പൂർത്തീകരിക്കുകയും ആയത് നിലവിൽ ഉപയോഗപ്രദമാക്കി യിട്ടുള്ളതായും സമിതി നിരീക്ഷിക്കുന്നു. എന്നാൽ ചൂലാം പൊയിൽ കിണർ പാറയായതിനാൽ പഞ്ചായത്ത് ഭരണ സമിതി തീരുമാനപ്രകാരം പ്രസ്തുത പ്രവൃത്തി പൂർത്തിയാക്കാതെ ഉപേക്ഷിച്ചു വെന്നും പ്രവൃത്തിയ്ക്കായി മുൻകൂർ നൽകിയ തുകയിൽ ശേഷിക്കുന്ന തുക തിരിച്ചുപിടിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലവിലുള്ള തെന്നുമുള്ള ഗ്രാമപഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത വിഷയം സംബന്ധിച്ച് ഗ്രാമപഞ്ചായത്ത് അധികൃതർ നിലവിൽ സർക്കാരിന് സമർപ്പിച്ചിരിക്കുന്ന റിപ്പോർട്ടിന്മേൽ ഉചിതമായ തീരുമാനമെടുത്ത് റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. അമ്പ്രമ്മൽ കോളനി റോഡ് പരിഷ്കരണം പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ഒരാഴ്ചക്കകം തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 20 | തദ്ദേശ സ്വയംഭരണം | 64 | അത്തോളി ഗ്രാമപഞ്ചായത്തിലെ 5 കുടിവെള്ള പദ്ധതികളും പൂർത്തീകരിച്ച് പ്രവർത്തനക്ഷമ മാക്കിയതിനാൽ ഇതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 21 | | 65 | പേരാമ്പ്ര ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയ മായ പ്രവൃത്തി പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ നാളിതുവരെയായി തദ്ദേശസ്വയംഭരണ വകുപ്പിൽ ഹാജരാക്കി യിട്ടില്ലെന്ന് സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത രേഖകൾ ഒരാഴ്ചയ്ക്കകം ഭരണ വകുപ്പിൽ ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 22 | ” | 66 | കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ ചീളിയാട് ലിഫ്റ്റ് ഇറിഗേഷൻ പദ്ധതി, കമ്പോസ്റ്റ് നിർമ്മാണം എന്നിവ സംബന്ധിച്ച് സർക്കാർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 23 | ” | 67 | നന്മണ്ട ഗ്രാമപഞ്ചായത്തിലെ പരാമർശ വിധേയമായ 4 കുടിവെള്ള പദ്ധതികളിൽ 3 പദ്ധതികൾ പൂർത്തീകരിച്ചിട്ടുണ്ടെന്നും പെരിയങ്ങോട്മല കുടിവെള്ള പദ്ധതി നിലവിലും പൂർത്തീകരിക്കുവാൻ സാധിച്ചിട്ടില്ലെന്നും പ്രസ്തുത പ്രവൃത്തിയുടെ കരാറുകാരനിൽ നിന്നും നഷ്ടത്തുക ഈടാക്കുന്നതിനായി ആർ.ആർ. നടപടികൾ സ്വീകരിച്ച് വരുന്നതായും സമിതി നിരീക്ഷിക്കുന്നു. |
| 24 | ” | 68 | പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച് ഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ നന്മണ്ട ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 25 | തദ്ദേശ സ്വയംഭരണം | 69 | താമരശ്ശേരി ഗ്രാമപഞ്ചായത്തിലെ ചുണ്ടക്കുന്ന് കുടിവെള്ള പദ്ധതിയുടെ പൂർത്തീകരണ രേഖകൾ ലഭിച്ചിട്ടുണ്ടെന്ന് ഭരണ വകുപ്പ് അധികൃതർ അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ പദ്ധതിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 26 | ” | 70 | ചക്കിട്ടപ്പാറ, ഉണ്ണിക്കുളം എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങളുമായി ബന്ധപ്പെട്ട് തദ്ദേശസ്വയം ഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ അവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 27 | ” | 71 | ചാത്തമംഗലം ഗ്രാമപഞ്ചായത്ത് മുഖേന ആരംഭിച്ച 22 കുടിവെള്ള പ്രവൃത്തികളിൽ 8 പ്രവൃത്തികൾ പൂർത്തീകരിച്ചതായി സമിതി നിരീക്ഷിക്കുന്നു. ശേഷിച്ച 14 പ്രവൃത്തികളും നിലവിൽ പൂർത്തീകരിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നതിനാൽ പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 28 | ” | 72 | കാവിലുമ്പാറ ഗ്രാമപഞ്ചായത്തിലെ ചാത്തൻകോട് നട പട്ടികവർഗ്ഗ കോളനിയിൽ പൊതുകിണർ നിർമ്മിക്കുന്നതിനായി വിഭാവനം ചെയ്തിരുന്ന പദ്ധതി, കിണർ കുഴിച്ച് കുറച്ച് ആഴമെത്തിയപ്പോൾ പാറ കണ്ടതിനാൽ ഉപേക്ഷിക്കുകയാണുണ്ടായതെന്നും മലയോര മേഖലയായതിനാൽ പ്രസ്തുത കോളനിയിൽ കിണർ കുഴിക്കുവാൻ കഴിയാത്ത സാഹചര്യമാണ് നിലനിൽക്കുന്നതെന്നും സമിതി നിരീക്ഷിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| | തദ്ദേശ സ്വയംഭരണം | | പ്രസ്തുത വിഷയം സംബന്ധിച്ച് അന്വേഷണം നടത്തി വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി തദ്ദേശസ്വയംഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 29 | ” | 73 | വട്ടിപ്പന കമ്മ്യൂണിറ്റി ഇറിഗേഷൻ പദ്ധതിയുമായി ബന്ധപ്പെട്ട് കുളം കുഴിച്ചിരുന്നുവെങ്കിലും അവിടെനിന്നും 200 മീറ്റർ താഴെയായി ഒരു സ്വകാര്യ വ്യക്തി കിണർ നിർമ്മിച്ചതിനാൽ കുളത്തിലുണ്ടായിരുന്ന വെള്ളം മുഴുവൻ കിണറിലേക്ക് പോവുകയും, കുളം വറ്റിപ്പോവുകയും ചെയ്തതിനാൽ പദ്ധതി ലക്ഷ്യം കൈവരിക്കുവാൻ സാധിച്ചില്ലെന്നും നിലവിൽ ആ പ്രദേശത്തെ ജനങ്ങൾ അവിടെനിന്നും പൂർണ്ണമായും ഒഴിഞ്ഞുപോയിരിക്കുകയാണെന്നും സമിതി നിരീക്ഷിക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് പ്രശ്നബാധിതരായവർ പഞ്ചായത്തിന് പരാതി സമർപ്പിച്ചിരുന്നോയെന്നും, എങ്കിൽ പഞ്ചായത്ത് അതിന്മേൽ സ്വീകരിച്ച നടപടി സംബന്ധിച്ചും അന്വേഷിച്ച് ഒരാഴ്ചയ്ക്കകം വിശദമായ റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി പഞ്ചായത്ത് സെക്രട്ടറിയോട് നിർദ്ദേശിക്കുന്നു. |
| 30 | ” | 74 | ചെറുവണ്ണൂർ ഗ്രാമപഞ്ചായത്തിലെ മുയിപ്പോത്ത് അഴുക്കുചാൽ സ്ലാബിട്ട് മൂടൽ പദ്ധതി സംബന്ധിച്ച പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ തദ്ദേശസ്വയംഭരണ വകുപ്പിൽ ലഭ്യമായിട്ടുണ്ടെന്ന് അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ അതുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 31 | ” | 75 | വാഴോറമല എസ്.സി. കോളനി ശുദ്ധജല പദ്ധതി, ബാക്ടീരിയോളജിക്കൽ ലാബ് സ്ഥാപിക്കൽ എന്നിവ പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചിരിക്കുന്നതിന്റെ അടിസ്ഥാന ത്തിൽ പ്രസ്തുത പദ്ധതികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 32 | തദ്ദേശ സ്വയംഭരണം | 76 | കിഴക്കോത്ത് പനങ്ങാട്, നൊച്ചാട്, കൊടിയത്തൂർ എന്നീ പഞ്ചായത്തുകളിൽ അങ്കണവാടി കെട്ടിട നിർമ്മാണം പൂർത്തീകരിച്ചു വെങ്കിലും വിനിയോഗ സാക്ഷ്യപത്രം നാളിതുവരെ ഓഡിറ്റ് വകുപ്പിന് ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 33 | ” | 77 | ഭവന നിർമ്മാണ പദ്ധതി പൂർത്തീകരിച്ചുവെങ്കിലും ബ്ലോക്ക് പഞ്ചായത്തുകളിൽനിന്നുള്ള യൂട്ടിലൈസേഷൻ സർട്ടിഫിക്കറ്റ് നാളിതുവരെ ലഭ്യമായിട്ടില്ലെന്നും അതിനായി എ.ഡി.സി.യെ ചുമതലപ്പെടുത്തിയിട്ടുണ്ടെന്നുമുള്ള ജില്ലാ പഞ്ചായത്ത് സെക്രട്ടറിയുടെ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത രേഖകൾ അടിയന്തരമായി ജില്ലാ പഞ്ചായത്തിൽ ലഭ്യമാക്കുന്നതിനുവേണ്ട ത്വരിത നടപടികൾ കൈക്കൊള്ളണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 34 | ” | 78 | തലക്കുളത്തൂർ ഗ്രാമപഞ്ചായത്തിലെ വ്യവസായ എസ്റ്റേറ്റിൽ ട്രാൻസ്ഫോർമർ സ്ഥാപിച്ചിട്ടുണ്ടെങ്കിലും വിനിയോഗ സാക്ഷ്യപത്രം തദ്ദേശസ്വയംഭരണ വകുപ്പിൽ ഹാജരാക്കിയിട്ടില്ലാത്തതിനാൽ പ്രസ്തുത രേഖകൾ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ഹാജരാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 35 | ” | 79 | പരാമർശവിധേയമായ 11 എസ്.ജി.ആർ.വൈ. പ്രവൃത്തികളിൽ മിക്കവയും പൂർത്തീകരിച്ചതായി ജില്ലാ പഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും പൂർത്തീകരണ രേഖകളൊന്നും ജില്ലാ പഞ്ചായത്തിൽ ലഭ്യമല്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത പ്രവൃത്തികളുടെ പൂർത്തീകരണ രേഖകൾ അടിയന്തരമായി തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 36 | തദ്ദേശ സ്വയംഭരണം | 93 | മുക്കം, മുടാടി, ഉള്ള്യേരി, കൊടിയത്തൂർ, കുന്ദമംഗലം, അത്തോളി, താമരശ്ശേരി, പെരുമണ്ണ, ചെറുവണ്ണൂർ, നല്ലളം, അഴിയൂർ, തിക്കോടി എന്നീ ഗ്രാമപഞ്ചായത്തുകളെ സംബന്ധിച്ച ഓഡിറ്റ് പരാമർശങ്ങൾക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ അവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 37 | ” | 94 | ബേപ്പൂരിലെ ഇൻഡസ്ട്രിയൽ എസ്റ്റേറ്റ് റോഡ് ടാറിംഗിനായി അധികം നൽകിയ തുക (പ്രവൃത്തി നടന്ന കാലയളവിലെ അസിസ്റ്റന്റ് എഞ്ചിനീയറായിരുന്ന ശ്രീ. ജേക്കബ് സെബാസ്റ്റ്യനിൽ നിന്നും) അടിയന്തരമായി ഈടാക്കി ആയത് സംബന്ധിച്ച റിപ്പോർട്ട് സംസ്ഥാന ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 38 | ” | 95 | മണ്ണ് ഫില്ലിംഗ് പ്രവൃത്തികളിൽ കൺസോളിഡേഷൻ നടത്താതിരുന്നതുമൂലം അധികം ചെലവായ തുക ഈടാക്കുന്നതിനായി ടിയാനെതിരെ തുടർനടപടികളൊന്നും സ്വീകരിച്ചിട്ടില്ലെന്ന് നിരീക്ഷിച്ച സമിതി കോഴിക്കോട് കോർപ്പറേഷൻ (ബേപ്പൂർ സോണൽ) അധികൃതരുടെ ഭാഗത്തുനിന്നുണ്ടായ നിരുത്തരവാദപരമായ സമീപനത്തിൽ കടുത്ത അതൃപ്തി രേഖപ്പെടുത്തുന്നതോടൊപ്പം നഷ്ടത്തുക തിരിച്ച് ഈടാക്കുന്നതിനായി സ്വീകരിച്ച നടപടികൾ ഒരാഴ്ചയ്ക്കുള്ളിൽ സമിതിയെ അറിയിക്കണമെന്നും പ്രസ്തുത വിഷയം സംബന്ധിച്ച് വകുപ്പ് തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കണമെന്നും നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 39 | തദ്ദേശ സ്വയംഭരണം | 96 | ബേപ്പൂർ സോണുമായി ബന്ധപ്പെട്ട ശേഷിക്കുന്ന പ്രവൃത്തികളായ ഓടകളിലെ മണ്ണ് നീക്കൽ, തട്ടാടത്ത് കാവ് കണ്ടത്ത് പറമ്പ് റോഡ് ടാറിംഗ്, മാത്തോട്ടം പുലാമറ്റം വയൽ റോഡ് പരിഷ്കരണം, ചെമ്പകചോല ഫുട്പാത്ത് നിർമ്മാണം എന്നിവയെ സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടികളുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തികളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 40 | ” | 97 | എലത്തൂരിലെ എസ്.കെ. ബസാർ - സുബ്രഹ്മണ്യം റോഡ് ടാറിംഗ് പ്രവൃത്തിയുമായി ബന്ധപ്പെട്ട് അധികം നൽകിയ തുക ബന്ധപ്പെട്ട ഉദ്യോഗസ്ഥരിൽ നിന്നും അടിയന്തരമായി ഈടാക്കി ആയത് സംബന്ധിച്ച് റിപ്പോർട്ട് ഓഡിറ്റ് വകുപ്പിന് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 41 | ” | 98 | കായക്കൊടി ഗ്രാമപഞ്ചായത്തിലെ എം.എൽ.എ. റോഡ് മുതൽ ചേറ്റുവയൽ റോഡ് വരെയുള്ള റോഡ് ടാറിംഗ് പ്രവൃത്തിയ്ക്കായി അധികം നൽകിയ 7,770 രൂപ പ്രസ്തുത പ്രവൃത്തിയുടെ ടെക്നിക്കൽ അഡ്വൈസറി ഗ്രൂപ്പിൽ നിന്നും ഈടാക്കുന്നതിനുള്ള അടിയന്തര നടപടികൾ സ്വീകരിക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. ഹരിജൻ കോളനി റോഡ് ടാറിംഗുമായി ബന്ധപ്പെട്ട് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത പ്രവൃത്തിയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 42 | തദ്ദേശ സ്വയംഭരണം | 99 | കോഴിക്കോട് ജില്ലാ പഞ്ചായത്തിനെ സംബന്ധിച്ച കോരപ്പുഴയുടെ തീരസംരക്ഷണം, ഈങ്ങോറ ച്ചാലിൽ ജലസേചന പദ്ധതി എന്നിവയ്ക്ക് തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടി അംഗീകരിക്കുന്നതോടൊപ്പം അവയുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. വടക്കുതല ജലസേചന പദ്ധതിയുമായി ബന്ധപ്പെട്ട ഗുണഭോക്തൃ സമിതി പ്രവൃത്തിയ്ക്ക് അധികം നൽകിയ 10% തുകയ്ക്ക് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങി റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |
| 43 | ” | 101 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 44 | ” | 103 | ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 45 | ” | 105 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് തദ്ദേശസ്വയം ഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 46 | ” | 107 | സർക്കാർ നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 47 | തദ്ദേശ സ്വയംഭരണം | 109 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 48 | “ | 111 | ഓഡിറ്റ് പരാമർശം സംബന്ധിച്ച ജില്ലാ പഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റേയും തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റേയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 49 | ” | 113 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 50 | ” | 115 | പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 51 | ” | 117 | കമ്പ്യൂട്ടർ പരിശീലനം വിജയകരമായി പൂർത്തീകരിച്ചതായും ആയത് സംബന്ധിച്ച സർട്ടിഫിക്കറ്റ് വിതരണം ചെയ്യുകയും തുടർന്ന് ഭരണ വകുപ്പിന് ഇതിന്മേൽ റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതായും പ്രസ്തുത റിപ്പോർട്ട് പരിശോധിച്ച് ബോധ്യപ്പെട്ടതായി തദ്ദേശസ്വയം ഭരണ വകുപ്പ് സമിതിയെ അറിയിച്ചതിന്റെയും അടിസ്ഥാനത്തിൽ ടി വിഷയം സംബന്ധിച്ച ഓഡിറ്റ് പരാമർശം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 52 | ” | 119 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 53 | ” | 121 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 54 | തദ്ദേശ സ്വയംഭരണം | 123 | ബാരൽ നഷ്ടപ്പെട്ടതുമായി ബന്ധപ്പെട്ട് 53,240 രൂപ നഷ്ടോത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നും ഈടാക്കുന്നതിനായി സ്വീകരിച്ച നടപടി സംബന്ധിച്ച വിശദാംശങ്ങൾ എൽ.എസ്.ജി.ഡി. ഡയറക്ടർക്ക് പഞ്ചായത്ത് അധികൃതർ ലഭ്യമാക്കിയിട്ടുള്ളതായി സമിതി മനസ്സിലാക്കുന്നു. പ്രസ്തുത വിഷയം സംബന്ധിച്ച് സർക്കാർ തലത്തിൽ പരിശോധിച്ച് റിപ്പോർട്ട് ലഭ്യമാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 55 | ” | 126 | പരാമർശവിധേയമായ പാലാറ്റിപ്പാടം - മങ്കുഴി ജലവിതരണ പദ്ധതി പൂർത്തീകരിക്കാത്തതിന്റെ പേരിൽ എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുന്നതിന് പഞ്ചായത്ത് ഭരണസമിതി എടുത്ത തീരുമാനത്തിന്റെ സാധൂകരണത്തിനായി സർക്കാരിലേയ്ക്ക് അപേക്ഷ സമർപ്പിച്ചിട്ടുണ്ടെന്ന് ഗ്രാമപഞ്ചായത്ത് സെക്രട്ടറി അറിയിച്ചുവെങ്കിലും സമിതിയ്ക്ക് ലഭ്യമാക്കിയ രേഖകളിൽ ആയത് സംബന്ധിച്ച് യാതൊന്നും സൂചിപ്പിച്ചിട്ടില്ലെന്നും പദ്ധതി നിലവിലും പ്രവർത്തനക്ഷമമല്ലെന്നും സമിതി നിരീക്ഷിക്കുന്നു. മാത്രവുമല്ല പ്രവർത്തനക്ഷമമല്ലാത്ത കുടിവെള്ള പദ്ധതി പ്രകാരം 575 കുടുംബങ്ങൾക്ക് കുടിവെള്ളം ലഭ്യമാക്കിയതായി കാണിച്ചുകൊണ്ട് പഞ്ചായത്ത് അധികൃതർ അവ്യക്തമായ റിപ്പോർട്ട് സമർപ്പിച്ചതിൽ സമിതി അതൃപ്തി രേഖപ്പെടുത്തുന്നു. |
| 56 | ” | 127 | തെളിവെടുപ്പിനായി ഉദ്യോഗസ്ഥർ സമിതി മുമ്പാകെ ഹാജരാകുമ്പോൾ ഓഡിറ്റ് പരാമർശം സംബന്ധിച്ച വിശദാംശങ്ങൾ പഠിച്ചുവേണം ഹാജരാകേണ്ടതെന്ന കർശന നിർദ്ദേശം നൽകുന്നതോടൊപ്പം പ്രസ്തുത വിഷയം സംബന്ധിച്ച് തദ്ദേശസ്വയംഭരണ വകുപ്പ് നേരിട്ട് അന്വേഷണം നടത്തി ഒരു മാസത്തിനകം റിപ്പോർട്ട് സമർപ്പിക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 57 | തദ്ദേശ സ്വയംഭരണം | 129 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 58 | ” | 131 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 59 | ” | 133 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 60 | ” | 137 | വില്യാപ്പള്ളി ഗ്രാമപഞ്ചായത്തിൽ വനിതാ വ്യവസായ കേന്ദ്രത്തിനുവേണ്ടി നിർമ്മിച്ചു കൊണ്ടിരുന്ന കെട്ടിടം തകർന്ന് വീണതുമായി ബന്ധപ്പെട്ട് പ്രസ്തുത കാലയളവിലെ പഞ്ചായത്ത് പ്രസിഡന്റ്, സെക്രട്ടറി, എഞ്ചിനീയർ എന്നിവർ ക്കെതിരെ നടപടി സ്വീകരിച്ചിരുന്നുവെങ്കിലും ഇവർ ഭരണ വകുപ്പിൽ നൽകിയ അപേക്ഷയുടെ അടിസ്ഥാനത്തിൽ അവരെ ഒഴിവാക്കുകയും പകരം പ്രവൃത്തിയുടെ കൺവീനർക്കെതിരെ ആർ. ആർ. നടപടികൾ ആരംഭിക്കുകയും ചെയ്തുവെന്നും തുടർന്ന് റിക്കവറി ചെയ്യാൻ മറ്റ് സ്വത്തുകൾ ഇല്ലാത്തതിനാലും പ്രായാധിക്യം പരിഗണിച്ചും ടിയാനെ പിന്നീട് ഒഴിവാക്കിയെന്നും ടിയാൻ നിലവിൽ മരണപ്പെട്ടുവെന്നും സമിതി നിരീക്ഷിക്കുന്നു. |
| 61 | തദ്ദേശ സ്വയംഭരണം | 138 | തകർന്നുവീണ കെട്ടിടത്തിന്റെ എസ്റ്റിമേറ്റ് എടുക്കുകയും വാല്യുവേഷൻ നടത്തുകയും ചെയ്ത എഞ്ചിനീയർക്കെതിരെ നടപടി സ്വീകരിക്കുവാൻ പഞ്ചായത്ത് അധികൃതർ ആവശ്യപ്പെട്ടിട്ടും ടിയാനെതിരെ യാതൊരു നടപടിയും |

| (1) | (2) | (3) | (4) |
|---|---|---|---|
| | തദ്ദേശ സ്വയംഭരണം | | സ്വീകരിച്ചിട്ടില്ലെന്ന് സമിതി മനസ്സിലാക്കുന്നു. പ്രസ്തുത ഓഡിറ്റ് പരാമർശത്തിന്റെ ബാദ്ധ്യതയിൽനിന്നും എഞ്ചിനീയറെ ഒഴിവാക്കിയ നടപടി സമിതി അംഗീകരിക്കുന്നില്ല. തകർന്നുവീണ കെട്ടിടത്തിന്റെ നിർമ്മാണ പ്രവൃത്തിയിൽ ഉൾപ്പെട്ടിരുന്ന എഞ്ചിനീയറിംഗ് വകുപ്പ് ഉദ്യോഗസ്ഥരെ പിന്നീട് പ്രവൃത്തി നടത്തിയതിന്റെ ഉത്തരവാദിത്വത്തിൽ നിന്ന് ഒഴിവാക്കിയത് എന്ത് കാരണത്താലാണ് എന്നത് സംബന്ധിച്ച് അന്വേഷിച്ച് ഒരു മാസത്തിനകം റിപ്പോർട്ട് ലഭ്യമാക്കണമെന്ന് സമിതി ഭരണ വകുപ്പിനോട് നിർദ്ദേശിക്കുന്നു. |
| 62 | ” | 141 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് ചേളന്നൂർ ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെയും, തദ്ദേശസ്വയംഭരണ വകുപ്പിന് ലഭ്യമാക്കിയ റിപ്പോർട്ടിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 63 | ” | 145 | സർക്കാർ ഉത്തരവ് പ്രകാരം ഗ്രാമപഞ്ചായത്തിന് അസാധാരണ ചെലവ് നടത്തുന്നതിന് വിനിയോഗിക്കുന്നതിനായി അനുവദിച്ചിട്ടുള്ള നിശ്ചിത പരിധിയ്ക്ക് വിരുദ്ധമായി ഈയിനത്തിൽ 2,19,908 രൂപ ചെലവഴിച്ച മുക്കം ഗ്രാമപഞ്ചായത്ത് അധികൃതരുടെ നടപടിയെ സമിതി അതീവ ഗൗരവത്തോടെ വീക്ഷിക്കുന്നു. അസാധാരണ ചെലവുകൾക്കായി വിനിയോഗിച്ച അധികം തുകയ്ക്ക് മതിയായ രേഖകൾ സമർപ്പിച്ച് സർക്കാരിൽ നിന്നും സാധൂകരണം വാങ്ങണമെന്നും ആയത് സംബന്ധിച്ച് ഒരു മാസത്തിനുള്ളിൽ റിപ്പോർട്ട് ലഭ്യമാക്കണമെന്നും സമിതി നിർദ്ദേശിക്കുന്നു. |

| (1) | (2) | (3) | (4) |
|---|---|---|---|
| 64 | തദ്ദേശ സ്വയംഭരണം | 147 | തദ്ദേശസ്വയംഭരണ വകുപ്പ് ലഭ്യമാക്കിയ മറുപടിയുടെയും നഗരസഭാ സെക്രട്ടറി സമിതി മുമ്പാകെ നൽകിയ വിശദീകരണത്തിന്റെയും അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് പരാമർശം സംബന്ധിച്ച തുടർനടപടികൾ ഒഴിവാക്കുവാൻ സമിതി നിർദ്ദേശിക്കുന്നു. |
| 65 | ” | 152 | ഭരണ വകുപ്പ് അധികൃതരും ജില്ലാ പഞ്ചായത്ത് സെക്രട്ടറിയും നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കോഴിക്കോട് ജില്ലാ പഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 66 | ” | 153 | നടുവണ്ണൂർ ഗ്രാമപഞ്ചായത്ത് അനെർട്ടിൽ നിക്ഷേപിച്ച തുകയ്ക്ക് വിനിയോഗ സാക്ഷ്യപത്രം ലഭിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 67 | ” | 154 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും നൽകിയ മറുപടിയുടെ അടിസ്ഥാനത്തിൽ നൊച്ചാട്, ചക്കിട്ടപ്പാറ എന്നീ ഗ്രാമപഞ്ചായത്തുകളുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സങ്ങൾ ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 68 | ” | 163 | തേനങ്ങാപറമ്പ് ജലസേചന പദ്ധതി കുടിവെള്ള പദ്ധതിയായി ഉപയോഗപ്പെടുത്തി വരുന്നതിനാലും കൃഷി ഇൻഫർമേഷൻ സെന്റർ, വൃദ്ധസദനം, ശിശുമന്ദിരം എന്നിവയ്ക്കായി നിർമ്മിച്ച കെട്ടിടങ്ങൾ മറ്റ് പദ്ധതികൾക്കായി കാര്യക്ഷമമായി ഉപയോഗിച്ച് വരുന്നതിനാലും കൊടിയത്തൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 69 | ” | 164 | മടവൂർ ഗ്രാമപഞ്ചായത്തിന്റെ ഉടമസ്ഥതയിൽ നിന്നും അന്യാധീനപ്പെട്ടു പോയ ഭൂമി തിരിച്ച് പിടിക്കുന്നതിനുള്ള സർവ്വേ നടപടികൾ പൂർത്തീകരിച്ചതായി ഗ്രാമപഞ്ചായത്ത് സെക്രട്ടറി |

| (1) | (2) | (3) | (4) |
|---|---|---|---|
| | തദ്ദേശ സ്വയംഭരണം | | അറിയിച്ചതിന്റെ അടിസ്ഥാനത്തിൽ ആയത് സംബന്ധിച്ച റിപ്പോർട്ട് ഭരണവകുപ്പ് മുഖേന സമിതിയ്ക്ക് ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 70 | ” | 165 | തദ്ദേശസ്വയംഭരണ വകുപ്പ് സമർപ്പിച്ച റിപ്പോർട്ടിന്റെ അടിസ്ഥാനത്തിൽ കോട്ടൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 71 | ” | 166 | ഗ്രാമപഞ്ചായത്ത് സെക്രട്ടറി നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിൽ കാക്കൂർ ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 72 | ” | 171 | മുക്കം ഗ്രാമപഞ്ചായത്തിലെ പരാമർശവിധേയമായ 2 ബയോഗ്യാസ് പ്ലാന്റുകളും പ്രവർത്തനക്ഷമ മാക്കുന്നതിനുള്ള അടിയന്തര നടപടി സ്വീകരിച്ച് ആയത് സംബന്ധിച്ച റിപ്പോർട്ട് തദ്ദേശസ്വയം ഭരണ വകുപ്പ് മുഖേന ലഭ്യമാക്കണമെന്ന് സമിതി നിർദ്ദേശിക്കുന്നു. |
| 73 | ” | 172 | ഓഡിറ്റ് പരാമർശം സംബന്ധിച്ച് പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ നൽകിയ വിശദീകരണത്തിന്റെ അടിസ്ഥാനത്തിലും തദ്ദേശസ്വയംഭരണ വകുപ്പിന് പഞ്ചായത്ത് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ടെന്നും സമിതിയെ അറിയിച്ചതിനാലും കടലുണ്ടി ഗ്രാമപഞ്ചായത്തുമായി ബന്ധപ്പെട്ട ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |
| 74 | ” | 174 | തദ്ദേശസ്വയംഭരണ വകുപ്പും ഓഡിറ്റ് വകുപ്പും ലഭ്യമാക്കിയ മറുപടിയുടെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി ശിപാർശ ചെയ്യുന്നു. |
| 75 | ” | 181 | വികസന ഫണ്ട് ബാങ്കിൽ നിക്ഷേപിക്കുന്നത് ക്രമരഹിതമാണെങ്കിലും ഫണ്ട് പൂർണ്ണമായും വിനിയോഗിച്ചതിന്റെ അടിസ്ഥാനത്തിൽ പ്രസ്തുത ഓഡിറ്റ് തടസ്സം ഒഴിവാക്കുന്നതിന് സമിതി നിർദ്ദേശിക്കുന്നു. |